# അഴൂർ ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ-96




9-ാം പദ്ധതി ജനകീയ പദ്ധതി

KILA
004200

ജനകീയാസൂത്രണ പ്രസ്ഥാനം

ഗ്രാമപഞ്ചായത്ത്

# വികസന രേഖകൾ

വാല്യം 11

ബ്ലോക്ക് : ചിറയിൻകീഴ്

ജില്ല : തിരുവനന്തപുരം



രാജരാജേശ്വരിക്ഷേത്രം പെരുങ്ങുഴി



പെരുങ്ങുഴി മുസ്ലീംപള്ളി

# അധികാരം ജനങ്ങളിലേയ്ക്ക്
# 9-ാം പദ്ധതി ജനകീയ പദ്ധതി



'സ്വാതന്ത്ര്യം അടിത്തട്ടിൽ നിന്നാരംഭിക്കണം.
അങ്ങനെ ഓരോഗ്രാമവും
പൂർണ്ണമായ അധികാരങ്ങളുള്ള ഒരു റിപ്പബ്ലിക്കോ
പഞ്ചായത്തോ ആകും.
എന്റെ സങ്കൽപ്പത്തിലുള്ള ഗ്രാമസ്വരാജ്
മുഖ്യാവശ്യങ്ങൾക്ക് വേണ്ടി
അയൽക്കാരെ ആശ്രയിക്കേണ്ട ആവശ്യമില്ലാത്തതും
ആശ്രയമൊരു ആവശ്യമായി തീർന്നാൽ
മാത്രം മറ്റുള്ളവരുമായി പരസ്പര
സഹായത്തിലേർപ്പെടുന്നതുമായ
ഒരു പൂർണ്ണ റിപ്പബ്ലിക്കാണ്.'



**ജനകീയ ആസൂത്രണത്തിന്റെ ജനനായകൻ**

ഇ. എം. എസ്. നമ്പൂതിരിപ്പാട്

# എഡിറ്റോറിയൽ ബോർഡ്



സുധീർരാജ്
എഡിറ്റർ



സജീവ്
സബ് എഡിറ്റർ



B.S സജിതൻ



K.S. അനിൽ കുമാർ



B. രവി



R. വേണുനാഥ്



J. സുരേഷ് ബാബു



S. സുധാകരൻ



A. നജീബ്

# അഴൂർ ഗ്രാമപഞ്ചായത്ത് മാപ്പ്





V. ജോയി



B. ജയപ്രകാശ്



C. സദനരാജൻ



M. ദേവരാജൻ



A. ഗോപാലകൃഷ്ണൻ ചെട്ടിയാർ

# ഉള്ളടക്കം


| | പേജ് |
|---|---|
| ആമുഖം | 15 |
| പൊതുവിവരണം | 18 |
| സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം | 22 |
| ഭൂപ്രകൃതിയും വിഭവങ്ങളും | 24 |
| കൃഷിയും ജലസേചനവും | 33 |
| മൃഗസംരക്ഷണവും മത്സ്യബന്ധനവും | 43 |
| വിദ്യാഭ്യാസം | 46 |
| കുടിവെള്ളവും പൊതുജനാരോഗ്യവും | 55 |
| വ്യവസായം | 59 |
| ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 67 |
| പാർപ്പിടവും സാമൂഹ്യക്ഷേമവും | 84 |
| സംസ്കാരം | 90 |
| വനിതാക്ഷേമം | 96 |
| സഹകരണമേഖല | 99 |
| പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 101 |
| വിഭവസമാഹരണം | 104 |

# സ്ഥിതിവിവരകണക്കുശേഖരണവും ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീകരണവും നടത്തിയ കോർഗ്രൂപ്പ്

ശ്രീ. എൻ. ബി. ഉണ്ണിത്താൻ

ശ്രീ. ഷാഹുൽ ഹമീദ്

ശ്രീ. പി. കെ. സെയ്ദ്മുഹമ്മദ്

ശ്രീ. എസ്. പ്രസന്നൻ

ശ്രീ. എസ്. സുരേന്ദ്രൻ

ശ്രീ. എം. എം. താബിത്ത്

ശ്രീ. സദാശിവൻ

ശ്രീ. കെ. ദേവരാജൻ

ശ്രീമതി ഓമന

ശ്രീമതി ശാന്തമ്മ

ശ്രീമതി സുലോചന

ശ്രീമതി ചന്ദ്രിക

ശ്രീമതി രമണി

ശ്രീമതി തുളസീഭായി

ശ്രീമതി പ്രസന്നകുമാരി

ശ്രീമതി ചിത്രവതി

ശ്രീമതി നഫീസ

ശ്രീമതി ഓമന

ശ്രീമതി അജിത

ശ്രീമതി ആബിദ

ശ്രീമതി ബിന്ദു

ശ്രീമതി എൽ. ബിന്ദു



ബഹുമാന്യരെ,

ഭാരതം സ്വതന്ത്രയായി നാലുദശകങ്ങൾ പിന്നിട്ടതിന് ശേഷമാണ് നമ്മുടെ ഭരണകർത്താക്കൾ അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് ഗൗരവമായി ചിന്തിച്ചുതുടങ്ങിയത്. ഭരണഘടനാഭേദഗതിയിലൂടെ നാമത് സാധിച്ചുവെങ്കിലും കേരളസർക്കാരിന്റെ ജനകീയ ആസൂത്രണപ്രസ്ഥാനം ഈ വഴിക്കുള്ള വിപ്ലവകരമായ ഒരു പുതിയ കാൽവെയ്പാണ്. സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരെ വിസ്മരിച്ചും വിഗണിച്ചും ജനപങ്കാളിത്തമില്ലാതെ നടത്തുന്ന വികസന പദ്ധതികൾ വിജയിക്കുകയില്ലെന്ന അനുഭവപാഠം നമ്മുടെ മുന്നിലുണ്ട്.

അഴൂരിൽ ഗ്രാമോദ്ധാരണകേന്ദ്രം 1948 ൽ സ്ഥാപിക്കുകയും തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി 1953ൽ നിലവിൽവരുകയും ചെയ്തു. കഴിഞ്ഞ 43 വർഷത്തെ നമ്മുടെ പ്രവർത്തനഫലമായി പഞ്ചായത്ത് പ്രദേശത്ത് ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ ഗ്രാമവാസികളുടെ ആഗ്രഹത്തിനൊത്ത് വികസനപ്രവർത്തനങ്ങൾ നടന്നിട്ടില്ലായെന്ന് കാണാം.

നമ്മുടെ ഗ്രാമത്തിന്റെ ചരിത്രവും വിവിധ മേഖലകളിലുള്ള പ്രശ്നങ്ങളും സാധ്യതകളും സമഗ്രമായി ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പൂർണ്ണമെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളുംകൊണ്ട് ഈവികസനറിപ്പോർട്ട് സംപുഷ്ടമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സസ്നേഹം,

വി. ജോയി

പ്രസിഡന്റ്, അഴൂർഗ്രാമപഞ്ചായത്ത്.

സ്ഥലം: പെരുങ്ങുഴി

തീയതി: 27.11.1996

# മുൻ പ്രസിഡന്റുമാർ



**P.G. കുഞ്ഞൻ** [1948-1953]
(ഗ്രാമോദ്ധാരണ കേന്ദ്രം പ്രസിഡന്റ്)



**കൃഷ്ണൻ** [1953-1957]
(തെരെഞ്ഞെടുക്കപ്പെട്ട ആദ്യ പ്രസിഡന്റ്)



**M.M. ഇസ്മയിൽ**
[1957-1962]

**P. കുട്ടപ്പൻ**
[1963-1965]

**A. ഷംസുദ്ദീൻ**
[18.7.1965.-17.10.1965]
(പ്രസിഡന്റ് ഇൻ ചാർജ്ജ്)



**S. വിശ്വനാഥൻ**
1965-1977-1978-1979



**P. ചെല്ലപ്പൻ**
[1977-1978] (ഇൻചാർജ്ജ്)



**B. ജയപ്രകാശ്**
[1979-1984-1988-1995]

## പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



V. ജോയി
പ്രസിഡന്റ്



M. സൈഫ
വൈസ് പ്രസിഡന്റ്



M. ദേവരാജൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



B. മനോഹരൻ



G. തുളസീദാസ്



അഴൂർ വിജയൻ



മധു



ദിലീപ് കുമാർ



M.K. കുമാരി



സുമതി തങ്കപ്പൻ



ഭാനുമതി



അഴൂർ ഗ്രാമപഞ്ചായത്ത് ആദ്യ ഗ്രാമസഭയുടെ ഉത്ഘാടനം
*A.* സമ്പത്ത് *M.P.* നിർവഹിക്കുന്നു.



പഞ്ചായത്ത് സമിതി യോഗം

# I ആമുഖം

| | | |
|---|---|---|
| പേര് | : | അഴൂർ ഗ്രാമപഞ്ചായത്ത് |
| വില്ലേജ് | : | അഴൂർ |
| ബ്ലോക്ക് | : | ചിറയിൻകീഴ് |
| പ്രസിഡന്റ് | : | വി. ജോയി |
| വൈ: പ്രസിഡന്റ് | : | എം. സൈഫ |

ഭാരതത്തിന്റെ ദേശീയ പ്രസ്ഥാനം സ്വരാജിനുവേണ്ടി മാത്രമായിരുന്നില്ല. ഗ്രാമ സ്വരാജിന് വേണ്ടിയുള്ളതുകൂടിയായിരുന്നു. എന്നാൽ പഞ്ചായത്തീരാജ് ഭരണഘടനയുടെ ദിർദ്ദേശകതത്വങ്ങളിൽ ഉൾപ്പെടുത്തുകവഴി നാം വിഭാവനചെയ്ത ഗ്രാമസ്വരാജ് ഫലപ്രാപ്തിയിൽ എത്തിയില്ല.

വികസനമെന്നാൽ ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യപ്രക്രിയയാണെന്നു പറയാം. ഇതിനു കഴിയണമെങ്കിൽ ഭൗതിക ജീവിതത്തിന്റെ ഉപാധികളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയവ വർദ്ധമാനമായ തോതിൽ ലഭ്യമാക്കണം. അഥവാ കാർഷിക വ്യവസായിക മേഖലകളുടെ ഉൽപ്പാദനത്തിന്റേയുംസേവനങ്ങളുടേയും ദ്രുത ഗതിയിലുള്ള വർദ്ധന വികസനത്തിന് ഒരു മുൻ ഉപാധിയായി തീരും. എന്നാൽ സാമ്പത്തിക വളർച്ച ഒരു ന്യൂന പക്ഷത്തിന്റെ ധനികവൽക്കരണത്തിലേക്ക് നയിച്ചാൽ പോരാ. സാമ്പത്തിക വളർച്ചയുടെ നേട്ടങ്ങൾ ജനങ്ങൾക്കുകൂടി ലഭ്യമാക്കണം. സമ്പത്തിന്റെ ഉൽപ്പാദനം മാത്രമല്ല നീതിപൂർവ്വകമായ വിതരണം കൂടി വികസനത്തിന് അനുപേക്ഷണീയമാണ്. കൂടാതെ ഈ വികസനം സ്ഥായി കൂടിയായിരിക്കണം. സാമ്പത്തിക വളർച്ച ഇന്നു കൈവരിച്ചാൽ മാത്രം പോരാ നാളേയും നിലനിൽക്കുമെന്ന് ഉറപ്പുവരുത്താൻ കഴിയണം. ചുരുക്കത്തിൽ വികസനമെന്നാൽ സ്ഥായിയും നീതിപൂർവ്വകവുമായ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയാണ്.

കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങൾ നമ്മെ പുനർചിന്തനത്തിന് നിർബന്ധിതമാക്കിയിരിക്കുന്നു. എട്ട് പഞ്ചവൽസര പദ്ധതികൾ പിന്നിടുമ്പോൾ നാം ശരാശരി ഇന്ത്യക്കാരിൽ നിന്നും പിന്നോക്കമായിരിക്കുന്നു.

"കേരളമോഡൽ" എന്ന് കൊട്ടിഘോഷിക്കപ്പെട്ട വികസനമാതൃകയിൽ ഉൽപ്പാദനമേഖലയ്ക്ക്മുൻതൂക്കം നൽകിയില്ല എന്നത് അക്ഷന്തവ്യമായ തെറ്റായി പരിണമിച്ചിരിക്കുന്നു. സേവനമേഖലയിൽ ഉണ്ടായ പുരോഗതി സാമ്പത്തിക വളർച്ചയ്ക്ക് സഹായിച്ചിട്ടില്ല. 1995 ൽ ഒരു ഇന്ത്യാക്കരന്റെ ശരാശരി വാർഷികവരുമാനം 8237 രൂപ ആയിരുന്നപ്പോൾ കേരളീയന്റേത് തുഛം 6983 രൂപ മാത്രമായിരുന്നു.

ഉല്പാദനമേഖലയിലെ മുരടിപ്പുമൂലം തൊഴിലില്ലായ്മ ഭയാനകമായി ഉയർന്നുകൊണ്ടിരിക്കുന്നു. തൊഴിലെടുക്കുവാൻ കഴിവും, ആരോഗ്യവും, സന്നദ്ധതയുള്ളവരിൽ അഞ്ചിലൊന്നുപേർക്ക് തൊഴിലില്ല. എത്ര അന്വേഷിച്ചാലും തൊഴിൽ ലഭിക്കാത്തതിനാൽ പലരും തൊഴിൽ തേടൽ തന്നെ അവസാനിപ്പിച്ച് വീട്ടിൽ ചടഞ്ഞുകൂടുന്നു. സാമ്പത്തികവളർച്ചയിൽ പിന്നോക്കം എന്നു മാത്രമല്ല ഉള്ള സാമ്പത്തികവളർച്ച സ്ഥായിയല്ല എന്നത് കൂടുതൽ ബോധ്യപ്പെട്ടുവരുന്നു. സാമ്പത്തികരംഗത്തെ അപകടകരമായ ഈ സ്ഥിതിവിശേഷം പ്രകടമാകാത്തത് ഗൾഫ് മലയാളികളിലൂടെ ഈ നാട്ടിലെത്തുന്ന പണമാണ്.

കെട്ടിടനിർമ്മാണം, ഉപഭോഗവസ്തുക്കളിലുള്ള അമിതാഭിനിവേശം എന്നിവ വരുമാനത്തിന്റെ ഭൂരിഭാഗവും ആവാഹിക്കുന്നു. ഇതിനുപുറമേ നല്ലൊരുപങ്ക് പണവും ദേശസാത്കൃതബാങ്കുകൾ വഴി സംസ്ഥാനത്തിന് പുറത്തേയ്ക്ക് പോകുന്നു.

ആയതിനാൽ രാഷ്ട്രീയകക്ഷി, മതജാതി പരിഗണനകൾക്കതീതമായി കേരളത്തിന്റെ നന്മയിൽ താല്പര്യമുള്ള എല്ലാപൗരന്മാരും ഈ വികസനപ്രതിസന്ധിയ്ക്ക് പരിഹാരം കാണാൻ സ്വമേധയാ തയ്യാറാകേണ്ടതാണ്. മുൻകാല അനുഭവങ്ങളെ വിമർശനബുദ്ധ്യാ പരിശോധിക്കുക, മാമൂൽവിട്ടുചിന്തിക്കുക, പുതിയൊരു പ്രവർത്തനശൈലി കരുപ്പിടിപ്പിക്കുക

നിലവിലുള്ള ഭരണത്തിന്റെ ദൂഷ്യങ്ങളായ അമിതകേന്ദ്രീകരണം, ബ്യൂറോക്രസിയുടെ ആധിപത്യം, മതിയായ ജനപ്രാതിനിധ്യക്കുറവ്, അഴിമതി, മോണിട്ടറിംഗ് ഇല്ലായ്മ എന്നിവ പദ്ധതികളുടെ ഉദ്ദേശലക്ഷ്യങ്ങളെ തകിടം മറിച്ചു. അനന്തരഫലമായി പദ്ധതികളുടെ ലക്ഷ്യപ്രാപ്തിയില്ലായ്മ, ജനപങ്കാളിത്തമില്ലായ്മ, മുൻഗണനാക്രമമില്ലായ്മ, ദുർവ്യയം, കാലതാമസം, ഉത്തരവാദിത്വമില്ലായ്മ ഇവ പ്രകടമായി വന്നു.

ഈ ദുർഘടസന്ധിയിലാണ് ഒൻപതാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതി എന്നതിന്റെ അടിസ്ഥാനത്തിൽ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് കേരള സർക്കാർ രൂപം നൽകിയിരിക്കുന്നത്. ഒൻപതാം പദ്ധതിയുടെ 35-40% തുക ഇപ്രകാരം താഴേത്തട്ടുകളിൽ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഈ ഭാരിച്ച ഉത്തരവാദിത്വം അതിവിപുലമായ തോതിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നടപ്പിലാക്കേണ്ടിയിരിക്കുന്നു.

അഴൂർ ഗ്രാമപഞ്ചായത്ത് ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് ഭരണസമിതി പരിശീലകരായി 9 പേരെ തിരഞ്ഞെടുത്തു. ഇതിൽ മൂന്നുപേർ സർക്കാർ ഉദ്യോഗസ്ഥരും മറ്റുള്ളവർ വ്യത്യസ്ഥമേഖലകളിൽ പ്രവർത്തിയെടുക്കുന്നവരുമാണ്. തിരഞ്ഞെടുക്കപ്പെട്ട 9 പേർക്ക് ആറ്റിങ്ങൽ മുനിസിപ്പൽ ടൗൺഹാളിൽ 3 ദിവസത്തെ ഒന്നാം ഘട്ട പരിശീലനം ലഭിച്ചു.

അഴൂർ ഗ്രാമപഞ്ചായത്തിന്റെ പഞ്ചായത്തുതല പരിശീലന പരിപാടിയുടെ ഒന്നാംഘട്ടം 18.9.96ൽ പെരുങ്ങുഴി ഭഗവതികല്ല്യാണമണ്ഡപത്തിൽ വച്ചുനടന്നു. ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് ശ്രീമതി എം. സൈഫയുടെ അദ്ധ്യക്ഷതയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി. ജോയി ഒന്നാംഘട്ട പരിശീലന പരിപാടി ഉൽഘാടനം ചെയ്തു. പരിശീലന പരിപാടിയിൽ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, വിവിധവാർഡുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർ ഉൾപ്പെടെ 74 പേർ പങ്കെടുത്തു.

അഴൂർ ഗ്രാമപഞ്ചായത്തിന്റെ വിശേഷാൽ ഗ്രാമസഭകൾ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് പിന്നീട് നടന്നത്.

## ഗ്രാമസഭകൾ

| തീയതി | വാർഡ് | അദ്ധ്യക്ഷൻ | ഉത്ഘാടകൻ | പങ്കെടുത്തവരുടെ എണ്ണം | | |
|---|---|---|---|---|---|---|
| | | | | സ്ത്രീ. | പു. | ആകെ |
| 28.9.96 | 1 | വി. ജോയി | എ.എസ്. വിജയകുമാർ | 46 | 64 | 110 |
| 28.9.96 | 2 | വി.ജോയി | എ. സമ്പത്ത് എം.പി. | 186 | 193 | 379 |
| 4.1096 | 3 | വി.ജോയി | ആനത്തലവട്ടം ആനന്ദൻ എം.എൽ.എ. | 111 | 130 | 241 |
| 5.10.96 | 4 | ദിലീപ്കുമാർ | വി.ജോയി | 28 | 35 | 63 |
| 14.10.96 | 5 | വി.ജോയി | ജമീലാതൗഫീക് | 58 | 124 | 182 |
| 5.10.96 | 6 | എം.സൈഫ | ബി.ആശോകൻ | 102 | 137 | 239 |
| 12.10.96 | 7 | എം.ദേവരാജൻ | വി.ജോയി | 95 | 175 | 270 |
| 12.10.96 | 8 | മനോഹരൻ | വി.ജോയി | 57 | 125 | 182 |
| 2.10.96 | 9 | വി.ജോയി | രാജശേഖരൻ | 55 | 82 | 137 |
| 13.1096 | 10 | അഴൂർ വിജയൻ | വി.ജോയി | 33 | 56 | 89 |
| 30.9.96 | 11 | വി.ജോയി | ബി.അശോകൻ | 49 | 68 | 117 |

നമ്മുടെ പഞ്ചായത്തിലെ വിശേഷാൽ ഗ്രാമസഭയുടെ പഞ്ചായത്തുതല ഉൽഘാടനം 28.9.96ൽ രണ്ടാം വാർഡിൽ നടന്നു. ബഹു. ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബഹു. എം. പി. ശ്രീ. എ. സമ്പത്ത് ഉൽഘാടനം നിർവ്വഹിച്ചു. തദവസരത്തിൽ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. ആർ. സുഭാഷ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ ശ്രീ. ബി. അശോകൻ, ശ്രീ. എ.എസ്. വിജയകുമാർ, പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, സംസ്ഥാന റിസോഴ്സ് പേഴ്സൺ, ജില്ലാ റിസോഴ്സ് പേഴ്സൺ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

വിശേഷാൽ ഗ്രാമസഭകൾ പൂർത്തിയായതിനുശേഷം ദ്വിതീയ വിവരശേഖരണം നടത്തുന്നതിന് വേണ്ടി പഞ്ചായത്തുതല പരിശീലനം നേടിയവരെ വിനിയോഗിച്ചു. ജില്ലാതല പരിശീലകർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും രണ്ടാംഘട്ടം പരിശീലനം എന്ന നിലയിൽ ചിറയിൻകീഴ് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ മൂന്നുദിവസത്തെ പരിശീലനം ലഭിച്ചു. പഞ്ചായത്തുതല രണ്ടാംഘട്ട പരിശീലനം 13.11.96ൽ പെരുങ്ങുഴി ഭഗവതി കല്ല്യാണമണ്ഡപത്തിൽ നടന്നു. പഞ്ചായത്തുപ്രസിഡന്റിന്റെ നേതൃത്വത്തിൽ നടന്ന രണ്ടാംഘട്ട പരിശീലനത്തിൽ 65 പേർ പങ്കെടുത്തു. വിവരശേഖരണത്തിന്റെ ഭാഗമായി രണ്ട് പഠനപര്യടനങ്ങൾ നടത്തുകയുണ്ടായി.

(1) മൂന്നാം വാർഡിലെ വെയിലൂർ ഹൈസ്കൂൾ ജംഗ്ഷനിൽനിന്നും 10.11.96 രാവിലെ 9ന് ആരംഭിച്ച പഠനപര്യടന നടത്തം വൈകുംന്നേരം 5 മണിക്ക് ഒന്നാം വാർഡിലെ മാടൻവിളയിൽ അവസാനിപ്പിച്ചു.

(2) ആറാം വാർഡിലെ കോളിച്ചിറ ചരുവിളയിൽനിന്നും 11.11.96ന് രാവിലെ 10 മണിക്ക് ആരംഭിച്ച പഠനപര്യടനം വൈകുന്നേരം 3.30ന് ഒൻപതാം വാർഡിലെ ഇടഞ്ഞുമ്മൂലയിൽ സമാപിച്ചു.

*******

# II പൊതുവിവരണവും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പേര് | : | അഴൂർഗ്രാമപഞ്ചായത്ത് |
| വില്ലേജ് | : | അഴൂർ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | 1. അഴൂർ (വാർഡുകൾ 1,2,3,4,11)<br>2. പെരുങ്ങുഴി (വാർഡുകൾ 5,6,7,8,9,10) |
| അസംബ്ലിമണ്ഡലം | : | ആറ്റിങ്ങൽ |
| ജില്ലാപഞ്ചായത്ത് | : | തിരുവനന്തപുരം |
| ജില്ലാപഞ്ചായത്ത് ഡിവിഷനുകൾ | : | 1. ചിറയിൻകീഴ് (വാർഡുകൾ 1,2,3,4,11)<br>2. മുരുക്കുംപുഴ (വാർഡുകൾ 5,6,7,8,9,10) |
| റവന്യൂജില്ല | : | തിരുവനന്തപുരം |
| വിസ്തീർണ്ണം | : | 12.46 ച.കി.മി. |

തിരുകൊച്ചി സംസ്ഥാനത്തിൽ സ്വാതന്ത്ര്യാനന്തരം 1948ൽ രൂപീകരിച്ച അഴൂർ ഗ്രാമോദ്ധാരണ കേന്ദ്രമാണ് പിന്നീട് അഴൂർ പഞ്ചായത്തായി രൂപാന്തരം പ്രാപിച്ചത്. പി. ജി. കുഞ്ഞൻ പ്രസിഡന്റും യുള്ള ഒരു കമ്മിറ്റിയാണ് ആദ്യം ഉടലെടുത്തത്. ഇദ്ദേഹമാണ് അഴൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 10 സെന്റ് സ്ഥലം സംഭാവന ചെയ്തത്. 1123 മകരം 12 ന് കേന്ദ്രം ഉൽഘാടനം ചെയ്യപ്പെട്ടു. എം. എം. ഇസ്മായിൽ, നാമമാത്രമായ വാടകയ്ക്ക് മേട ജംഗ്ഷനിൽ കൊടുത്ത ഒരു ഇരുനില കെട്ടിടത്തിലാണ് ആദ്യം ഓഫീസ് പ്രവർത്തനം ആരംഭിച്ചത്. 1953ൽ തിരഞ്ഞെടുപ്പിലൂടെ അഴൂർ പഞ്ചായത്തിന്റെ ആദ്യജനകീയ ഭരണസമിതി വി. കൃഷ്ണന്റെ അദ്ധ്യക്ഷ തയിൽ നിലവിൽ വന്നു.

1953ലെ ഭരണസമിതി അംഗങ്ങൾ

1. വി. കൃഷ്ണൻ (പ്രസിഡന്റ്)
2. കെ. പി. ശ്രീധരൻനായർ (വൈസ്പ്രസിഡന്റ്)
3. കെ. കൃഷ്ണപിള്ള
4. കെ. ചെല്ലപ്പൻ
5. പി. കെ. ശ്രീധരൻ
6. എം. ശ്രീധരൻ
7. എം. എം. ഇസ്മായിൽ

1953ൽ ആദ്യബഡ്ജറ്റ് അവതരിപ്പിച്ച് പാസാക്കി. 2750 രൂപ വരവും 1766 രൂപ ചിലവും ഉള്ള മിച്ച ബഡ്ജറ്റായിരുന്നു. 1954ൽ ചരിത്രത്തിലാദ്യമായി പഞ്ചായത്തിൽ ഒരു ഓഫീസ് ഉദ്യോഗ സ്ഥനെ നിയമിച്ചു. പെരുങ്ങുഴി തെക്കുവീട്ടിൽ എസ്. വിഷ്ണുരാധൻ പാർട്ട്ടൈം ക്ലാർക്കായി നിയമിതനായി. 1963ൽ അഴൂർ പഞ്ചായത്തിന് തിരഞ്ഞെടുക്കപ്പെട്ട ഏഴുപേരെക്കൂടാതെ നോമിനേറ്റ് ചെയ്യപ്പെട്ട രണ്ടുപേരും അംഗങ്ങളായി വന്നു. സർക്കാർ നോമിനേഷനിലൂടെ ഹരിജൻ പ്രതിനിധി യായി പി. ചെല്ലപ്പൻ, വനിതാപ്രതിനിധിയായി സുലൈഖാഉമ്മാൾ എന്നിവരാണ് ഭരണസമിതി അംഗങ്ങളായത്. 1979ൽ പഞ്ചായത്തിൽ 9 വാർഡുകൾ രൂപീകരിക്കപ്പെട്ടു.

## വിവിധകാലയളവുകളിൽ അഴൂർ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം വഹിച്ചിരുന്നവർ

| പ്രസിഡന്റ് | കാലാവധി |
|---|---|
| 1. പി. ജി. കുഞ്ഞൻ | 1948 - 1953 * |
| 2. കൃഷ്ണൻ | 1953 - 17.7.1957 |
| 3. എം. എം. ഇസ്മയിൽ | 18.7.57 - 31.12.62 |
| 4. സ്പെഷ്യൽ ആഫീസർ | 1.1.63 - 20.12.63 |
| 5. പി. കുട്ടപ്പൻ | 21.12.63 - 17.7.65 |
| 6. എ. ഷംസുദ്ദീൻ | 18.7.65 - 17.10.65 ** |
| 7. എസ്. വിശ്വനാഥൻ | 18.10.65 - 30.4.77 |
| 8. പി. ചെല്ലപ്പൻ | 1.5.77 - 27.10.78 *** |
| 9. എസ്. വിശ്വനാഥൻ | 28.10.78 - 13.8.79 |
| 10. സ്പെഷ്യൽ ആഫീസർ | 14.8.79 - 28.9.79 |
| 11. ബി. ജയപ്രകാശ് | 29.9.79 - 30.8.84 |
| 12. സ്പെഷ്യൽ ആഫീസർ | 1.9.84 - 2.2.88 |
| 13. ബി. ജയപ്രകാശ് | 3.2.88 - 30.9.95 |
| 14. വി. ജോയി | 1.10.95 മുതൽ തുടരുന്നു. |

* ലഭ്യമായ രേഖകൾ പ്രകാരം എഴുതിയിരിക്കുന്നു.

** പ്രസിഡന്റായിരുന്ന പി. കുട്ടപ്പൻ സ്ഥാനമൊഴിഞ്ഞ സാഹചര്യത്തിൽ വൈസ്പ്രസിഡന്റായിരുന്ന എ. ഷംസുദ്ദീൻ അദ്ധ്യക്ഷനായാണ് കമ്മറ്റികൾ നടത്തിയിരുന്നത്.

*** പ്രസിഡന്റായിരുന്ന വിശ്വനാഥൻ ലീവിലായിരുന്നപ്പോൾ വൈസ്പ്രസിഡന്റ് പി. ചെല്ലപ്പൻ പ്രസിഡന്റിന്റെ ചുമതല വഹിച്ചിരുന്നു.

1981ലെ കനേഷുമാരി കണക്കനുസരിച്ച് 11 വാർഡുകളായി പഞ്ചായത്ത് വികസിക്കപ്പെട്ടു. 1995-96ൽ 98,06,380 രൂപ വരവും 93,53,530 രൂപ ചെലവും 4,52,850 രൂപ നീക്കിയിരിപ്പും ഉള്ള ബഡ്ജറ്റ് അവതരിപ്പിച്ചു.

തിരുവനന്തപുരം ജില്ലയുടെ വടക്ക് ചിറയിൻകീഴ് താലൂക്കിൽ അഴൂർ ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു. കിഴക്കുനിന്നും പടിഞ്ഞാറേക്ക് കടലിലേക്ക് ചരിഞ്ഞുകിടക്കുന്ന ഭൂവിഭാഗമാണ് പഞ്ചായത്തിനുള്ളത്. 26,829 ഈ പഞ്ചായത്തിലധിവസിക്കുന്നു. ഇതിൽ പുരുഷൻമാർ 12,525 ഉം സ്ത്രീകൾ 14,384 ഉം ആണ്.

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന പൊതുപ്രാധാന്യമുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

കേന്ദ്രസർക്കാർ ഉടമയിൽ ഉള്ളവ

1. പോസ്റ്റാഫീസ്, പെരുങ്ങുഴി
2. റയിൽവേസ്റ്റേഷൻ, പെരുങ്ങുഴി

സംസ്ഥാനസർക്കാർ ഉടമയിലുള്ളവ

1. അഴൂർ ഗ്രാമപഞ്ചായത്ത് ആഫീസ്
2. ഗവ: ഹൈസ്കൂൾ, അഴൂർ
3. ഗവ: ഹൈസ്കൂൾ, വെയിലൂർ
4. ഗവ: യു. പി. എസ്., മാതശ്ശേരിക്കോണം
5. ഗവ: എൽ. പി. എസ്., പെരുങ്ങുഴി
6. കൃഷിഭവൻ, അഴൂർ
7. ഗാന്ധിസ്മാരകനിധി, ശാസ്തവട്ടം
8. വില്ലേജ് ആഫീസ്, അഴൂർ
9. വില്ലേജ് എക്സ്റ്റൻ ആഫീസ്, അഴൂർ
10. പ്രൈമറി ഹെൽത്ത് സെന്റർ, അഴൂർ
11. ഗവ: ആയുർവ്വേദ ഡിസ്പൻസറി, പെരുങ്ങുഴി
12. ഗവ: മൃഗാശുപത്രി, പെരുങ്ങുഴി
13. ഗവ: ഹോമിയോ ഡിസ്പൻസറി, മാടൻവിള
14. മാവേലിസ്റ്റോർ, നാലുമുക്ക്
15. കുടുംബക്ഷേമകേന്ദ്രം, അഴൂർ & മാടൻവിള
16. ഐ.സി.ഡി.പി. സബ്സെന്റർ, അഴൂർ
17. ഇലക്ട്രിക്കൽ സബ്എൻജിനീയർ ആഫീസ്, പെരുങ്ങുഴി

വാണിജ്യ ബാങ്കുകൾ

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, പെരുങ്ങുഴി

സഹകരണ സ്ഥാപനങ്ങൾ

1. അഴൂർ - മുട്ടപ്പലം സർവ്വീസ് സഹകരണ ബാങ്ക് നമ്പർ T313
2. പെരുങ്ങുഴി സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 2403
3. ക്ഷീരവ്യവസായ സഹകരണസംഘം, പെരുങ്ങുഴി
4. അഴൂർ കയർ വ്യവസായ സഹകരണസംഘം നമ്പർ 305
5. മാടൻവിള കയർ വ്യവസായ സഹകരണസംഘം നമ്പർ 306
6. ഇടഞ്ഞിമൂല കയർ വ്യവസായ സഹകരണസംഘം നമ്പർ 536
7. കുഴിയം കയർ വ്യവസായ സഹകരണസംഘം നമ്പർ 620
8. മുട്ടപ്പലം കയർ വ്യവസായ സഹകരണസംഘം നമ്പർ 705
9. കോളിച്ചിറ കയർ വ്യവസായ സഹകരണസംഘം നമ്പർ 737
10. പെരുങ്ങുഴി കയർ വ്യവസായ സഹകരണസംഘം നമ്പർ 3053
11. ഹരിജൻ കയർ വ്യവസായ സഹകരണസംഘം
12. വിവിധോദ്ദേശ്യ ഹരിജൻ സഹകരണസംഘം

സ്വകാര്യമേഖലയിലുള്ളവ

1. എസ്.ഐ.യു.പി.എസ്., മാടൻവിള
2. വി.പി.യു.പി.എസ്., പെരുങ്ങുഴി
3. ബാബു തീയേറ്റർ, പെരുങ്ങുഴി
4. ഭഗവതി കല്യാണമണ്ഡപം, പെരുങ്ങുഴി
5. സാംബൻ നെഴ്സിംഗ്ഹോം, പെരുങ്ങുഴി
6. അതുല്യ ഹോസ്പിറ്റൽ, പെരുങ്ങുഴി
7. ലക്ഷ്മിവിഹാർ ഹോസ്പിറ്റൽ അഴൂർ



# III. സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം

അഴൂർ പഞ്ചായത്തിൽ 20ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ എടുത്തുപറയത്തക്ക സംഭവങ്ങൾ നടന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല. പ്രധാനമായും കൃഷി മാത്രമായിരുന്നു അന്നത്തെ ഉപജീവനമാർഗ്ഗം. വനങ്ങൾ ഏറെയായിരുന്നതിനാൽ കൃഷിയോഗ്യമായിരുന്നില്ല. പ്രത്യേകിച്ച് പഞ്ചായത്തിലെ അഴൂർ ഹൈസ്കൂൾ പ്രദേശം, ആറാം വാർഡിലെ കന്നുകാലിവനം, ശാസ്താംവട്ടം, അഞ്ചാം വാർഡിലെ മുട്ടപ്പലം എന്നീ സ്ഥലങ്ങൾ. കുറുക്കൻ, കാട്ടുമുയൽ, വള്ളിപ്പൂച്ച (കാട്ടുപൂച്ച), ഉഗ്രവിഷമുള്ള പാമ്പുകൾ തുടങ്ങിയവ ധാരാളമായി ഉണ്ടായിരുന്നു. ജനങ്ങൾ പൊതുവെ അന്ധവിശ്വാസത്തിലും അനാചാരത്തിലും ആണ്ടിരുന്നു. ജാതിഭ്രഷ്ട് അതിന്റെ ഏറ്റവും നീചമായ അവസ്ഥയിൽ പഞ്ചായത്തിൽ ഉടനീളം നിലനിന്നിരുന്നു. ഈഴവസ്ത്രീകൾക്ക് മാറ് മറയ്ക്കാനുള്ള സ്വാതന്ത്ര്യം ഇല്ലായിരുന്നു. ഈഴവരാദി പിന്നോക്ക ജാതികൾക്ക് മറ്റ് ഉയർന്ന ജാതിക്കാരുടെ വീടിന്റെ ഉമ്മറത്തുപോലും കയറുന്നതിനോ, കിണറ്റിൽനിന്ന് വെള്ളം കോരുന്നതിനോ അനുവാദം ഇല്ലായിരുന്നു. താഴ്ന്ന ജാതിയിലുള്ളവരുടെ ജീവിതനിലവാരം ദയനീയമാംവിധം ദുരിതം നിറഞ്ഞതായിരുന്നു. ചായക്കടകളിൽ ഈ വിഭാഗത്തിലുള്ളവർക്ക് ചായ നൽകുന്നതിന് പ്രത്യേകം ചിരട്ട വച്ചിരുന്നു. കൃഷിപ്പണിയിൽ ഏർപ്പെട്ടിരുന്ന ഈ വിഭാഗക്കാർക്ക് ആഹാരം നൽകിയിരുന്നത് പാളയിലും കുഴികുത്തി അതിൽ ഇലവച്ച് കഞ്ഞിയും നൽകിയിരുന്നു. മാനസികരോഗത്തിന് വ്യാപകമായി മന്ത്രവാദം തുടങ്ങിയ ആഭിചാരക്രിയകൾ ചെയ്തിരുന്നു.

കൃഷിപ്പണികൾ കൂടുതലും പരമ്പരാഗതമായ രീതിയിലായിരുന്നു. പച്ചിലയും, ചാണകവും, ചാരവും വളമായി ഉപയോഗിച്ചിരുന്നു. കീടനാശിനിപ്രയോഗം ഇല്ലായിരുന്നു. വിത്തുകൾ അതാതു പ്രദേശത്തെ കൃഷിക്കാർതന്നെ തയ്യാറാക്കി സൂക്ഷിച്ചിരുന്നു. എടുത്തുപറയത്തക്ക വരൾച്ചയോ വെള്ളപ്പൊക്കമോ ഉണ്ടായി കൃഷി നശിച്ചതായി ആദ്യദശകങ്ങളിൽ കാണുന്നില്ല.

ചികിത്സകൾ കൂടുതലും നാട്ടു വൈദ്യൻമാരാണ് ചെയ്തിരുന്നത്. മൃഗ ചികിത്സക്കും നാട്ടുവൈദ്യൻമാരെയാണ് ജനങ്ങൾ സമീപിച്ചിരുന്നത്. പശു, ആട്, എരുമ, ഉഴവുകാള, പോത്ത് എന്നീ മൃഗങ്ങളെ വ്യാപകമായി വളർത്തിയിരുന്നു. താറാവ്, കോഴി എന്നീ പക്ഷികളെ വ്യാപകമായി വളർത്തിയിരുന്നില്ല.

ഈ കാലഘട്ടത്തിൽത്തന്നെ കൊപ്രയാട്ട്വ്യവസായം, അവൽ നിർമ്മാണം തുടങ്ങിയ കുടിൽവ്യവസായങ്ങൾ നിലനിന്നിരുന്നു. കൈത്തറി വ്യവസായം, കയർ വ്യവസായം എന്നിവയായിരുന്നു മറ്റു പ്രധാന മേഖലകൾ. വിദ്യാഭ്യാസം മിക്കവാറും കുടിപ്പള്ളിക്കൂടത്തിലും, അഴൂർ ലോവർ പ്രൈമറി സ്കൂളിലും ആയിരുന്നു. തുടർന്ന് ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി കോൺഗ്രസിനോട് ആഭിമുഖ്യമുള്ളവർ ഈ പ്രദേശത്ത് ധാരാളംപേർ ഉണ്ടായി. അനാചാരങ്ങൾക്കും ഉച്ചനീചത്വത്തിനും എതിരെ താഴ്ന്ന ജാതിക്കാർ സംഘടിക്കാനും എതിർക്കാനും തുടങ്ങി. എസ്. എൻ. ഡി. പി.യുടെ പ്രവർത്തനങ്ങൾ അങ്ങോളം ഇങ്ങോളം ഉണ്ടാവുകയും താഴ്ന്ന ജാതിക്കാർ സമരോത്സുകരാവുകയും ചെയ്തു.

കൃഷ്ണൻവാദ്ധ്യാരുടെയും റ്റി.എ. ശിവദാസൻ, പെരുങ്ങുഴി തങ്കപ്പൻ, കെ. സദാനന്ദൻ, ശാർങ്ങധരൻ, റ്റി.വി.സുകുമാരൻ എന്നീ കമ്മ്യൂണിസ്റ്റ് നേതാക്കളുടേയും സംഘടിതമായ പ്രവർത്തനങ്ങൾ ജാതിഭ്രഷ്ടിനെതിരെ നടന്നു. അനന്തരഫലമായി താഴ്ന്ന ജാതിയിലുള്ളവർക്കും സ്വതന്ത്രമായി ചായക്കടകളിൽനിന്നും ചായ കുടിക്കാനുള്ള അവസരം ഉണ്ടായി. തുടർന്ന് കയർമേഖലയിൽ തൊഴിൽസമരങ്ങൾക്ക് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം നേതൃത്വം നൽകി. 1954ൽ കയർപിരി തൊഴിലാളിക്ക് 50 പൈസ (എട്ട് അണ) കൂലിനിരക്ക് ഒരു രൂപയാക്കുന്നതിന് റ്റി.എ. ശിവദാസൻ, തങ്കപ്പൻ എന്നിവരുടെ നേതൃത്വത്തിൽ നടന്ന സമരം വിജയത്തിലെത്തുകയും പുതുക്കിയ കൂലി

നടപ്പിലാക്കുകയും ചെയ്തു. കൂലി നിരക്ക് കൂട്ടിയപ്പോൾ സ്വകാര്യമുതലാളിമാർ ജോലിഭാരം കൂട്ടി അതായത് കയറിന്റെ നീളം കൂട്ടുക പിടിയെണ്ണം കൂട്ടുക തുടങ്ങിയവ നടപ്പിലാക്കി. ഇതിനെതിരെ വീണ്ടും സമരം നടത്തേണ്ടിവന്നചരിത്രവും കയർ മേഖലയിൽ ഉണ്ട്. കയർ സമരങ്ങളോട് നിരുത്തരവാദപരമായ സമീപനം എടുത്ത മുതലാളിമാരുടെ റാട്ടുകൾ അടിച്ചുതകർത്ത് സമരക്കാർ അക്രമാസക്തരായ സന്ദർഭങ്ങളുമുണ്ട്. വാരിയംപറമ്പിൽ കയർഫാക്ടറിയാണ് അഴൂർ പഞ്ചായത്തിലെ ആദ്യ കയർ ഫാക്ടറി. ചേർത്തലക്കാരനായ ഒരു വ്യവസായിയാണ് ഇത് സ്ഥാപിച്ചത്. ഗതാഗതവും ചരക്ക്ഗതാഗതവും പൂർണ്ണമായും കെട്ടുവള്ളങ്ങളെ ആശ്രയിച്ചാണ് നടന്നിരുന്നത്.

ഈ കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ശക്തിപ്പെടുകയും അവിടന്നങ്ങോട്ട് സമരപ്രസ്ഥാനങ്ങൾ സജീവമാകുകയും ചെയ്തു. സ്വാതന്ത്ര്യം ലഭിച്ച സന്ദർഭങ്ങളിൽ നാടിന്റെ പൊതുവായ വികസനത്തിനെ ലക്ഷ്യമാക്കി എല്ലാ പ്രമുഖവ്യക്തികളും ഒത്തൊരുമയോടെ പ്രവർത്തിച്ചിരുന്നു. വ്യാപകമായ വിദ്യാഭ്യാസം, ഗതാഗതസൗകര്യം വർദ്ധിപ്പിക്കുക, ചികിത്സാസൗകര്യം വർദ്ധിപ്പിക്കുക, വിപണനസൗകര്യം വർദ്ധിപ്പിക്കുക തുടങ്ങിയവയ്ക്ക് മുൻതൂക്കം നൽകിയിരുന്നതായി മുൻകാലരേഖകളിൽ കാണാം.

സ്വാതന്ത്ര്യാനന്തരം ഭൂവുടമാബന്ധങ്ങളിൽ മാറ്റം വരുകയും റിസർവ്വ് വനങ്ങൾ കൃഷിക്കാർക്ക് പതിച്ചു നൽകുകയും ചെയ്തതിന്റെ ഫലമായി കാർഷികമേഖലയിൽ വൻപുരോഗതി ദൃശ്യമാകുകയും ഉല്പാദനം വർദ്ധിക്കുകയും ചെയ്തു. എന്നാൽ നമ്മൾ ഉദ്ദേശിച്ചരീതിയിലുള്ള ഉല്പാദനക്ഷമത കൈവരിക്കാൻ കഴിഞ്ഞില്ല എന്നത് എടുത്ത്പറയേണ്ടതാണ്. വാസ്തവത്തിൽ കൃഷിസ്ഥലത്തിലുണ്ടായ വർദ്ധനയാണ് ഉല്പാദനത്തിൽ ദൃശ്യമായത്.

ആ കാലഘട്ടത്തിൽ ഉല്പാദനമേഖലകളായ കൃഷി, മൃഗപരിപാലനം, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയവയിൽ പഞ്ചായത്തിനകത്ത് പ്രത്യേകിച്ച് ഒന്നും തന്നെ ചെയ്തിരുന്നില്ല. സംസ്ഥാന സർക്കാർ പൊതുവിൽ നടത്തിയ ചില കാര്യങ്ങളുടെ ഗുണഭോക്താക്കളായി മാറുകയും ചിലപദ്ധതികൾ നടപ്പിലാക്കുകയും ചെയ്തതൊഴിച്ചാൽ പ്രാദേശികമായി ഒരു പരിപാടിയും ആസൂത്രണം ചെയ്യുകയോ പ്രായോഗികമാക്കുകയോ ചെയ്തില്ല. 1980കളിലേയ്ക്ക് എത്തുമ്പോൾ ഉൽപ്പാദനമേഖലകളിൽ മുരടിപ്പ് അനുഭവപ്പെട്ടുതുടങ്ങി. കൃഷി നഷ്ടമായി തുടങ്ങുകയും ചെറുകിട വ്യവസായങ്ങൾ ആധുനീകരിക്കാത്തതിനാൽ ഉൽപ്പന്നങ്ങൾ വിപണിയിൽനിന്ന് പുറംതള്ളപ്പെട്ടതും ഈ മേഖലകളെ തകർച്ചയിലേയ്ക്ക് നയിക്കുകയും കൈത്തറി വ്യവസായം പൂർണ്ണമായി തന്നെ തകരുകയും ചെയ്തു. ഈ ഉൽപ്പാദന മാന്ദ്യം അനുഭവപ്പെട്ടിരുന്ന കാലഘട്ടത്തിലും സർക്കാർ ഏർപ്പെടുത്തിയിരുന്ന വ്യാപകമായ സൗജന്യവിദ്യാഭ്യാസം, സൗജന്യചികിത്സാ സൗകര്യം, ന്യായവിലയ്ക്ക് ഭക്ഷ്യസാധനങ്ങളുടെ ലഭ്യത എന്നിവ ജീവിതനിലവാരം താഴാതെ നിലനിർത്തി എന്നത് എടുത്ത് പറയേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ ജനജീവിതം പടിപടിയായി ഉയർന്ന് ഇന്ന് ഒരു പ്രതിസന്ധിയിൽ ചെന്ന് നിൽക്കുന്നതായിക്കാണാം. സ്വയംപര്യാപ്തമായിരുന്ന അന്നത്തെ സമൂഹത്തിൽ നിന്നും തികച്ചും ആശ്രിതത്വം കൈമുതലായുള്ള സമൂഹമായി നാം രൂപാന്തരം പ്രാപിച്ചിരിക്കുന്നു. ആയതിനാൽ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിച്ചേരേണ്ട പരിപാടികൾ ആസൂത്രണം ചെയ്ത് നാം മുന്നേറേണ്ടിയിരിക്കുന്നു.

***************************

# IV ഭൂപ്രകൃതിയും വിഭവങ്ങളും

കിഴക്കുനിന്നും പടിഞ്ഞാറ് സമുദ്രനിരപ്പിലേയ്ക്ക് ചരിഞ്ഞുകിടക്കുന്ന ഭൂപ്രദേശമാണ് അഴൂർ ഗ്രാമപഞ്ചായത്തിന്റേത്. കന്നുകാലിവനം, ശാസ്തവട്ടം, മുട്ടപ്പലം, കോളിച്ചിറ എന്നീ പ്രദേശങ്ങൾ ഉയർന്ന പ്രദേശങ്ങളും പെരുങ്ങുഴി, കുഴിയം, അഴൂർ എന്നീ പ്രദേശങ്ങൾ തീരദേശസമതല പ്രദേശങ്ങളുമാണ്. പഞ്ചായത്തിന്റെ ഒന്നാം വാർഡായ മാടൻവിളപ്രദേശം നീർക്കെട്ടും ചതുപ്പും നിറഞ്ഞപ്രദേശമാണ്. കിഴക്കുഭാഗങ്ങളിൽ ജൈവാംശം കുറഞ്ഞ ചേടികലർന്ന വെട്ടുകൽമണ്ണും ചരൽമണ്ണും താഴ്വാരപ്രദേശത്ത് ചരൽകലർന്ന ചെമ്മണ്ണും, കളിമണ്ണും ആണ്. ഉയർന്ന പ്രദേശങ്ങളിൽ കശുമാവ്, റബ്ബർ, മാവ് തുടങ്ങിയവ കൃഷിചെയ്തു വരുന്നു. ചരിവുകളിൽ തെങ്ങ്, റബ്ബർ, അപൂർവ്വമായി മരച്ചീനിയും കൃഷിചെയ്യുന്നതായികണ്ടു. വയലുകൾ ഏറെയും നികത്തി തെങ്ങും, മരച്ചീനിയും, ചേന, ചേമ്പ് തുടങ്ങിയ മറ്റുകൃഷികളും നടത്തിവരുന്നു. നെൽക്കൃഷി നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. തീരസമതലപ്രദേശത്ത് തെങ്ങ് വ്യാപകമായി കൃഷിചെയ്യുന്നു. ഒരുപ്പൂനിലങ്ങൾ ഇപ്പോഴുമുണ്ട്. ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് ഒരു സ്ഥിരം പ്രതിഭാസമായിരിക്കുന്നു. എല്ലാത്തരം മണ്ണിലും ജൈവാംശം തീരെക്കുറവാണ്. തീരസമതലത്തിൽ എക്കൽമണലിൽ മാത്രം സ്ഥിതി അൽപ്പം മെച്ചമാണ്. കിഴക്കൻ പ്രദേശങ്ങളിൽ വേനലിൽ മണ്ണുറച്ച് തീരെ ഈർപ്പമില്ലാത്തതായി മാറി രൂക്ഷമായ വരൾച്ച ഉണ്ടാകുന്നു. പലസ്ഥലങ്ങളിലും ദീർഘകാലവിളകൾക്ക് ഇങ്ങനെ നാശം സംഭവിക്കുന്നു. ജലസേചനം ചെയ്യുന്ന പുരയിടങ്ങളിൽ തെങ്ങിന്റെ വാർഷിക ഉൽപ്പാദനക്ഷമത 70നും 100നും ഇടയ്ക്കാണ്. എന്നാൽ ജലസേചന സൗകര്യം ഇല്ലാത്ത പ്രദേശങ്ങളിൽ ഗ്രാമസഭകളിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ട കണക്കുകൾ അനുസരിച്ച് വാർഷികോൽപ്പാദനം 26നും 30നും ഇടയ്ക്കാണ്. വാർഡ് മൂന്നിലും വാർഡ് പതിനൊന്നിലും ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ശരാശരിയേക്കാൾ താഴ്ന്ന രീതിയിലാണ് തെങ്ങിന്റെ ഉൽപ്പാദനക്ഷമത. ഇടവിള കൃഷിയായി വാഴ, കുരുമുളക്, ഗ്രാമ്പു, ജാതി, കൊക്കോ, ചേന, ചേമ്പ്, ഔഷധസസ്യങ്ങൾ തുടങ്ങിയവ വ്യാപകമായ തോതിൽ കൃഷിചെയ്യാനുള്ള സ്ഥലം ലഭ്യമാണ്. നെൽകൃഷിക്ക് കിഴക്കൻ ഭാഗത്ത് രണ്ടാംവിളയ്ക്ക് ജലക്ഷാമം അനുഭവപ്പെടുമ്പോൾ പടിഞ്ഞാറ് നീർക്കെട്ടാണ്. കൂടാതെ അവിടങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷിനശിക്കുകയും ചെയ്യുന്നു. കൃഷിയെ ഉപജീവന മാർഗമായി ആശ്രയിച്ചിരിക്കുന്ന കുടുംബങ്ങൾ ഏറിയാൽ 25% മാത്രമേ വരൂ. ബാക്കി ഭൂരിപക്ഷം പേരും ഗൾഫ് പണത്തിന്റെയും, കയർവ്യവസായത്തേയും, ചെറുകിട കച്ചവടം, വ്യാപാരസ്ഥാപനം, കെട്ടിടനിർമ്മാണതൊഴിൽ, സർക്കാർ ഉദ്യോഗം ഇവയെ ആശ്രയിച്ച് ജീവിക്കുന്നു. ഈ കാരണത്താൽ കൃഷിമേഖല തഴയപ്പെടുന്നു.

ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിച്ചും മണ്ണിന്റെ ജൈവാംശം കൂട്ടിയും വളക്കൂറ് വർദ്ധിപ്പിച്ചും, രോഗനിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കിയും, ഇടവിളകൃഷികൾ വ്യാപിപ്പിച്ചും കൃഷി ആദായകരമാക്കാം. ഈ രീതിയിലുള്ള കാർഷിക നയത്തിലടിസ്ഥാനപ്പെടുത്തിയുള്ള വികസനപ്രവർത്തനങ്ങളാണ് നമുക്ക് വേണ്ടത്.

നമ്മുടെ പഞ്ചായത്ത് പ്രദേശം 'സതേൺ മിഡ്ലാന്റ് സോൺ' എന്ന കൃഷിമേഖലയിൽ ഉൾപ്പെടുന്നു.

## കാലാവസ്ഥ

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ശരാശരി 1943 മി.മീ. മഴ ലഭിക്കുന്നു. ഇത് സംസ്ഥാന ശരാശരിയായ 3063 മി.മീ. നേക്കാൾ വളരെക്കുറവാണ്.

മഴയുടെ അളവ് (മി.മീ. അളവിൽ)

| മാസം | ജനു. | ഫെബ്രു | മാർ. | ഏപ്രി. | മേയ് | ജൂൺ | ജൂലൈ | ആഗ. | സെപ്തം. | ഒക്ടോ. | നവം. | ഡിസം. |
|---|---|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം ജില്ല | 22 | 19 | 45 | 120 | 255 | 377 | 279 | 157 | 170 | 280 | 182 | 67 |
| സംസ്ഥാന ശരാശരി | 14 | 17 | 39 | 112 | 256 | 691 | 760 | 433 | 247 | 288 | 163 | 42 |

അവലംബം ലാന്റ് റിസോഴ്സസ് ഒഫ് കേരളാസ്റ്റേറ്റ്

മുൻവാർഷിക മഴലഭ്യത

| വർഷം | 1975-76 | 76-77 | 77-78 | 78-79 | 79-80 | 80-81 | 81-82 | 82-83 | 83-84 |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 1534 | 1524 | 1965 | 2120 | 1431 | 1486 | 1144 | 557 | 1080 |
| സംസ്ഥാന ശരാശരി | 2729 | 2731 | 3256 | 2788 | 2799 | 3039 | 2215 | 1396 | 3049 |

| വർഷം | 84-85 | 85-86 | 86-87 | 87-88 | 88-89 | 89-90 | 90-91 | 91-92 | 92-93 | ശരാശരി |
|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 1058 | 873 | 1193 | 2275 | 1687 | 1561 | 2175 | 1889 | 2200 | 1943 |
| സംസ്ഥാന ശരാശരി | 2734 | 1970 | 2046 | 1828 | 2466 | 2801 | 2966 | 2840 | 3232 | 3063 |

അവലംബം ലാന്റ് റിസോഴ്സസ് ഒഫ് കേരളാസ്റ്റേറ്റ്

വാർഷിക മഴലഭ്യത കേരളത്തിൽ (കലണ്ടർ വർഷം) മില്ലീ മീറ്ററിൽ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1956 | 1960 | 1965 | 1970 | 1975 | 1980 | 1985 | 1990 | 1993 |
| 2637 | 3380 | 2375 | 2597 | 3538 | 2905 | 2482 | 2780 | 2819 |

കണക്കുകളനുസരിച്ച് തെക്കുപടിഞ്ഞാറൻ മൺസൂൺ ആണ് നമുക്ക് കൂടുതൽ ലഭിക്കുന്നത് ഇട മഴ കൂടുതൽ ലഭിച്ചിരിക്കുന്നത് ഏപ്രിൽ അവസാനം മുതൽ മേയ്മാസം വരെയാണ്.

## ജലലഭ്യത

പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷികൾ. കുളങ്ങളും കിണറുകളും ജലസേചനത്തിന് ഉപയോഗിക്കുന്നു. എന്നാൽ അടുത്ത കുറച്ച് വർഷങ്ങളിലായി കിണറുകളിലും കുളങ്ങളിലും വേനൽക്കാലത്തോടെ ജലനിരപ്പ് ഭീതിജനകമാം വിധം താഴുകയും, ജലം വറ്റുകയും ചെയ്യുന്നു. എന്നിരുന്നാലും ചേമ്പുംമൂല, മർത്താണ്ഡംകോണം, ആയിരവല്ലിക്കാവ്, മഠത്തിൽപ്പാറ (വാർഡ് 5) എന്നീ പ്രദേശങ്ങളിൽ പുതിയ കുളങ്ങൾ കുഴിക്കാനുള്ള സാദ്ധ്യതകൾ ഉണ്ട്.

തെക്കുപടിഞ്ഞാറൻ മൺസൂൺ (ഇടവപ്പാതി) മില്ലീ മീറ്ററിൽ

| വർഷം | 1976 | 1977 | 1978 | 1979 | 1980 | 1981 | 1982 | 1983 | 1984 |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം ജില്ല | 352 | 510 | 737 | 1053 | 662 | 638 | 198 | 323 | 385 |

| 1985 | 1986 | 1987 | 1988 | 1989 | 1990 | 1991 | 1992 | 1993 | നോർമൽ |
|---|---|---|---|---|---|---|---|---|---|
| 449 | 530 | 578 | 859 | 740 | 518 | 1334 | 1109 | 808 | 813 |

അവലംബം ലാന്റ് റിസോഴ്സസ് ഓഫ് കേരളാസ്റ്റേറ്റ്

വടക്കുകിഴക്കൻ മൺസൂൺ (തുലാവർഷം) മില്ലീ മീറ്ററിൽ

| വർഷം | 1976 | 1977 | 1978 | 1979 | 1980 | 1981 | 1982 | 1983 | 1984 |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം ജില്ല | 432 | 836 | 789 | 559 | 375 | 577 | 203 | 224 | 286 |

| 1985 | 1986 | 1987 | 1988 | 1989 | 1990 | 1991 | 1992 | 1993 | നോർമൽ |
|---|---|---|---|---|---|---|---|---|---|
| 274 | 393 | 776 | 570 | 636 | 601 | 444 | 978 | 846 | 632 |

അവലംബം ലാന്റ് റിസോഴ്സസ് ഓഫ് കേരളാസ്റ്റേറ്റ്

### തിരുവനന്തപുരം ജില്ലയിലെ ശരാശരി താപനില

ഊഷ്മാവ് ഡിഗ്രി സെൽഷ്യസിൽ

| മാസം | | ജനു. | ഫെബ്രു. | മാർ. | ഏപ്രി. | മേയ് | ജൂൺ | ജൂലൈ | ആഗ. | സെപ്തം. | ഒക്ടോ. | നവം. | ഡിസം. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1990 (വർഷം) | Max. | 31.4 | 33.2 | 33.5 | 33.6 | 31.4 | 30 | 29.5 | 30 | 31.6 | 31 | 30.3 | 32.6 |
| | Min. | 21.6 | 23.2 | 24.5 | 26.1 | 24.5 | 24 | 22.7 | 23.5 | 23.7 | 23.7 | 23.4 | 23.3 |
| 1991 (വർഷം) | Max. | 32.5 | 32.9 | 33.4 | 33.8 | 33.7 | 29.2 | 29.5 | 29.7 | 31.9 | 30.1 | 30.9 | 31.8 |
| | Min. | 22.6 | 22.4 | 24.9 | 25.3 | 25.9 | 23.7 | 23.5 | 23.1 | 23.9 | 23.1 | 23.2 | 22.6 |
| 1994 (വർഷം) | Max. | 32.1 | 32.2 | 33.1 | 33 | 32.6 | 30 | 29.9 | 30.1 | 31.3 | 30.2 | 31.3 | 32.8 |
| | Min. | 22.6 | 23.2 | 23.7 | 24.7 | 25.4 | 23.5 | 23 | 23.1 | 23.5 | 23.1 | 23.3 | 22.4 |

അവലംബം ലാന്റ് റിസോഴ്സസ് ഓഫ് കേരളാസ്റ്റേറ്റ്

**മണ്ണ്**

പഠനപര്യടനത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത് പഞ്ചായത്ത് ആകമാനം മണ്ണിൽ ജൈവ വളങ്ങളുടെ അഭാവം നിഴലിച്ചുനിൽക്കുന്നു. കിഴക്കൻപ്രദേശങ്ങളിൽ ചരൽനിറഞ്ഞതും ചേടിയുടെ അംശം ഉള്ളതുമായ ചെമ്മണ്ണും തീരസമതലങ്ങളുടെ ആദ്യഭാഗത്ത് ചെമ്മണ്ണും, തീരസമതലത്തിൽ എക്കൽനിറഞ്ഞ മണലുമാണ്. ഒന്നാം വാർഡിലെ മാടൻവിള പ്രദേശം മണൽമാത്രമാണ്. തീരെ ജൈവാംശം ഇല്ലാത്ത ഇവിടെ നീർവാഴ്ച കുറവും അനുഭവപ്പെടുന്നു.

**ഭൂവിനിയോഗം**

1028 ഏക്കർ പ്രദേശത്ത് തെങ്ങുകൃഷിയാണ് മുഖ്യകൃഷി. 5893 നാമമാത്രകർഷകരും (1 ഹെ. താഴെ) 681 ചെറുകിടകർഷകരും 212 വൻകിടകർഷകരും (ഒരു ഏക്കറിൽ കൂടുതൽ കൃഷിഭൂമിയുള്ളവർ) ആണ്. ആകെ കൃഷിയോഗ്യമായ 3044 ഏക്കർ 73 സെന്റു ഭൂമി ഈ പഞ്ചായത്തിലുണ്ട്. ഇതിൽ 2368 ഏക്കർ 90 സെന്റ് പുരയിടവും, 480 ഏക്കർ 75 സെന്റ് നിലവുമാണ്.

## പഠനപര്യടന റിപ്പോർട്ട് 1
## കന്നുകാലിവനം - മാടൻവിള.

തീയതി: 10.11.96




| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| മണ്ണ് | ചേടി കലർന്ന മണ്ണ് | ചൊരിമണ്ണ് മണൽ കൂടുതൽ | ചേടിമണ്ണ് | ചേടിമണ്ണ് | ചൊരിമണ്ണ് മണൽകൂടുതൽ കരഭാഗം വെട്ടുകൽ മണ്ണ് | | ചരൽമണ്ണ് | ചരലില്ലാത്ത പുട്ട്മണ്ണ്, ചെമ്മണ്ണ് | മണൽമണ്ണ്, എക്കൽ ചേർന്നമണൽ |
| മണ്ണിന്റെ പോതുഘടന | ജൈവാംശം ഇല്ല. വേനലിൽ മണ്ണ് ഉറച്ചു പോകും | ജൈവാംശം ഇല്ല. വേനലിൽ മണ്ണ് ഉറച്ച് പോകും | ജൈവാംശം ഇല്ല. വേനലിൽ മണ്ണ് ഉറച്ച് പോകും | ജൈവാംശം ഇല്ല. വേനലിൽ മണ്ണ് ഉറച്ച് പോകും | ജൈവാംശം ഇല്ല. വേനലിൽ മണ്ണ് ഉറച്ച് പോകും | ജൈവാംശം ഇല്ല. വേനലിൽ മണ്ണ് ഉറച്ച് പോകും | ജൈവാംശം ഇല്ല. വേനലിൽ മണ്ണ് ഉറച്ച് പോകും | ജൈവാംശം കുറവ് | എക്കൽ പ്രദേശത്ത് ജൈവാംശം കൂടുതൽ |
| വിളകൾ | തെങ്ങ് | തെങ്ങ്, നെല്ല്, | തെങ്ങ്, റബ്ബർ | റബ്ബർ | തെങ്ങ്, നെല്ല് | തെങ്ങ്, റബ്ബർ | തെങ്ങ്, റബ്ബർ | തെങ്ങ് | തെങ്ങ് |
| ഉല്പാദന ക്ഷമത | മോശം | മോശം | മോശം | മോശം | മോശം | മോശം | മോശം | ഭേദപ്പെട്ടത് | മോശം |
| ഇടവിള | വാഴ,കമുക്, ചേന, കുരുമുളക് | മരച്ചീനി, വാഴ, പയർ | ജാതി, ഗ്രാമ്പൂ, കമുക് | മരച്ചീനി | മരച്ചീനി | കമുക്, വാഴ, ചേമ്പ് | കമുക്, മരച്ചീനി | വാഴ | —— |
| ജലലഭ്യത | മിതം (മാർച്ച്, ഏപ്രിൽ, മേയ് ലഭ്യതകുറവ്) | മിതം (ചെറിയ ജലശ്രോത സ്സുകളുണ്ട്) | ദരിദ്രം | ദരിദ്രം | മിതം രണ്ടുമാസം ജലക്ഷാമം | ദരിദ്രം | ദരിദ്രം | മിതം | ധാരാളം |
| സമൂഹ നിർമ്മിത ആസ്തികൾ | കുടിലുകൾ, ഓല/ഓട് മേഞ്ഞ ചെറിയ വീടുകൾ | —— | ഓലയും ഓടുംമേഞ്ഞ ചെറിയ വീടുകൾ | ഓലയും ഓടുംമേഞ്ഞ ചെറിയ വീടുകൾ | ഓലയും ഓടുംമേഞ്ഞ ചെറിയ വീടുകൾ | ഓലയും ഓടുംമേഞ്ഞ ചെറിയ വീടുകൾ | അധികവും കുടിലുകൾ | കോൺക്രീറ്റ്, ഓട്, ഓല കെട്ടിടങ്ങൾ | കോൺക്രീറ്റ്, ഓട്, ഓല കെട്ടിടങ്ങൾ |
| പരിസ്ഥിതി പ്രശ്നങ്ങൾ | മണ്ണൊലിപ്പ് ക്ലേമൈൻ കാരണം ഭൂഗർഭജല ലഭ്യത കുറയുന്നു. | —— | —— | —— | —— | —— | —— | ചേറ് കൂട്ടിയിടുന്നത് കാരണം മണ്ണിന്റെ ഫലഭൂയിഷ്ഠത കുറയുന്നു. ചേറുകൊണ്ട് കായൽ നികത്തുന്നു. | |

## പഠനപര്യടന റിപ്പോർട്ട് 2
## കോളിച്ചിറ - ഇടഞ്ഞിമ്മൂല

തീയതി: 11.11.96




| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| മണ്ണ് | പാറമണ്ണ് | കട്ടികൂടിയ ചെമ്മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | പശിമരാശി മണ്ണ് | ചെമ്മണ്ണ് | മണൽ കലർന്ന ചെളിമണ്ണ് | മണൽ മണ്ണ് | എക്കൽ കലർന്ന മണൽ മണ്ണ് |
| ജൈവാംശം കുറവ് | ജൈവാംശം ഇല്ല. | ജൈവാംശം ഇല്ല. | ജൈവാംശം ഇല്ല. | ജൈവാംശം കുറവ് | ജൈവാംശം ഇല്ല. | ജൈവാംശം ഇല്ല. | ജൈവാംശം കുറവ് | ജൈവാംശം ഇല്ല. | ജൈവാംശം താരതമ്യേന കൂടുതൽ |
| വിളകൾ | തെങ്ങ്, പ്ലാവ്, മാവ് | തെങ്ങ്, പ്ലാവ്, മാവ് | തെങ്ങ് | തെങ്ങ് | തെങ്ങ് | തെങ്ങ് | തെങ്ങ് | തെങ്ങ് | തെങ്ങ് |
| ഉല്പാദന ക്ഷമത | മോശം | മോശം | മോശം | മോശം | മോശം | മോശം | മോശം | ഭേദപ്പെട്ടത് | ഭേദപ്പെട്ടത് |
| ഇടവിള | കുരുമുളക്, കമുക് | — | വാഴ | വാഴ | വാഴ | — | വാഴ, കമുക് | വാഴ | — |
| ജലലഭ്യത | ദരിദ്രം | ദരിദ്രം | ദരിദ്രം | ദരിദ്രം | മിതം | ധാരാളം | മിതം | ധാരാളം | ധാരാളം |
| സമൂഹ നിർമ്മിത ആസ്ഥികൾ | ഓലയും ഓടുംമേഞ്ഞ ചെറിയ വീടുകൾ, കുടിലുകൾ | ലക്ഷംവീട്, കോൺക്രീറ്റ്, ഓട്, ഓല കെട്ടിടങ്ങൾ | ഓലയും ഓടുംമേഞ്ഞ ചെറിയ വീടുകൾ, കുടിലുകൾ | ഓലയും ഓടുംമേഞ്ഞ ചെറിയ വീടുകൾ, കുടിലുകൾ | കോൺക്രീറ്റ്, ഓട്, ഓല കെട്ടിടങ്ങൾ, കോളനി | ഓലയും ഓടുംമേഞ്ഞ ചെറിയ വീടുകൾ | കോൺക്രീറ്റ്, ഓട്, ഓല കെട്ടിടങ്ങൾ | ഓലയും ഓടുംമേഞ്ഞ ചെറിയ വീടുകൾ, കുടിലുകൾ | ഓലയും ഓടുംമേഞ്ഞ ചെറിയ വീടുകൾ, കുടിലുകൾ |
| പരിസ്ഥിതി പ്രശ്നങ്ങൾ | — | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | ഓരുവെള്ളം കയറുന്നു | ഓരുവെള്ളം കയറുന്നു | — | — | — |

പഞ്ചായത്തിലെ ശരാശരി വാർഷിക തേങ്ങയുൽപ്പാദനം തെങ്ങൊന്നിന് 2035 തേങ്ങയാണ്. സെന്റൊന്നിന് 20 കി.ഗ്രാം നെല്ല് ഉൽപ്പാദിപ്പിക്കുന്നു. ഏറെ നിലങ്ങളും നികത്തി മരച്ചീനിയും തെങ്ങും കൃഷിചെയ്യുന്നു. ഈ കൃഷിരീതിയിൽ തെങ്ങുകൃഷി കരയിൽ കൃഷിചെയ്യുന്നതിനേക്കാൾ നഷ്ടമായിരിക്കുകയാണ്. കാരണം നികത്തുപുരയിടങ്ങളിൽ ജലം നിർഗ്ഗമന സൗകര്യങ്ങൾ പര്യാപ്തമല്ല.

## ജൈവസമ്പത്ത്

ധാരാളം പുന്നമരങ്ങളും, വൻപ്ലാവുകളും, മാവുകളും, ആഞ്ഞിലികളും നിറഞ്ഞുനിന്നിരുന്ന ഈ പ്രദേശത്ത് കെട്ടിട നിർമ്മാണം വർദ്ധിച്ചപ്പോൾ വൻവൃഷങ്ങളെല്ലാം വെട്ടിവീഴ്ത്തപ്പെട്ടു. മുള്ളുവേങ്ങ, തേക്ക് തുടങ്ങിയ ഈടുള്ള തടിതരുന്ന വൃക്ഷങ്ങളും കാണാം. അടയ്ക്കാമരം വ്യാപകമായി കൃഷിചെയ്യപ്പെട്ടിരുന്നതാണ്. ഇന്ന് അത് തുലോം കുറവാണ്. മഞ്ഞണാത്തി, ശീമക്കൊന്ന (മഞ്ഞക്കടമ്പ്), വട്ടത്താമര, തുടങ്ങിയ പച്ചില ധാരാളം ലഭിക്കുന്ന മരങ്ങളും ധാരാളമായിക്കാണാം. തെറ്റിച്ചിറ ഭാഗത്ത് വ്യാപകമായി കൈനാറിയും ഉണ്ട്. എന്നാൽ ഇന്ന് അതിന്റെ എണ്ണം വളരെ ക്കുറഞ്ഞിട്ടുണ്ട്. പരമ്പരാഗതമായി കൃഷിചെയ്യുന്ന തീറ്റപ്പുല്ലായ കുതിരപ്പുല്ല് ധാരാളമായി മിക്ക പ്രദേശത്തും കാണാം. തൊട്ടാവാടി, കമ്യൂണിസ്റ്റ് പച്ച എന്നീച്ചെടികൾ പഞ്ചായത്തിലെ എല്ലാഭാഗത്തും കാണാം. കൈതച്ചക്ക ചിലപ്രദേശങ്ങളിൽ കൃഷിചെയ്യുന്നു. ചെട്ടിമരം, പന എന്നിവ അപൂർവ്വമായികാണാം. അമ്പലപ്പറമ്പുകളിലും ചില കവലകളിലും, ചന്തയിലും, ആല്, അരയാല്, കൂളമാവ് എന്നിവ കാണപ്പെടുന്നു.

ഒരുകാലത്ത് ധാരാളമായി മൂങ്ങകളും, മരപ്രാവുകളും, മറ്റു പലയിനം പക്ഷികളും ധാരാളമായി ഈ പ്രദേശത്തുണ്ടായിരുന്നു. പേരെടുത്ത് പറയാൻ അറിയില്ലെങ്കിലും പലയിനം പക്ഷികളെയും, കുരുവികളെയും, ഇപ്പോൾ കാണാനില്ല. മൂങ്ങകൾ വളരെ അപൂർവ്വജീവിയായി മാറി. നിലങ്ങളിൽ വ്യാപകമായി ഉണ്ടായിരുന്ന പച്ച തവളകളുടെ എണ്ണം ഗുരുതരമാംവിധം കുറഞ്ഞു. വരാൽ, ഉടതല, ബ്ലാങ്ക് എന്നീയിനം മത്സ്യങ്ങളും വളരെ കുറഞ്ഞിരിക്കുന്നു. നിലങ്ങളിൽ ഉണ്ടായിരുന്ന ഞണ്ടുകൾ ഇപ്പോൾ കാണാനേയില്ല. കീരികൾ ധാരാളമുണ്ടായിരുന്ന ഈ പ്രദേശത്ത് അവ വളരെ അപൂർവ്വമായി. കുളക്കോഴി നെൽപ്പാടങ്ങളുടെ സമീപത്തുള്ള പൊന്തക്കാടുകളിൽ ഒരുകാലത്ത് ഉണ്ടായിരുന്നു. കുളയട്ടകൾ നാശോന്മുഖമായി. അണലി, ചേര, മൂർഖൻ, കൊമ്പേറി എന്നീയിനം പാമ്പുകൾ ധാരാളം ഉണ്ടായിരുന്നു. ഇപ്പോൾ പാമ്പുകളുടെ എണ്ണം വളരെ കുറഞ്ഞിരിക്കുന്നു. പരുന്തുകളുടെ എണ്ണം കുറഞ്ഞുവരുകയും ചെയ്യുന്നു.

മനുഷ്യന്റെ അനിയന്ത്രിതമായ ഇടപെടൽകാരണം കാവുകളും മരങ്ങളും നശിച്ചു. അനന്തഫലമെന്നോണം കിളികൾക്കും, മൂങ്ങകൾക്കും, പരുന്തുകൾക്കും കൂടുവയ്ക്കുന്നതിനും വസിക്കുന്നതിനും സൗകര്യം നഷ്ടപ്പെട്ടു. ഈ വക ജീവികളുടെ വംശം നശിച്ചുകൊണ്ടിരിക്കുന്നു. ലക്കുംലഗാനും ഇല്ലാത്ത കീടനാശിനി പ്രയോഗത്തിൽ തവളകളുടെ ആഹാരം നശിച്ചു. നാടൻ മത്സ്യങ്ങളുടെ വംശം നശിച്ചു. തവളകളും, കീരികളും, പാമ്പുകളും മറ്റു ജീവികളും എണ്ണത്തിൽ തുലോം കുറവായിക്കാണുന്നു. എലികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. മനുഷ്യൻ എലിയുടെ പ്രകൃത്യായുള്ള ശത്രുക്കളായ മൂങ്ങ, പരുന്ത്, പാമ്പ് എന്നിവയെ ഭീമമായതോതിൽ നശിപ്പിച്ചു. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ പ്രദേശത്തെ ജൈവസംതുലനം ദിവസംതോറും നഷ്ടപ്പെട്ടുവരുന്നു.

## മനുഷ്യവിഭവം.

നമ്മുടെ പഞ്ചായത്തിൽ 26829 പേർ അധിവസിക്കുന്നു. അതിൽ 12525 പേർ പുരുഷൻമാരും 14304 പേർ സ്ത്രീകളുമാണ്. ജനസാന്ദ്രത ചതു.കി:മീറ്ററിന് 2153 പേർ ആണ്. 1000 പുരുഷന് 1140 സ്ത്രീകൾ എന്നതാണ് അനുപാതനിരക്ക്.81% പേർ സാക്ഷരരാണ്.

ഇത് സംസ്ഥാനനിരക്കായ 93%ൽ നിന്ന് വളരെ താഴെയാണ്. പുരുഷന്മാർ 89% സാക്ഷരരായിരിക്കുമ്പോൾ സ്ത്രീകൾ 75% പേർ സാക്ഷരരായിരിക്കുന്നു.

## പഞ്ചായത്തിലെ ഓരോ വാർഡിലേയും ജനസംഖ്യ തൊഴിലില്ലാത്തവരുടെ എണ്ണം എന്നിവ സംബന്ധിച്ച പട്ടിക

| വാർഡ് | ജനസംഖ്യ | | | തൊഴിലില്ലാത്തവർ | | |
|---|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| 1 | 1232 | 1379 | 2611 | 755 | 807 | 1562 |
| 2 | 1272 | 1464 | 2736 | 704 | 969 | 1673 |
| 3 | .1147 | 1334 | 2481 | 593 | 861 | 1454 |
| 4 | 747 | 862 | 1609 | 425 | 640 | 1065 |
| 5 | 973 | 1110 | 2083 | 484 | 906 | 1390 |
| 6 | 1923 | 2054 | 3977 | 951 | 1519 | 2470 |
| 7 | 1000 | 1142 | 2142 | 505 | 696 | 1101 |
| 8 | 1123 | 1347 | 2470 | 636 | 934 | 1570 |
| 9 | 1172 | 1390 | 2562 | 698 | 1016 | 1714 |
| 10 | 1236 | 1407 | 2643 | 598 | 797 | 1395 |
| 11 | 700 | 815 | 1515 | 354 | 489 | 843 |

അവലംബം - 91 സെൻസസ് റിപ്പോർട്ട്

## വിവിധ തൊഴിൽമേഖലകളിൽ പണിയെടുക്കുന്നവരുടെ വിവരം.

| കൃഷിക്കാർ | കർഷക തൊഴിലാളി | കാർഷികാനുബന്ധ മേഖല | മൈനിംഗ് ക്വാറി | ഹൗസ് ഹോൾഡ് സർവ്വീസിംഗ് | കുടിൽ വ്യവസായം | നിർമ്മാണം | വ്യാപാരം, വിപണനം | ഗതാഗതം കമ്മ്യൂണിക്കേഷൻ | മറ്റുസർവ്വീസുകൾ | മാർജിനൽ തൊഴിലാളി |
|---|---|---|---|---|---|---|---|---|---|---|
| 1163 | 1544 | 334 | 39 | 186 | 4110 | 545 | 599 | 446 | 1074 | 422 |

അവലംബം - 91 സെൻസസ് റിപ്പോർട്ട്

തൊഴിൽപങ്കാളിത്തനിരക്ക് വെറും 39 ശതമാനമാണ്. ബാക്കിയുള്ള 61% ജനങ്ങളും വരുമാനം ഉണ്ടാക്കുന്ന തൊഴിലിൽ ഏർപ്പെടുന്നില്ല എന്നുവേണം അനുമാനിക്കാൻ. 16337 പേർ വ്യക്തമായ തൊഴിലുകളൊന്നും എടുക്കാതെ ഈ സമൂഹത്തിൽ കഴിയുന്നു. ഇതിൽ റിട്ടയർചെയ്തവർ, കുട്ടികൾ, വിദ്യാർത്ഥികൾ, വീട്ടമ്മമാർ, വൃദ്ധജനങ്ങൾ, ഭിക്ഷക്കാർ, ജയിൽ,ആശ്രമഅന്തേവാസികൾ എന്നിവർ ഒഴികെ എത്രപേർക്ക് തൊഴിലില്ലാ എന്നതിന്റെ ഒരു കണക്കെടുപ്പ് ഭാവി വികസനപ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. തൊഴിലില്ലായ്മ ഈ നിരക്കിൽ വർദ്ധിക്കുന്നുവെങ്കിൽ സ്ഥിതി വളരെ ഗുരുതരമാകും.

# വികസന മേഖലകൾ



# 1 കൃഷിയും ജലസേചനവും

## കാർഷികചരിത്രം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ പഞ്ചായത്തിൽ പകുതിയിലേറെ പ്രദേശവും കൃഷിയോഗ്യമല്ലായിരുന്നു. തരിശുഭൂമിയും, റിസർവ്വ് വനവുമായിരുന്നു ഇന്നു കാണുന്ന പഞ്ചായത്തു പ്രദേശത്തിന്റെ 3/5 ഭാഗവും. സർക്കാർ നേരിട്ട് ഭൂമി പതിച്ചു നൽകിയതുമൂലം ധാരാളംഭൂമി പിൽക്കാലത്ത് കൃഷിഭൂമിയായിമാറി. ആദ്യകാലത്തെ പ്രധാനകൃഷികൾ തെങ്ങും നെല്ലും മാത്രമായിരുന്നു. അതിൽ നെല്ലായിരുന്നു മുഖ്യമായും കൃഷിചെയ്തുവന്നിരുന്നത്. തവളക്കണ്ണൻ, കുറ്റിച്ചേറാടി, വെളളക്കുറുവ, കരിമുണ്ട എന്നീ നാടൻ വിത്തുകൾ ധാരാളമായി കൃഷിചെയ്തിരുന്നതായികാണാം. നിലം ഉഴുതു തയാറാക്കി മരമടിച്ച് നിരത്തി ഞാറുനട്ടുന്നു.ഒരു ഊന്നലിൽ മൂന്നു ഞാറിൽക്കൂടുതൽ നട്ടിരുന്നില്ല. ഒരു പറ കണ്ടത്തിലേക്ക് 1 1/2 പക്ക വിത്ത് ഞാറിന് വേണ്ടിയിരുന്നു. അക്കാലത്ത് ജപ്പാൻകൃഷി എന്നറിയപ്പെട്ടിരുന്ന 'വെട്ടിവയ്ക്കൽ രീതി പല നെൽകൃഷിക്കാരും പരീക്ഷിച്ചിരുന്ന തായി മനസ്സിലാക്കിയിട്ടുണ്ട്. വളരെ നല്ല വിളവ് ഈ പുതിയ സമ്പ്രദായത്തിൽ ഉണ്ടാക്കിയിരുന്നു. നെൽകൃഷിയിൽ കീടനാശിനിക്ക് യാതൊരു സ്ഥാനവും ഇല്ലായിരുന്നു. കമ്പോസ്റ്റും, ചാണകവും, ചാരവും മാത്രമായിരുന്നു നിലംകൃഷിക്ക് ഉപയോഗിച്ചിരുന്നത്. കൃഷി ഒരു കൂട്ടായ്മയായിരുന്നു. നെല്ല്, നെല്ല്, പയർ എന്നരീതിയിലുളളവിളക്രമം നിലങ്ങളിൽ അനുവർത്തിച്ചിരുന്നു. തെങ്ങുകൃഷി ബഹുഭൂരിപക്ഷംപേരും ഗൗരവത്തോടെ കണ്ടിരുന്നില്ല. ഇടവിളയായി ചേന, ചേമ്പ്, കാച്ചിൽ, വാഴ എന്നിവ വിപുലമായി കൃഷിചെയ്തിരുന്നു. ഇടവപ്പാതി മഴക്കാലത്ത് കരകൃഷിയായി എളള്, മുതിര, കൂവരക്, ചെറുപയർ, ഉഴുന്ന്, മധുരക്കിഴങ്ങ്, കൂർക്ക എന്നിവ വ്യാപകമായി കൃഷിചെയ്തിരുന്നു.

കൂടുതൽ വരുമാനമുളള തൊഴിൽ അന്വേഷിച്ച് കാർഷികവൃത്തിയിലേർപ്പെട്ടിരുന്നവർ നഗരങ്ങളിലേക്കും വിദേശങ്ങളിലേക്കും പോയതോടെ കാർഷികമേഖല അവഗണിക്കപ്പെട്ടു. അധ്വാനശേഷി അധികം വേണ്ടുന്ന ഇടവിള കൃഷികളിൽ നിന്ന് കുടുംബങ്ങൾ പിൻമാറിതുടങ്ങി. തെന്നിയോ തെറിച്ചോ ഇടവിളകൃഷിയിൽ ഏർപ്പെടുന്നവർക്ക് കീടശല്യവും,പക്ഷിശല്യവും, എലിശല്യവും തടയാനാവാതെ വന്നപ്പോൾ ക്രമേണ അവരും ഈ രംഗത്തുനിന്നും പിൻമാറി.

വളരെ വർഷങ്ങൾക്ക് മുൻപ് വെറ്റിലകൃഷി ഉപതൊഴിലായി സ്വീകരിച്ചിരുന്ന ഒരു പിടിയോളം കർഷകർ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഇന്നത് ഒരു സ്മരണ മാത്രമായി മാറിയിരിക്കുന്നു. കൊക്കോകൃഷി 1975 ൽ വ്യാപകമായി തുടങ്ങി. എന്നാൽ കൊക്കോ വിപണിയിലുണ്ടായ തകർച്ച പലകൃഷിക്കാരേയും ഈ വിള വെട്ടിക്കളയാൻ പ്രേരിതരാക്കി. വാഴക്കൃഷി മുഖ്യ വിളയായി സ്വീകരിച്ചവർ ഈ പഞ്ചായത്തിൽ ഇല്ലെങ്കിലും ഇടവിളയായി എല്ലാഭാഗത്തും വാഴ കൃഷിചെയ്തുവരുന്നു. പാളയംകോടൻ, ഏത്തൻ, ഞാലിപ്പൂവൻ, മൊന്തൻ, പടറ്റി തുടങ്ങിയ ഇനങ്ങൾ ധാരാളം. എന്നാൽ ചുവന്നകപ്പ, മഞ്ഞക്കപ്പ, മോറിസ് തുടങ്ങിയവ ഇനിയും വ്യാപകമായിട്ടില്ല. ശാസ്ത്രീയമായി വാഴകൃഷി ആരും ചെയുന്നില്ല. പച്ചക്കറി കൃഷിയുടെ കാര്യത്തിൽ ഇന്നും അലംഭാവം പുലർത്തുന്ന ഒരു സമൂഹമാണ്. പത്തൻപത് വർഷങ്ങൾക്ക്മുൻപ് വീട്ടിൽ കാർഷികമായി ഉൽപ്പാദിപ്പിക്കുന്ന എന്തെങ്കിലും ചന്തയിൽ വിറ്റ് അതിന് മത്സ്യം വാങ്ങുന്ന വളരെപേരു ണ്ടായിരുന്നു. സാമ്പത്തികമായി പിന്നോക്കമായിരുന്ന അന്നത്തെ സാഹചര്യ ത്തിൽ ആ വരുമാനം ഒരാശ്വാസമായിരുന്നു. പച്ചമുളക്, അഗസ്തിപ്പൂവ്, മുരിങ്ങക്കായ്, പച്ചക്കായ്, ചീര, വാഴത്തട, വാഴക്കൂമ്പ്, കോഴിമുട്ട, പുളി, നെല്ല്, പൊടിയരി, കൈതച്ചക്ക, ശീമച്ചക്ക, മാമ്പഴം, പച്ചമാങ്ങ, ചക്ക, ചക്കക്കുരു, മരച്ചീനി, കാരയ്ക്ക, നെല്ലിക്ക

തുടങ്ങിയവ ചന്തകളിലൂടെ വിറ്റിരുന്നു. ചെറിയതോതിലാണെങ്കിലും ചിലയിനങ്ങൾ ഇന്നും വിൽക്കുന്നുണ്ട്.

സ്വന്തം ആവശ്യം കഴിഞ്ഞ് ബാക്കിവരുന്ന കാർഷികോല്പന്നങ്ങൾ ചന്തയിൽ കൊണ്ടുപോയി വിൽക്കുന്നതിൽ ഭൂരിപക്ഷം ആൾക്കാരും വിമുഖത കാട്ടിവരുന്നു.

തെങ്ങ്, നെല്ല്, റബ്ബർ, മരച്ചീനി എന്നിവ യഥാക്രമം മുഖ്യവിളകളായി കൃഷി ചെയ്യപ്പെടുന്നു. ഇതിൽ നെൽകൃഷി കുറഞ്ഞുവരികയും റബ്ബർകൃഷി കൂടി വരികയും ചെയ്യുന്നു.

| ഇനം | ഏക്കറിൽ |
|---|---|
| തെങ്ങ് | 2368 |
| നെല്ല് | 480 |

റെവന്യൂ സെറ്റിൽമെന്റ് രേഖ

### നടീൽ വസ്തുക്കളുടെ വിതരണം

| ഇനം | വർഷം | | |
|---|---|---|---|
| | 93-94 | 94-95 | 95-96 |
| തെങ്ങ് | 600 എണ്ണം | 75 എണ്ണം | 1445 എണ്ണം |
| കശുമാവ് | —— | 320 എണ്ണം | —— |
| കുരുമുളക് | 5000 എണ്ണം | 2000 എണ്ണം | 4575 എണ്ണം |
| കമുക് | —— | —— | —— |
| പച്ചക്കറി വിത്ത് | 2523 കവർ | 2017 കവർ | 1006 കവർ |
| നെല്ല് വിത്ത് | 560 കി.ഗ്രാം | 300 കി.ഗ്രാം | 1690 കി.ഗ്രാം |
| പയർവർഗ്ഗ വിത്തുകൾ | 400 കി.ഗ്രാം | 296 കി.ഗ്രാം | 208 കി.ഗ്രാം |

അവലംബം കൃഷിഭവൻ രേഖ

ഉല്പാദനക്ഷമതയുടെ കാര്യത്തിൽ ഇന്നും വളരെ പുറകെയാണ് നാം. പ്രത്യേകിച്ച് തെങ്ങിന്റെ കാര്യത്തിൽ സ്ഥിതി വളരെ ശോചനീയമാണ്.കൂനിന്മേൽകുരു എന്ന പോലെ തെങ്ങുരോഗങ്ങൾ വ്യാപകമായി ക്കൊണ്ടിരിക്കുന്നു.

### രോഗം വന്ന തെങ്ങുകളുടെ വിവരം

| വാർഡ് | കായ്ഫലമുള്ള തെങ്ങ് | രോഗം വന്ന തെങ്ങ് |
|---|---|---|
| 1 | 24892 | 449 |
| 2 | 23852 | 913 |
| 3 | 11570 | 839 |
| 4 | 11822 | 467 |
| 5 | 14938 | 689 |
| 6 | 15863 | 691 |
| 7 | 14671 | 423 |
| 8 | 12602 | 294 |
| 9 | 19838 | 1654 |
| 10 | 22619 | 502 |
| 11 | 10920 | 404 |
| ആകെ | 183587 | 7325 |

അവലംബം കൃഷിഭവൻ രേഖ

### ജലസേചനസൗകര്യങ്ങൾ

കിണറുകളെ ആശ്രയിച്ചുള്ള ജലസേചനമാണ് പ്രധാനമായി നടക്കുന്നത്. അതുകഴിഞ്ഞാൽ ഒരു ചെറിയപങ്ക് കുളവുംതോടും വഹിക്കുന്നു. യാതൊരുവിധജലസേചനപദ്ധതിയും നമ്മുടെ

പഞ്ചായത്തിൽ ഇല്ല. ഒരു പദ്ധതിയുടേയും പ്രദേശവുമല്ല. ഈയിനത്തിൽ ഒരു നിക്ഷേപവും ഇതേവരെ നടത്തിയിട്ടില്ല.

| കൃഷിയ്ക്കുവേണ്ടി സ്ഥാപിച്ച പമ്പുകൾ | എണ്ണം |
|---|---|
| 1 മുതൽ 11 വരെയുള്ള വാർഡുകളിൽ | 8 |

കൊപ്രയും, റബ്ബറും, നെല്ലും ആണ് പ്രധാന കാർഷികോല്പന്നങ്ങൾ. കൊപ്രയും, റബ്ബറുംപ്രധാനമായും സ്വകാര്യമുതലാളിമാരുടെ ഇഷ്ടാനുസരണമുള്ള മാർക്കറ്റിന് വിധേയമായി വിൽക്കപ്പെടുന്നു. നെല്ല് ഉല്പാദിപ്പിച്ച് വിറ്റിരുന്നവർ ഇന്ന് സ്വന്തം ആവശ്യത്തിനുപോലും നെൽകൃഷിനടത്തുന്നില്ല. മരച്ചീനി പ്രാദേശിക ചന്തകളിൽ വിറ്റുതീർക്കുന്നു. കശുവണ്ടി, കുരുമുളക് തുടങ്ങിയവയും ചെറുകിടകച്ചവടക്കാരാണ് കൃഷിക്കാരിൽനിന്നും വാങ്ങുന്നത്. മാർക്കറ്റ് വിലയേക്കാൾ വളരെ കുറച്ചാണ് കൃഷിക്കാർ ഇവ വിൽക്കുന്നത്. ഈ മേഖലയിൽ ചൂഷണം ഇന്നും കാര്യമായി നിലനൽക്കുന്നു. മാർക്കറ്റിംഗ് സൊസൈറ്റികൾ രൂപീകരിച്ച് കാർഷികോല്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിൽക്കാൻ വേണ്ട സൗകര്യങ്ങൾ ഒരുക്കേണ്ടതാവശ്യമാണ്.

### കാർഷികബന്ധങ്ങൾ

സ്വന്തം ഭൂമിയിൽ അദ്ധ്വാനിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞുവരുന്നു. 5893 പേർ നാമമാത്ര കർഷകരാണ് (ഒരു ഹെക്ടറിൽ താഴെ ഭൂമി). ഈ വിഭാഗം കൃഷിക്കാർ കൃഷിയിൽ നിന്നുള്ള വരുമാനം കൊണ്ടല്ല ജീവിക്കുന്നത്. ആ മേഖലയിൽ കൂട്ടായ്മയുമില്ല. കർഷകതൊഴിലാളികൾ പഞ്ചായത്തിലെ ജനസംഖ്യയുടെ 6% മാത്രമേ ഉള്ളു. ചുരുക്കിപ്പറഞ്ഞാൽ കൃഷി ഒരു ജീവിതവൃത്തിയായി കണ്ടിരുന്നവർ ഭൂരിഭാഗവും അത് ഉപേക്ഷിച്ചുകൊണ്ടിരിക്കുന്നു. ഒരു നിസ്സംഗമനോഭാവമാണ് ഈ മേഖലയിൽ പ്രകടമാകുന്നത്.

| വാർഡ് | നാമമാത്ര കർഷകർ | ചെറുകിട കർഷകർ | വൻകിട കർഷകർ |
|---|---|---|---|
| 1 | 395 | 73 | 24 |
| 2 | 556 | 79 | 18 |
| 3 | 672 | 54 | 21 |
| 4 | 361 | 32 | 8 |
| 5 | 540 | 70 | 26 |
| 6 | 747 | 66 | 17 |
| 7 | 440 | 38 | 11 |
| 8 | 477 | 68 | 17 |
| 9 | 651 | 84 | 31 |
| 10 | 619 | 56 | 29 |
| 11 | 435 | 61 | 10 |
| ആകെ | 5893 | 681 | 212 |

അവലംബം കൃഷിഭവൻ രേഖ

### വളം ഉപഭോഗം

രാസവള ഉപഭോഗം നാമമാത്രമാണ്. അതുപോലെതന്നെയാണ് ജൈവവള ഉപയോഗവും. ജൈവവള നിർമ്മാണത്തിനാവശ്യമായ പച്ചിലകൃഷി വ്യാപിപ്പിക്കുകയും കമ്പോസ്റ്റ് നിർമ്മാണത്തിന് ആവശ്യമായ സഹായങ്ങൾ എത്തിച്ചുകൊടുക്കുകയും ചെയ്താൽ ജൈവവളങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കാൻ കഴിയും.

### വളം ഉപഭോഗം മുൻവർഷങ്ങളിൽ

(കി. ഗ്രാമിൽ)

| ഇനം | വർഷം | | |
|---|---|---|---|
| | 93-94 | 94-95 | 95-96 |
| ഫാക്ടംഫോസ് | 12000 | 16000 | 9000 |
| മ്യൂറിയേറ്റ് ഒഫ്പൊട്ടാഷ് | 8000 | 8000 | 6000 |
| യൂറിയ | 6000 | 8000 | 6000 |
| അമോണിയം സൽഫേറ്റ് | 4000 | 6000 | 8000 |
| 10:5:20 | 4000 | 4000 | 6000 |
| 10:10:10 | 2000 | 3000 | 4000 |

അവലംബം കൃഷിഭവൻ രേഖ

### കീടനാശിനി ഉപഭോഗം

| ഇനം | വർഷം | | |
|---|---|---|---|
| | 93-94 | 94-95 | 95-96 |
| ഖരം | 170 കി. ഗ്രാം | 200 കി. ഗ്രാം | 200 കി. ഗ്രാം |
| ദ്രാവകം | 45 ലി. | 60 ലി. | 45 ലി. |

അവലംബം കൃഷിഭവൻ രേഖ

## വിള ഇൻഷുറൻസ് പദ്ധതി

പ്രകൃതിക്ഷോഭം മൂലം വിളനശിക്കുന്നുവെങ്കിൽ മാത്രമേ ഇൻഷുറൻസ് കവറേജ് ലഭിക്കൂ. ദീർഘകാല വിളയായ തെങ്ങ് ആപത്ഘട്ടത്തിൽ നിൽക്കുകയോ, അസുഖം വന്ന് ഉപയോഗശൂന്യമായാലോ ഇൻഷുറൻസ് ആനുകൂല്യം ലഭിക്കുന്നില്ല.

## ഗ്രൂപ്പ്ഫാംമിംഗ് സമിതി

ഗ്രൂപ്പ്ഫാംമിംഗ് സമിതിയിൽ വിത്തുല്പാദനം നടത്തുന്ന കൃഷിക്കാരന് പ്രത്യേക ആനുകൂല്യം ലഭിക്കുന്നില്ല. ഈ ആനുകൂല്യം സമിതിയുടെ പേരിലേക്കാണ് പോകുന്നത്. ഇതുമൂലം വിത്തുല്പാദനത്തിന് കർഷകൻ തയാറാകാത്ത സ്ഥിതിവിശേഷം ഉണ്ട്. അതുകൊണ്ട് വിത്തുല്പാദിപ്പിക്കുന്ന കർഷകനാണ് ഈ പ്രത്യേക ആനുകൂല്യം ലഭിക്കേണ്ടത്. അത് പ്രസ്തുത കർഷകനു തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

ഒരു പാടശേഖരത്തിന് ആവശ്യമായിവരുന്ന ഞാറ് തയാറാക്കികൊടുക്കുന്ന കർഷകന് വിളവിൽ കുറവുവരുന്നു. ഞാറ്റടിയായി ഉപയോഗിക്കുന്ന വയലിന്റെ ഉടമയ്ക്ക് സംഭവിക്കുന്ന ഉല്പാദന നഷ്ടം നികത്തുന്നതിനു സാമ്പത്തികസഹായം നൽകുക.

ഓരോസമിതിക്കും വിത്ത്, വളം, കാർഷിക ഉപകരണങ്ങൾ ഇവ സൂക്ഷിക്കുന്നതിന് ഫാം ഹൗസ് നിർമ്മിക്കുക.

എല്ലാ പാടശേഖരവും കുളം ആസ്ഥാനമാക്കി ജലസേചന സൗകര്യം ഒരുക്കി മൂന്നാം വിളയ്ക്ക് അവസരം ഒരുക്കുക.

## പ്രദർശനത്തോട്ട നിർമ്മാണം

ഇപ്പോൾ സബ്സിഡി നൽകുന്ന സംവിധാനം പ്രയാസമേറിയതാണ്. ആയതിനാൽ ഈ പദ്ധതി പരിപൂർണ്ണമായി വിജയിക്കണമെങ്കിൽ പൂർണ്ണമായും സബ്സിഡി നൽകി ചെയ്യുക. ഉൽപ്പാദനോപാധികൾക്ക് 100% സബ്സിഡി നൽകുക

## സ്പെഷ്യൽ കംപോണന്റ് പ്രോഗ്രാം

പട്ടികജാതി വിഭാഗത്തിനുവേണ്ടിയുള്ള വീട് നിർമ്മാണം, കിണർ എന്നിവ കൃഷിവകുപ്പ് വഴി നൽകുന്നത് മാറ്റി മറ്റ് ഏജൻസികളായ ഗ്രാമവികസന വകുപ്പു വഴിയോ, തദ്ദേശസ്വയംഭരണവകുപ്പുവഴിയോ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പുകൾ വഴിയോ നടപ്പിലാക്കുക.

## മണ്ണുപരിശോധന

മണ്ണുപരിശോധന നടത്തുന്ന ഇന്നത്തെ രീതി ഉദ്ദേശിച്ച ഫലം ചെയ്യുന്നില്ല. വർഷത്തിൽ 300 കേസ് എന്നതു മാറ്റി ഒരു കൃഷി അസിസ്റ്റന്റ് മാസത്തിൽ 5 കേസ് എന്ന രീതിയിൽ "മാറ്റണം. മാത്ര മല്ല ഈരീതി ഫലപ്രദമായി നടക്കുന്നുണ്ടെന്ന് വാർഡ് കർഷകസമിതിയെ അറിയിക്കുക. മണ്ണു സാമ്പിൾ അയച്ച വ്യക്തികളുടെ അഡ്രസ്

വാർഡ് കർഷകസമിതിക്കും നൽകുക. മണ്ണുപരിശോധന ക്യാമ്പയിൻ സംഘടിപ്പിക്കുക. മണ്ണ് സാമ്പിൾ എടുക്കുന്നതിന് വീഡിയോ കാസറ്റുവഴി പരിശീലനം നൽകുക.

## സമഗ്ര നാളീകേര വികസനപദ്ധതി

ഇപ്പോൾ നടന്നുവരുന്ന രീതി അനുസരിച്ച് രോഗം വന്ന എല്ലാ തെങ്ങുകളും നശിപ്പിക്കാൻ കഴിയുന്നില്ല. കാരണം ഒരു വർഷം ഒരു കൃഷിഭവൻ അതൃത്തിയിൽ ആകെ വെട്ടിമാറ്റേണ്ട തെങ്ങുകളിൽ നേരിയ ശതമാനം മാത്രമേ വെട്ടിമാറ്റാൻ സഹായം ലഭിക്കുന്നുള്ളു. തെങ്ങ് മുറിച്ചുമാറ്റാൻ വിസമ്മതം പ്രകടിപ്പിക്കുന്നവരുടെ തെങ്ങ് വെട്ടിമാറ്റാൻ നിയമപരിരക്ഷ വേണം. ഇടവിളകൃഷിക്ക് എന്താണു നടാൻ സൗകര്യം എന്നത് തീരുമാനിക്കാനും അതിന്റെ നടീൽ വസ്തു ശേഖരിച്ച് വിൽക്കാനും അതാതു പ്രദേശത്തെ കൃഷിഭവനെ അനുവദിക്കുക.

ജലസേചന പമ്പുകൾ ഐ.എസ്.ഐ മുദ്ര ഉള്ളതാണ് എന്ന് ഉറപ്പുവരുത്തുകയും, ആതറൈസ്ഡ് ഡീലറിൽ നിന്ന് മാത്രമേ വാങ്ങാവൂ എന്നത് എടുത്തുകളയുകയും വേണം.

ഈ പഞ്ചായത്തിൽ രാസവളകിറ്റിനു പകരം മഗ്നീഷ്യംസൽഫേറ്റും കുമ്മായവും വിതരണം ചെയ്യുക.

## ബയോഗ്യാസ്

ഇന്നു നൽകിവരുന്ന സബ്സിഡി കുറവാണ്. കൂടുതൽ പേരെ ആകർഷിക്കത്തക്ക രീതിയിൽ സബ്സിഡി വർദ്ധിപ്പിക്കുക.

## സ്കൂൾ കുട്ടികൾക്കായുള്ള പച്ചക്കറി പദ്ധതി

ഈയിനത്തിൽ വിതരണം ചെയപ്പെടുന്ന വിത്തുകൾ നഷ്ടപ്പെടുകയാണ്. 5% പേർപോലും ഇതു ഫലപ്രദമാക്കുന്നില്ല. ആയതിനാൽ ഈ പദ്ധതി ഉപേക്ഷിച്ചിട്ട് ആവശ്യമുള്ള കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ വിത്ത് ലഭ്യമാക്കണം.

## ഫലവർഗ്ഗ സസ്യവിതരണം

പഞ്ചായത്തിലെതന്നെ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ നടീൽവസ്തു കൃഷിവകുപ്പിന്റെ മേൽനോട്ടത്തിലോ കർഷകന് സാങ്കേതികസഹായം നൽകിയോ ഉൽപ്പാദിപ്പിച്ച് വിതരണം ചെയുക.

## മൂന്നാം വിളയ്ക്കുള്ള പദ്ധതി

മൂന്നാം വിളയ്ക്കായി പയർ കൃഷിചെയുന്നതിന് പയർ വിത്ത് സൗജന്യ നിരക്കിൽ നൽകുന്നത് ഒഴിവാക്കി പൂർണ്ണമായും സൗജന്യമായി നൽകുക. ഈപ്രദേശങ്ങളിൽ കീടനാശിനി ആരും ഉപയോഗിക്കുന്നില്ല. ആയതിനാൽ സൗജന്യമായി കീടനാശിനി വിതരണം മാറ്റിയിട്ട് വളം നൽകുന്നത് നടപ്പിൽ വരുത്തുക.

## പ്രശ്നങ്ങൾ

1. കൃഷിക്കാർ പൊതുവെ മണ്ണ്പരിശോധന നടത്തിയല്ല വളം ഉപയോഗിക്കുന്നത്. ഇത് അമിത ചെലവുണ്ടാക്കുന്നതും വരുമാനം ഉയർത്താൻ കഴിയാത്തതുമാണ്..

2. കൃഷി പ്രധാനമായും മഴയെ ആശ്രയിച്ചായതിനാൽ കൃഷിയിറക്കലും വിള സംരക്ഷണ പ്രവർത്തനങ്ങളും നടത്താൻ കർഷകതൊഴിലാളികളെ വേണ്ടത്ര ലഭിക്കുന്നില്ല.

3. വിത്തുകൾ, തൈകൾ, നടീൽ വസ്തുക്കൾ ഇവയൊന്നും പ്രാദേശികമായി സംഭരിക്കുന്നില്ല. മഴയുടെ അനുകൂലാവസ്ഥ പരമാവധി ചൂഷണം ചെയ്യാൻ ഇതുമൂലം കഴിയുന്നില്ല.

4. നെൽകൃഷിക്ക് കൂട്ടായ്മ നഷ്ടപ്പെട്ടിരിക്കുന്നു.

5. മിക്കകൃഷിയും ഉടമസ്ഥരിൽനിന്ന് അന്യമാകുന്നു.

6. ജൈവവളം തീരെകുറവായതിനാൽ മണ്ണ് സമ്പുഷ്ടമല്ല.

(പഞ്ചായത്തിലെ എല്ലാ വാർഡിലും ഇതൊരു ഗുരുതര പ്രശ്നമായി നിലനിൽക്കുന്നു.)

7. ദീർഘകാലവിളയായ തെങ്ങ് നാനാ രോഗങ്ങൾക്ക് അടിമപ്പെട്ടു കൊണ്ടിരിക്കുന്നു.

8. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും, ഉല്പാദനക്ഷമത കുറഞ്ഞവ നീക്കം ചെയുന്നതിനും കൃഷിക്കാരുടെ ഇടയിൽ

സാമൂഹ്യമായ ഒരു കാഴ്ചപ്പാടും ഇല്ല.

9. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത.

10. കിണറിനെ മാത്രം ആശ്രയിച്ച് ജലസേചനം ചെയ്തിരുന്നവർ ജലദൗർലഭ്യം അനുഭവിച്ചു തുടങ്ങിയിരിക്കുന്നു.

11. നിലം നികത്തി തെങ്ങുകൃഷി ചെയ്യുവർ ജല നിർഗ്ഗമനത്തിനുള്ള സംവിധാനങ്ങൾ ഒരുക്കാത്തതിനാൽ കരയിൽ കൃഷി ചെയുന്നതിനേക്കാൾ ഉല്പാദനക്ഷമത കുറഞ്ഞിരിക്കുന്നു.

12. മണ്ണൊലിപ്പ് വളരെ രൂക്ഷമാണ്. വാർഡ് 3, 4, 5, 6, 7, 8, 9, 10, 11 എന്നീ വാർഡുകളിൽ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ അപര്യാപ്തമാണ്.

13. ഉപ്പു വെള്ളത്തിന്റെ ശല്യം അഴൂർ പ്രദേശങ്ങളിൽ നെൽക്കൃഷി നഷ്ടത്തി ലാക്കിയിരിക്കുന്നു.

14. ജലനിർഗ്ഗമന സൗകര്യം കുറഞ്ഞതിനാൽ ഇടഞ്ഞുംമൂല, ചെറുമുട്ടം, പെരുങ്ങുഴി, അഴൂർ, കുഴിയം പ്രദേശങ്ങളിൽ നെൽകൃഷി ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്.

15. നെൽവിത്ത് സമയത്ത് ലഭിയ്ക്കുന്നില്ല.

16. തേങ്ങയുടെ വില വളരെ കുറവാണ്.

17. കിഴക്കൻ പ്രദേശങ്ങളിൽ രണ്ടാം വിളയ്ക്ക് വരൾച്ച അനുഭവപ്പെടുന്നു. (മുട്ടപ്പലം, ചിറ്റാരിക്കോണം, മാതശ്ശേരിക്കോണം എന്നീ ഏലാകളിൽ)

18. ഇടവിളയ്ക്ക് താല്പര്യമില്ല.

19. അടയ്ക്കാകൃഷി വ്യാപകമായി കുറഞ്ഞു വരുന്നു.

20. കുരുമുളകുകൃഷി ശാസ്ത്രീയമയി ആരും ചെയുന്നില്ല.

21. വൻ വൃക്ഷങ്ങളുടെ എണ്ണംകുറഞ്ഞതും ജൈവ വേലികൾ മാറി മതിലുകൾ രൂപം കൊണ്ടതും പച്ചിലവളത്തിന്റെ ലഭ്യത കുറച്ചിരിക്കുന്നു.

22. കശുമാവ് കൃഷിയിൽ താല്പര്യമില്ലായ്മ, വളരെ പ്രായം കൂടിയ കശുമാവിൽ നിന്നുള്ള ആദായം കുറവ്, നല്ല ഇനങ്ങളുടെ പ്രചാരണം കുറവ് ഇതൊക്കെ നിലനിൽക്കുന്നു.

23. മാടൻവിള പ്രദേശത്ത് തെങ്ങിന് എലി ശല്യം രൂക്ഷമാണ്. നീർവാർച്ച കുറവായതിനാൽ രോഗബാധയുണ്ടാകുന്നതും തെങ്ങിന്റെ ഉല്പാദനക്ഷമത കുറവാണ്.

24. പഞ്ചായത്തിലാകമാനം ഉള്ള ചിറകൾ ഇന്ന് ഉപയോഗശൂന്യമാണ്.

25. പൊഴിമൂടി വെള്ളം കയറുന്നതിനാൽ ഇടവിളകൃഷി, തെങ്ങ്, നെല്ല് ഇവ നശിക്കുന്നു.

26. നിലങ്ങളിൽ ട്രാക്റ്റർ, ട്രില്ലർ എന്നിവ റോഡിൽനിന്ന് ഇറക്കുന്നതിന് സൗകര്യമില്ല.

27. മരച്ചീനിക്ക് വ്യാപകമായി എലി ശല്യം രൂക്ഷമാണ്.

## സാദ്ധ്യതകൾ

1. മണ്ണുസംരക്ഷണപ്രവർത്തനങ്ങളും, മണ്ണൊലിപ്പ് തടയുന്നതിനുള്ള തട്ടും താരയും പിടിക്കൽ, ടെറസിംഗ്, ബൺഡിംഗ് തുടങ്ങിയവ വ്യാപകമായി ചെയ്യാവുന്നതാണ്.

2. പാടങ്ങൾ നികത്തുന്നത് കർശനമായി തടയുകയും സാമൂഹ്യ സമ്മർദ്ദം ഉയർത്തുകയും ചെയാവുന്നതാണ്.

3. ഗ്രൂപ്പ് ഫാമിംഗ് സമിതികൾ പുനരുജ്ജീവിപ്പിച്ച് നീർമറി അടിസ്ഥാനത്തിൽ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

4. നഴ്സറികൾ നടത്താൻ താല്പര്യമുള്ള കർഷകരെ പഞ്ചായത്തുതലത്തിൽ രജിസ്റ്റർ ചെയ്ത് ആവശ്യമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്ത് നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കാവുന്നതാണ്

5. ചിങ്ങമാസത്തിൽ ഒരു കാർഷിക പ്രദർശനം പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കാവുന്നതാണ്. കാർഷിക ഉല്പന്നങ്ങളുടെ പ്രദർശനം എന്നതിലുപരി സെമിനാർ, ബോധവൽക്കരണം, മത്സരം തുടങ്ങിയവ നടത്തണം. ഏറ്റവും നല്ല കേരകർഷകൻ, നെൽകൃഷിക്കാരൻ, പച്ചക്കറി ഉല്പാദകൻ ഇങ്ങനെ അവാർഡുകൾ നൽകുക.

6. കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവർക്ക് (നാമമാത്ര കർഷകർ, ചെറുകിടകർഷകർ മാത്രം)

അവരുടെ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ വാർഷിക ബോണസ്, പെൻഷൻ എന്നിവ ഏർപ്പെടുത്താവുന്നതാണ്.

7. ഓരോവാർഡിലും കേരകർഷകസമിതി, നെൽകൃഷികർഷകസമിതി, കുരുമുളക് കർഷക സമിതി, റബ്ബർ കർഷക സമിതി, പച്ചക്കറി കർഷക സമിതി എന്നിവ രൂപീകരിക്കുക. അല്ലെങ്കിൽ ഇതിന്റെ സംയോജിതരൂപത്തിൽ സമിതി ഉണ്ടാക്കുക.

8. കരകൃഷിക്ക് ജലസേചന സൗകര്യം ഏർപ്പെടുത്താൻ പലിശകുറഞ്ഞ ദീർഘകാലവായ്പകൾ നൽകുക, വൈദ്യുതി സൗജന്യമായോ സൗജന്യനിരക്കിലോ നൽകുക.

9. വാർഡ്കർഷക സമിതിയുടെ ആഭിമുഖ്യത്തിൽ ഒരു ദിവസംകൊണ്ട് കാർഷിക സർവ്വേ നടത്തി കേരരോഗത്തിന്റെ അളവ്, നശിപ്പിക്കേണ്ട തെങ്ങുകളുടെ എണ്ണം പ്രാഥമിക അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതിനും ഓരോ കാർഷികവിളയുടേയും ഉല്പാദനക്ഷമത, ഇടവിളകൃഷിക്കുള്ള സാദ്ധ്യതകൾ ഇവ സമഗ്രമായി മനസ്സിലാക്കുന്നതിനും, ഭാവി ആസൂത്രണത്തിനും വിവരങ്ങൾ ശേഖരിക്കണം.

10. ഉല്പാദനക്ഷമത നശിച്ച തെങ്ങ്, രക്ഷപ്പെടുത്താനാകാത്തവിധം രോഗം ബാധിച്ചതെങ്ങ്, ഉല്പാദനക്ഷമത കുറഞ്ഞ കുരുമുളക് ചെടികൾ, കശുമാവ് ഇവ റീപ്ലാന്റ് ചെയ്യുന്നതിന് സാമ്പത്തികസഹായം ചെയ്യുക. സാമൂഹ്യമായ ഈ ആവശ്യം കർഷകരെ ബോദ്ധ്യപ്പെടുത്തുക.

11. രോഗനിവാരണ പ്രവർത്തനങ്ങൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ വാർഡടിസ്ഥാനത്തിലുള്ള കർഷകസമിതിയുടെ നേതൃത്വത്തിൽ 45 സ്ക്വാഡുകൾ രൂപീകരിച്ച് നടത്തുക. ഇതിന് വേണ്ട മരുന്ന്, മരുന്ന്തളി ഉപകരണങ്ങൾ എന്നിവ കൃഷിവകുപ്പും പഞ്ചായത്തും നൽകുക. തൊഴിലാളിയുടെകൂലി ഉടമസ്ഥൻ നൽകുക.

12. നെല്ല്കൃഷി സുഗമമായി ചെയ്യാൻ സഹായിക്കുമാറ് മാർത്താണ്ഡംകോണം, കണ്ണൻകരകോണം, ആയിരവല്ലിക്കാവ്, മരങ്ങാട്ടുകോണം, മഠത്തിൽപാറ, കുഴിയം, ചേമ്പുംമൂല വാട്ടർടാങ്കിനു സമീപം എന്നിവിടങ്ങളിൽ, പ്രകൃത്യാ ഉള്ള നീരുറവകൾ കുളങ്ങളാക്കിമാറ്റുക. ജലസേചനത്തിനും, കന്നുകാലികളെ വൃത്തിയാക്കുന്നതിനും ഉതകുന്നമാതൃകയിൽ വലിയ കുളങ്ങളാണ് വേണ്ടത്. മരങ്ങാട്ടുകോണം ചിറ വലുതാക്കി കൃഷിക്ക് ഉപയോഗപ്രദമാക്കണം.

13. നിലവിലുള്ള കുളങ്ങളുടെ ക്ഷമതവർദ്ധിപ്പിക്കാൻ ബന്ധപ്പെട്ട വാർഡിൽ രൂപം കൊള്ളുന്ന കർഷകസമിതിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തനങ്ങൾ നടത്തുക.

14.ചിറയിൻകീഴ് തോട്, മടയ്ക്കൽ തോട്, പാറയിൽ തോട്, മുക്കോണി തോട് എന്നിവിടങ്ങളിലെ ചീർപ്പുകൾ പുനരുദ്ധരിക്കുക. ഉപ്പുവെള്ളം കയറുന്നത് തടയാൻ ചിലന്ത്, തണ്ണീർക്കോണം ഭാഗത്ത് കൊല്ലം എന്ന സ്ഥലത്ത് ഷട്ടർ സംവിധാനം ഏർപ്പെടുത്തുക.

15. പറകോണം ഏലാത്തോട് നിർമ്മിക്കുക.

16. നയനാർതോട്, മാർത്താണ്ഡംകോണം, ചിലമ്പ് തോട് ഇവയിൽ പുതിയ ചീർപ്പുകൾ അല്ലെങ്കിൽ കർഷകസമിതിയുടെ നേതൃത്വത്തിൽ ജൈവതടയണകൾ നിർമ്മിക്കുക.

17. ചെറുകോട്ടുകോണം ചിറയും കല്ലുവെട്ടാംകുഴി ചിറയും ചെളികോരി ആഴംകൂട്ടി ജലസേചനത്തിന് മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ്ചെയ്യുക.

18. വാഴകൃഷിക്ക് വേണ്ട ശാസ്ത്രീയപരിചരണങ്ങൾ കൃഷിക്കാരെ പഠിപ്പിച്ച് ഈ കൃഷി വ്യാപകമാക്കുക.

19. പുൽകൃഷിക്ക് ആവശ്യമായ വിത്തുകൾ കൃഷിഭവൻ വഴി വിതരണം ചെയ്യുക.

20. വാർഡ് 7 ൽ ഇടഞ്ഞുംമൂല, ചെറുമുട്ടം, ചിലമ്പ്, വാർഡ് 9 ൽ മൂലയിൽ ഭാഗം, വാർഡ് 2 ൽ കുഴിയം എന്നിവിടങ്ങളിൽ വെള്ളക്കെട്ട്, ഉപ്പുവെള്ളശല്യം രൂക്ഷമാണ്. ഇത് കർഷകസമിതിയുടെ സഹായത്താൽ ദൂരീകരിച്ച് കൃഷിക്കാർക്ക് അനുയോജ്യമാക്കി മാറ്റാവുന്നതാണ്.

21. തണ്ണീർകോണത്ത് വേനൽക്കാലത്തും ധാരാളം വെള്ളം ലഭിക്കുന്ന രണ്ട് കിണറുകൾ ഉണ്ട്. ഇതിൽ മോട്ടോർപമ്പ് വച്ച് ജലസേചനം നടത്തിയാൽ 15 ഹെക്ടർ സ്ഥലത്ത് വീതം തെങ്ങുകൃഷിയ്ക്ക് ഉപയോഗപ്രദമാക്കാം.

22. മഞ്ഞളിപ്പ് രോഗം നിയന്ത്രിക്കാൻ തെങ്ങിന് മഗ്നീഷ്യം സൾഫേറ്റ് ഇടുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാം.

23. കായൽതീരപ്രദേശമായ 1, 2, 7, 8, വാർഡുകളിൽ വ്യാപകമായി ചെമ്മണ്ണ് ഇടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക. ഇത് തെങ്ങിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കും.

24. ഒരു വീടിന് ഒരു കമ്പോസ്റ്റ്കുഴി എന്ന പദ്ധതി ആവിഷ്കരിക്കുക. ജൈവവള നിർമ്മാണത്തിന് വേണ്ട പരിശീലനം വാർഡടിസ്ഥാനത്തിൽ നല്കുക. (മണ്ണിരകമ്പോസ്റ്റ്, ചകിരികമ്പോസ്റ്റ്) പുളിരസം കൂടിയമണ്ണാണെങ്കിലും കുമ്മായം ഇടുന്ന പ്രവണത ഇല്ലാത്തതിനാൽ പകുതിവിലയ്ക്ക് കുമ്മായം കൃഷിക്കാർക്ക് നല്കുക.

25. വാർഡടിസ്ഥാനത്താൽ 25 കർഷകരെ തിരഞ്ഞെടുത്ത് പച്ചക്കറികൃഷിയിൽ പരിശീലനം നല്കി പച്ചക്കറികൃഷി നടത്തുക. ആവശ്യമായ വിത്ത്, വളം, ജലസേചനസൗകര്യം എന്നിവ ഒരുക്കിക്കൊടുക്കുക. ഇവരിൽ മൂന്നോ നാലോ പേരെ വിത്തുല്പാദനത്തിന് തെരഞ്ഞെടുത്ത് ധാരാളം വിത്ത് പ്രാദേശികമായി ഉല്പാദിപ്പിക്കുക. മാതൃകാപച്ചക്കറിതോട്ടം ഉണ്ടാക്കുകയും ആ കർഷകന് പ്രോത്സാഹനവും നല്കുക. പച്ചക്കറികൃഷിക്ക് മാത്രമായി ബോണസ് ഏർപ്പെടുത്തുക.

26. മരങ്ങോട്ടുകോണം തോട് റോഡാക്കിയതിൽ തോടു നികത്തപ്പെട്ടു. തോട് പുനർ നിർമ്മിക്കുന്നതിന് കൂട്ടായ ശ്രമം നടത്തേണ്ടതാണ്.

27. കുറ്റിമുല്ല, പിച്ചി എന്നിവ കൃഷിചെയ്ത് കൂട്ടായി പൂവ് ശേഖരിച്ച് വിൽപ്പന നടത്തുക (ക്ഷീരോൽപ്പാദന സഹകരണസംഘം മാതൃകയിൽ ആകാം)

28. തേനീച്ച വളർത്തൽ, കൂൺകൃഷി, ഫ്ലോറി കൾച്ചർ എന്നിവയിൽ വർഷംതോറും തിരഞ്ഞെടുക്കപ്പെട്ട 300 പേർക്ക് വീതം പരിശീലനം നൽകുക.

29. കേരകൃഷി, വാഴകൃഷി, അടയ്ക്കാ കൃഷി, തുടങ്ങിയ ഇടവിളകൃഷികൾക്ക് മാതൃകാതോട്ടങ്ങൾ തയാറാക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടവർക്ക് സഹായം നൽകുക.

30. എലി നശീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ കാര്യങ്ങൾ സംഘടിതമായി ചെയ്യുക. പാമ്പ്, മൂങ്ങ, പരുന്ത് എന്നിവയുടെ ആവാസത്തിന് അനുകൂലമായ നിലപാട് എടുക്കാൻ കർഷകരെ ബോധവാന്മാരാക്കുക.

31. വാർഡ് 8ൽ ഗാന്ധിസ്മാരകം, കല്ലുവെട്ടാൻകുഴി, രണ്ടേക്കർ തരിശുഭൂമി, മാർത്താണ്ഡംകോണത്ത് പതിനഞ്ചേക്കർ, കന്നുകാലിവനത്തിൽ 20 ഏക്കർ, ചിലമ്പിൽകിഴക്ക് 3 ഏക്കർ എന്നിങ്ങനെ തരിശുഭൂമി നിലവിലുണ്ട്. ഇവ പാട്ടത്തിന് കൃഷിയ്ക്കുപയുക്തമാക്കണം. ചിറ്റാരിക്കോണം, മുട്ടപ്പലം കലുങ്കിനുസമീപം, വാർഡ് 2ൽ 15 ഏക്കർ എന്നിങ്ങനെ തരിശിട്ടിരിക്കുന്ന നിലങ്ങൾ നെൽക്കൃഷി ചെയാൻ തക്ക രീതിയിൽ സൗകര്യപ്രദമാക്കണം.

32. പച്ചിലവള കൃഷി വ്യാപകമായി ചെയുന്നതിനുവേണ്ട വിത്ത് നടീൽവസ്തുക്കൾ എന്നിവ കർഷകർക്ക് മഴക്കാലത്ത് കൃത്യമായി ലഭ്യമാക്കണം.

33. ഒന്നാം വിളയ്ക്ക് ചിനപ്പ് പൊട്ടുന്ന സമയത്തും രണ്ടാം വിളയ്ക്ക് ചിനപ്പ്പൊട്ടുന്ന സമയത്തും ഏലാകളിൽ വിളക്ക്കെണി വയ്ക്കുക. പ്രാണികളെയും കീടങ്ങളെയും നിയന്ത്രിക്കാൻ ഇത് സഹായിക്കും.

34. മൂങ്ങയ്ക്ക് പാടങ്ങളിൽ രാത്രി സമയത്ത് വന്നിരിക്കാൻ കവണക്കമ്പ് നാട്ടുക.

35. ജൈവകീട നിയന്ത്രണത്തിനാവശ്യമായ ജീവികളെ കൃഷിഭവന്റെ നേതൃത്വത്തിൽ കൊണ്ടുവരികയും അവ കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുകയും, ഈ പഞ്ചായത്തിലാവശ്യമായത്രയും ജീവികളെ ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

36. ഔഷധസസ്യക്കൃഷി സ്വകാര്യാവശ്യത്തിനും വാണിജ്യാവശ്യത്തിനും ചെയ്യുന്നതിനുള്ള സ്ഥലം നമ്മുടെ പഞ്ചായത്തിലുണ്ട്. നമുക്ക് കൃഷിചെയ്യാൻ അനുയോജ്യമായ ഇനങ്ങൾ വ്യാപകമായി കൃഷിക്കാരുടെ ഇടയിൽ പ്രചരിപ്പിക്കുകയും അതിന്റെ നടീൽ വസ്തുക്കൾ പഞ്ചായത്തിൽ തന്നെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് സൗജന്യമായി എത്തിച്ചുകൊടുക്കുകയും ചെയ്യുക.

37. ആറാം വാർഡിലെ ഗാന്ധിസ്മാരക നിധിക്ക് പാട്ടത്തിനു നൽകിയിരിക്കുന്ന 5 ഏക്കർ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ഒരു മാതൃകാ കൃഷിത്തോട്ടമാക്കുക. ഈ പഞ്ചായത്തിലെ ആവശ്യത്തിനുവേണ്ട തെങ്ങിൻതൈകൾ, അടയ്ക്കാത്തൈകൾ, വാഴക്കന്നുകൾ മറ്റുഫലവർഗ്ഗ തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവ ഇവിടെ ഉൽപ്പാദിപ്പിക്കാം. കൂടാതെ കൃഷിക്കാക്ക് പരിശീലനം നൽകുന്നതിനു വേണ്ട ഡമോൺസ്ട്രേഷൻ ഫാം രൂപീകരിക്കണം. ആട്, മുയൽ, പന്നി, കോഴി, താറാവ് എന്നിവയുടെ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പാക്കാം. അതിനുവേണ്ടുന്ന അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തണം. കോഴി, താറാവ് എന്നിവയുടെ എഗ്ഗർ നെഴ്സറി ആരംഭിക്കാവുന്നതാണ്. ഇതിനെല്ലാം വേണ്ട സൗകര്യങ്ങൾ ഇപ്പോൾത്തന്നെ അവിടെയുണ്ട്.

പച്ചിലവളക്കൃഷിയ്ക്ക് ആവശ്യമായ നടീൽവസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയാം. നിലവിലുള്ള തീറ്റപ്പുല്ല് തോട്ടം കാര്യക്ഷമമാക്കി പച്ചപ്പുല്ല് കർഷകർക്ക് ലഭ്യമാക്കാം. മേൽപ്രവർത്തനങ്ങൾ എല്ലാം തന്നെ തിരഞ്ഞെടുക്കപ്പെട്ട ഒരു കർഷക സമിതിയ്ക്കോ അല്ലെങ്കിൽ ഒരു കാർഷികവികസന സഹകരണസംഘമോ രൂപീകരിച്ച് നടത്തിക്കാവുന്നതാണ്.

## സാമൂഹ്യ വനവൽക്കരണം

ധാരാളം വൻമരങ്ങളും വള്ളിപ്പടർപ്പുകളും കുറ്റിച്ചെടികളും കാവുകളും ഉണ്ടായിരുന്ന പ്രദേശമായിരുന്നു നമ്മുടെ പഞ്ചായത്ത്. വീടുവയ്ക്കുന്നതിനുവേണ്ടി വ്യാപകമായി വൻവൃക്ഷങ്ങൾ മുറിച്ചുമാറ്റപ്പെട്ടു. വിറകിനും തടിയ്ക്കും വേണ്ടി അനസ്യൂതമായി ഈ പ്രവർത്തി നാം ഇപ്പോഴും തുടരുന്നു. ആയതിനാൽ നമ്മുടെ പഞ്ചായത്തിന് ഒരു സാമൂഹ്യവനവൽക്കരണ നയം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. തടിക്കും വിറകിനും പച്ചിലയ്ക്കും വേണ്ടിയുള്ള പരിപാടികളാണ് സാമൂഹ്യവനവൽക്കരണത്തിൽ നാം ഊന്നൽ നൽകേണ്ടത്. ഈ ആവശ്യത്തിലേയ്ക്ക് ഏതൊക്കെയിനം വൃക്ഷത്തൈകളാണ് വേണ്ടതെന്ന് മനസ്സിലാക്കി അതിന്റെ തൈകൾ വാർഡടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയണം.

പൊതുസ്ഥലങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം, റോഡുകൾക്കിരുവശവും, അമ്പലപ്പറമ്പുകൾ, സ്കൂൾ കോമ്പൗണ്ടുകൾ, പുറംപോക്കുകൾ, തരിശുഭൂമികൾ എന്നിവിടങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് ശ്രമിക്കണം.

സബാബുൾ, പ്ലാവ് ആടിന് തീറ്റയ്ക്ക് ഉപയോഗിക്കാം

മാവ്, പുളി വിറകിന്, തേക്ക്, മാഞ്ചിയം തടിക്ക്, ശീമക്കൊന്ന, പൊൻകാമിയ, ബദാം, വട്ടത്താമര പച്ചിലയ്ക്ക്.

മേൽപ്പറഞ്ഞവ ഏത് പ്രദേശത്താണ് ആവശ്യമെന്നുള്ളത് മനസ്സിലാക്കി അതിന്റെ തൈകൾ അതാത് പ്രദേശങ്ങളിൽ തന്നെ ഉൽപ്പാദിപ്പിച്ച് സൗജന്യമായി വിതരണം ചെയുക.

പൊതുസ്ഥലങ്ങളിൽ ചെടി നടുന്നതുപോലെ പ്രാധാന്യമുള്ളതാണ് അവയുടെ സംരക്ഷണവും. ആയതിലേയ്ക്ക് തൈകളുടെ എണ്ണം തിരിച്ചോ പ്രദേശങ്ങൾ തിരിച്ചോ തേൽനോട്ടച്ചുമതല പ്രാദേശികമായി സംഘടിപ്പിക്കപ്പെട്ട ഹരിത സംഘങ്ങൾക്ക് നൽകാം. ആ കർത്തവ്യം ചെയ്യുന്നതിന് പ്രചോദനം എന്ന നിലയ്ക്ക് മരം മുറിക്കുമ്പോൾ ആ സംഘത്തിന് ഒരു നിശ്ചിതഭാഗം നൽകുക. വർഷംതോറും പച്ചിലവളവും 5 വർഷത്തിലൊരിക്കൽ വിറകും 1520 വർഷത്തിൽ തടിയും എന്നതാകട്ടെ ലക്ഷ്യം. ഇത് യാഥാർഥ്യമാക്കാൻ വേണ്ട നടപടികൾ മുൻഗണനാക്രമത്തിൽ ആസൂത്രണം ചെയ്യാവുന്നതാണ്.

*പുതുമഴ കഴിഞ്ഞയുടനെ തന്നെ (മെയ് അവസാനം ജൂൺ ആദ്യം) തൈകൾ വിതരണം ഉറപ്പുവരുത്തുക

*പഞ്ചായത്തിൽ എല്ലാവരും ഒരൊറ്റദിവസം തന്നെ വൃക്ഷത്തൈകൾ നടുന്നതിനുവേണ്ട സംഘടനാപ്രവർത്തനം നടത്തുക. വാർഡ് കർഷക സമിതി ഇതിനുവേണ്ട പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ടതാണ്.



# 2 മൃഗസംരക്ഷണം മത്സ്യബന്ധനം

ഇരുപതാംനൂറ്റാണ്ടിൻെറ ആദ്യകാലഘട്ടങ്ങളിൽ കന്നുകാലിവളർത്തൽ ഒരു മുഖ്യതൊഴിലായി ആരും സ്വീകരിച്ചിട്ടില്ലായിരുന്നു. കൃഷിയുമായി ബന്ധപ്പെട്ട ഒരു അനുബന്ധ മേഖല മാത്രമായിരുന്നു ഈ രംഗം. നാടൻ ഇനം പശുവിൽനിന്നും ഒന്നര ലിററർ പാൽ മുതൽ മൂന്നുലിററർ പാൽ വരെ ലഭിച്ചിരുന്നു. ഉഴവു മാടുകളെ വ്യാപകമായി വളർത്തിയിരുന്നു. കാളവണ്ടിക്കുള്ള വണ്ടിക്കാളകൾ, ചക്കുകാളകൾ എന്നിവ ഈ നാട്ടിൽ ധാരാളം ഉണ്ടായിരുന്നു. നാടൻ ചക്കുകൾ അപ്രത്യക്ഷമായതോടെ ചക്കുകാളകളും ആവശ്യമില്ലാത്തതായി. മോട്ടോർ യുഗത്തിൽ പരിസ്ഥിതിയ്ക്കു ദോഷം വരുത്താത്ത കാളവണ്ടികളും ക്രമേണ കുറഞ്ഞുവരുന്നു. നാടൻ പശുവും, നാടൻ എരുമയും ഇന്ന് നാശോന്മുഖമായി ക്കൊണ്ടിരിക്കുന്നു. കന്നുകാലി വളർത്തൽ ഇന്നൊരു മുഖ്യതൊഴിലായി വളർച്ച പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. ഉത്പാദനക്ഷമതയിൽ നാം വളരെ മുന്നോട്ടു പോയി ക്കഴിഞ്ഞു. അതിനനുസരണമായി ഈ മേഖല സ്വയം പര്യാപ്തമല്ലാത്ത അവസ്ഥയിൽ എത്തി നിൽക്കുന്നു. ഉത്പാദനക്ഷമത വർദ്ധിച്ചതിനൊപ്പം ഉത്പാദനച്ചെലവും വളരെ വർദ്ധിച്ചു. ഇതു പുതിയപ്രശ്നങ്ങളിലേയ്ക്ക് കർഷകരെ കൊണ്ടെത്തിച്ചിരിക്കുന്നു. കോഴിവളർത്ത ലിനും ആടുവളർത്തലിനും നാം വേണ്ടത്ര പരിഗണന നൽകിയില്ല. ഈ മേഖലയ്ക്കാവശ്യമായ കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിൽ അലംഭാവം കാണിച്ചു.

എഴുപത് വർഷങ്ങൾക്കു മുമ്പ് ഈ പഞ്ചായ ത്തിൽ ഉല്പാദിപ്പിച്ചിരുന്ന കാലിവളത്തിനേക്കാൾ വളരെ കുറച്ചാണ് ഇപ്പോൾ ലഭിക്കുന്നത്. കാർഷിക അനുബന്ധ മേഖല എന്ന അവസ്ഥയിൽ നിന്നും ഒരു സ്വതന്ത്രമേഖലയായി കാലിവളർത്തൽ ഉയർന്നപ്പോൾ പല കർഷകരും കാലിവളർത്തൽ ഉപേക്ഷിച്ചു. ഈ രീതിയിൽ തുടർന്നു പോകുകയാണെങ്കിൽ വീടുകളിൽ നിന്ന് കന്നുകാലികൾ അപ്രത്യക്ഷമാകുകയും മിനിഡയറി യൂണിററുകളും ഡയറി ഫാമുകളും രൂപം കൊള്ളുകയായിരിക്കും ഫലം. അതുകൊണ്ട് കന്നുകാലി വളർത്തൽ കൃഷിയുമായി ബന്ധപ്പെട്ട് പോകുന്ന രീതിയിൽ കഴിയുന്നിടത്തോളം സമന്വയിപ്പിക്കുന്ന പ്രവണതകൾക്ക് ആക്കം കൂട്ടിയാൽ നഷ്ടം കുറയ്ക്കാൻ കഴിയും. പാലുല്പാദനം മാത്രം ലക്ഷ്യമാക്കിയുള്ള കന്നുകാലി വളർത്തലിനൊപ്പം വീട്ടുവളപ്പിന് ഒരു പശു എന്ന നിലയിൽ കൂടി കന്നുകാലി വളർത്തൽ വ്യാപകമാകണം. 200300 കി.ഗ്രാം ഭാരമുള്ള പശുക്കളെ വളർത്തുന്നതിനോടൊപ്പം 125 കി.ഗ്രാം ഭാരമുള്ള നാടൻ ഇനങ്ങളെ വ്യാപകമാക്കുക. വെററിനറി കോളേജുമായി ബന്ധപ്പെട്ട് വെച്ചൂർ പശുക്കളെ പഞ്ചായത്തിൽ താല്പര്യമുള്ളവർക്ക് വളർത്തുന്നതിന് എത്തിച്ചുകൊടുക്കാൻ ശ്രമി ക്കാവുന്നതാണ്. ചുരുക്കി പറഞ്ഞാൽ കൃഷിയുടെ വികസനത്തിന് ഉതകുന്ന ഒരു കന്നുകാലി സംരക്ഷണ നയം, നിലവിലുള്ള നയത്തിന് സമാന്തരമായി ഈ പഞ്ചായത്തിൽ നടപ്പാക്കേണ്ടിയിരിക്കുന്നു.

4.8.58 ൽ പെരുങ്ങുഴി നാലുമുക്കിൽ സ്ഥാപിത മായ മൃഗാശുപത്രിയും 1993 ൽ കോളിച്ചിറയിൽ സ്ഥാപിച്ച ഒരു ഐ.സി.ഡി.പി. സബ്സെന്ററുമാണ് ഈ പഞ്ചായത്തിലെ മൃഗസംരക്ഷണകേന്ദ്രങ്ങൾ.

1991 ലെ കണക്കനുസരിച്ച് ആളോഹരി പാലി ൻെറ ലഭ്യത 128 ഗ്രാം മാത്രമാണ്. പക്ഷേ നമ്മുടെ പഞ്ചായത്തു പ്രദേശത്തിൻെറ ആളോഹരി പാലിൻെറ ലഭ്യത നിർണ്ണയിക്കാൻ വേണ്ട സ്ഥിതി വിവരകണക്ക് ലഭ്യമല്ല. 1991 ലെ സെൻസസ് കണക്കു പ്രകാരം 5330 ഗൃഹങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അതിൽ 2716 വീടുകളിൽ കന്നുകാലികളോ, കോഴിയോ വളർത്തു ന്നില്ല.

## നടപ്പുപദ്ധതികളുടെ അവലോകനം

### 1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

താഴ്ന്ന വരുമാനക്കാർക്ക് സങ്കരവർഗ്ഗ പശുക്കുട്ടികൾ വളർത്തുന്നതിന് തീററ സബ്സിഡി വിലയ്ക്ക് ക്ഷീരവ്യവസായ സഹകരണസംഘം വഴി വിതരണം ചെയ്യുന്നു. വളരെ കുറച്ചുപേർക്ക് റേഷൻ കാർഡിലെ വരുമാനം അനുസരിച്ച് മാത്രമേ ഇതു ലഭ്യമാക്കുന്നുള്ളു. ഇതൊരു പോരായ്മയാണ്. വരുമാനപരിധി എടുത്ത് കളഞ്ഞ് എല്ലാ വിഭാഗത്തി ലുള്ളവർക്കും ഈ ആനുകൂല്യം ലഭ്യമാക്കി സങ്കരഇനം പശുക്കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്.

### 2. പേവിഷനിയന്ത്രണപദ്ധതി

ക്യാമ്പുകൾ സംഘടിപ്പിച്ച് നായ്ക്കൾക്ക് കുത്തിവെയ്പ് നടത്തണം. മരുന്ന് സൗജന്യനിരക്കിൽ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവുനായ്ക്കളെ നശിപ്പിക്കുന്നതിന് ജനങ്ങളുടെ

സഹായത്താൽ പരിപാടികൾ നടപ്പാക്കണം.

3. കാലിരോഗനിയന്ത്രണപദ്ധതി

കുളമ്പുരോഗം, അടപ്പൻ, കാലിവസന്ത തുടങ്ങിയ രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തി വയ്പിനുള്ള സംവിധാനം ഉണ്ട്. പൊതുജനങ്ങളുടെ സഹകരണകുറവ് പ്രതിരോധ കുത്തിവയ്പുകളുടെ വിജയകരമായ നടത്തിപ്പിന് വിഘാതമാണ്.

4. ആടുവളർത്തൽപദ്ധതി

പഞ്ചായത്തിൽ എന്തെങ്കിലും പ്രയോജനം ഉണ്ടായിട്ടുള്ള ഒരു പദ്ധതിയാണ്. തുടർന്നും ഈ പദ്ധതി കൂടുതൽ പേർക്ക് ഉപയോഗപ്രദമായി നടപ്പി ലാക്കാം.

5. പശുവളർത്തൽപദ്ധതി

ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടവർ വാസ്തവത്തിൽ ഈ കാര്യത്തിൽ താല്പര്യമുള്ളവർ ആയിരുന്നില്ല. ഒരു യൂണിറ്റുപോലും ഇന്ന് പ്രയോജനത്തിൽ ഇല്ല. ധാരാളം പേർ പശുവിനെ വിറ്റ് രക്ഷപ്പെടുന്നു. ആനു കൂല്യം നേടുന്നതിനപ്പുറം ഈ പഞ്ചായത്തിൽ പദ്ധതി വിജയിച്ചില്ല. മേലിൽ താല്പര്യമുള്ളവർക്കുമാത്രം വരുമാനപരിധി കുറേക്കൂടി ഉയർന്നവർക്കും (ഇടത്തരം) കൂടി പദ്ധതി വ്യാപിപ്പിച്ചാൽ ഇതിന്റെ ലക്ഷ്യം കൈവരിക്കാം.

6. മുയൽവളർത്തൽ, പന്നിവളർത്തൽ

വിപണി വലിയ പ്രശ്നമായിരിക്കുന്നിടത്തോളം ഈ പദ്ധതികൾ വിജയിപ്പിക്കാൻ പ്രയാസമാണ്.

7. ഇറച്ചികോഴിവളർത്തൽ

കോഴിയിറച്ചി വിപണി കുറേക്കൂടി ഫലപ്രദമാക്കിയാൽ സാധ്യതയുണ്ട്.

8. വീട്ടുവളപ്പിലെ കോഴിവളർത്തൽ

കുറെയധികം കുടുംബങ്ങൾക്ക് ഈ സഹായം ലഭ്യമാക്കിയിട്ടുണ്ട്. നല്ലയിനം കുഞ്ഞുങ്ങളുടെ ദൗർലഭ്യം ഈ പദ്ധതിയെ ബാധിച്ചിട്ടുണ്ട്.

9. ചികിത്സാസൗകര്യങ്ങൾ

ആവശ്യാനുസരണം മരുന്ന് ലഭ്യമല്ല.

10. മാംസപരിശോധന

സ്ലാട്ടറിംഗ് ഹൗസ് ഇല്ല. അതുമൂലം ആരോഗ്യമുള്ള നല്ല മൃഗങ്ങളെയാണ് കൊല്ലുന്നതെന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

പ്രശ്നങ്ങൾ

1. പാല് വിററഴിക്കാനുള്ള സൗകര്യങ്ങൾ കുറവ്.
2. രോഗചികിത്സാ സൗകര്യങ്ങൾ അപര്യാപ്തമാണ്.
3. ഇൻസുമിനേഷന് വളരെ ദൂരത്തോളം കന്നുകാലിയെ നടത്തികൊണ്ടു പോകുന്നത് വളരെ പ്രയാസകരമാണ്.
4. കന്നുകാലി വളർത്തൽ സ്വയം പര്യാപ്തമല്ലാതായി മാറുന്നു.
5. പുതിയ തലമുറ ഈ തൊഴിലിൽ ഏർപ്പെടാൻ വിമുഖത കാണിക്കുന്നു.
6. തീററപ്പുല്ല് ലഭ്യമല്ല.
7. കാലിത്തീററയുടെ വില അടിക്കടി വർദ്ധിക്കുന്നു.



8. കന്നുകാലിവളർത്തൽ മുഖ്യതൊഴിലായി സ്വീകരിച്ചവർ ആട്, കോഴി, താറാവ് തുടങ്ങിയവ വളർത്താൻ ശ്രമിക്കുന്നില്ല.
9. കാലിരോഗനിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള കർഷകരുടെ താല്പര്യമില്ലായ്മ.

സാധ്യതകൾ

1. അൻപതു പാലുല്പാദകർക്ക് ഒരു ക്ഷീരസംഘം അല്ലെങ്കിൽ ഒരു പാൽസംഭരണകേന്ദ്രം സ്ഥാപിക്കേണ്ടതാണ്.
2. രോഗചികിത്സാസൗകര്യങ്ങൾ ഫലപ്രദവും കാര്യക്ഷമവും ആക്കണം. ഇപ്പോഴുള്ള ആശുപത്രിക്കുപുറമേ മൃഗഡോക്ടർ പഞ്ചായത്തിലെ മററുപ്രദേശങ്ങളിൽ രണ്ടോ, മൂന്നോ കേന്ദ്രങ്ങളിൽക്കൂടി ആഴ്ചയിൽ രണ്ടു ദിവസം രാവിലെ 8 മുതൽ 11 വരെ സേവനം നടത്തുന്നതിന് വേണ്ട സജ്ജീകരണങ്ങൾ നടപ്പിൽ വരുത്തണം.
3. 11 വാർഡുകളിൽ നിന്നും 11 പേരെ തിരഞ്ഞെടുത്ത് മൃഗസംരക്ഷണവകുപ്പിൽ നിന്നും ഇൻസുമിനേഷന് പരിശീലനം നൽകി സെമൻ കമ്മീഷൻ വ്യവസ്ഥയിൽ നൽകുക.
4. ഉയർന്ന ഉല്പാദനക്ഷമതയുള്ള പശുവും / എരുമയും സ്വയം പര്യാപ്തമല്ലാത്തതിനാൽ ഗർഭകാലസംരക്ഷണത്തിന് പരമാവധി 7 മാസം തീററ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.
5. പുതിയ തലമുറയിലെ യുവതീയുവാക്കളെ ഈ മേഖലയിൽ താല്പര്യമുള്ളവരാക്കിയെടുക്കാൻ വേണ്ട സെമിനാറുകൾ, പരിശീലനപരിപാടികൾ തുടങ്ങിയവ തയ്യാറാക്കുക. തുടർന്ന് ലോൺ നല്കി പദ്ധതികൾ നടപ്പിലാക്കുക.
6. ക്ഷീരവികസനവകുപ്പും മൃഗസംരക്ഷണവകുപ്പും സംയോജിപ്പിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
7. സൈലേജ് നിർമ്മാണത്തിന് ആവശ്യമായ പരിശീലനം നല്കുകയും സൈലേജ് പിററ് ഉണ്ടാക്കുന്നതിന് ധനസഹായം

നൽകുകയും ആവശ്യമായ വിത്തുകൾ സൗജന്യമായോ സൗജന്യനിരക്കിലോ നല്കുകയും ചെയ്യുക.

8. ആധുനിക അറവുശാല സ്ഥാപിക്കുകയും ബീഫ്പായ്ക്കറ്റുകൾ വിതരണം ചെയ്യുവാനുള്ള സംവിധാനം ഒരുക്കുകയും ചെയ്യുക.

9. പഞ്ചായത്ത് തലത്തിൽ വളർത്തുമൃഗങ്ങൾക്ക് മാസ്റ്റർപോളിസി വഴി ഇൻഷുറൻസ് സംരക്ഷണം ഏർപ്പെടുത്തുക

10. മൃഗാശുപത്രി വികസനസമിതി രൂപീകരിച്ച് ആധുനികസൗകര്യങ്ങൾ ഏർപ്പെടുത്തുക. ടെലഫോൺ, വാഹനം എന്നിവ ലഭ്യമാക്കുക, ക്വാർട്ടേഴ്സ് നിർമ്മിക്കുക.



11. പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി എരുമക്കുട്ടികൾക്ക് കൂടി വ്യാപിപ്പിക്കുക.

12. കന്നുകാലി രോഗനിയന്ത്രണ പദ്ധതിയ്ക്ക് പഞ്ചായത്തുതലത്തിൽ ഒരു കലണ്ടർ തയ്യാറാക്കി അതനുസരിച്ച് പരിപാടികൾ ആവിഷ്കരിക്കുക

13. ആട് വളർത്തൽ ഒരു കുടിൽവ്യവസായമായി അംഗീകരിച്ച് അതിനുവേണ്ട പദ്ധതികൾ ആവിഷ്കരിക്കുക.

14. വാർഡ് 1,2,3 ഇവ കേന്ദ്രീകരിച്ച് അതിനുവേണ്ട പദ്ധതികൾ ആവിഷ്കരിക്കുക.

15. വാർഡ് 5,6,8 കേന്ദ്രമാക്കി താറാവ്/കോഴി എഗ്ഗർ നഴ്സറി ആരംഭിക്കുക.

16. വാർഡ് 9,10,7 കേന്ദ്രമാക്കി താറാവ്/കോഴി കുഞ്ഞുങ്ങളുടെ എഗ്ഗർ നഴ്സറി ആരംഭിക്കുക.

17. വാർഡ് 11,4 കേന്ദ്രമാക്കി കോഴിക്കുഞ്ഞുങ്ങളുടെ എഗ്ഗർ നഴ്സറി ആരംഭിക്കുക.

18. കറവപശുക്കൾക്ക് യൂറിയാ ബാറുകൾ ക്ഷീരസംഘം വഴി വിതരണം ചെയ്യുക.

19. വീട്ടുമുറ്റത്തെ കോഴിവളർത്തലിന് അനുയോജ്യരായവരെ വാർഡ് കർഷക സമിതിയുടെ നേതൃത്വത്തിൽ കണ്ടുപിടിച്ച് സബ്സിഡി നിരക്കിൽ 3 മാസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ എഗ്ഗർനഴ്സറികളിൽ നിന്നും വാങ്ങി വിതരണം ചെയ്യുക.

20. പ്രായമായ 5 പിടക്കോഴികളെ എഗ്ഗർനഴ്സറികളിൽ നിന്നും വാങ്ങി വിതരണം ചെയ്യുക. കർഷകസമിതികൾ 3 മാസത്തിലൊരിക്കൽ പ്രോഗ്രസ് റിപ്പോർട്ട് സമാഹരിക്കുക.

21. പഞ്ചായത്തിലെ സ്കൂളുകളിൽ പൗൾട്രിക്ലബ് രൂപീകരിച്ച് നാമമാത്രമായ അംഗത്വഫീസ് വാങ്ങി 3 മാസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക.

22. ഇറച്ചിക്കോഴി കൃഷിക്കാർ നേരിടുന്ന വിപണിപ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുക.

23. ആടുവളർത്തൽ പദ്ധതി ഇടത്തരം കുടുംബങ്ങളിലെ 15 വയസ്സിനുമേൽ പ്രായമുള്ള യുവതികൾക്കുകൂടി വ്യാപിപ്പിക്കുക.

24. മുയൽ, പന്നി ഇവയുടെ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കാൻ ധനസഹായം നൽകുക. ഇറച്ചിക്കുവേണ്ടി വളർത്താൻ പന്നിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ നൽകുക.

26. ഓരോ പദ്ധതിയിലും തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് ആദ്യം പരിശീലനം നൽകുന്നുവെന്ന് ഉറപ്പുവരുത്തുക.

27. പഞ്ചായത്തിലെ ജലസേചനകുളങ്ങളിൽ ശുദ്ധജല മത്സ്യകൃഷിചെയ്യുവാൻ പദ്ധതി ആവിഷ്കരിക്കുക.

28. കാളക്കുട്ടികളെ വേണ്ടവണ്ണം പരിചരിക്കുന്നതിൽ കൃഷിക്കാർ തൽപ്പരരല്ല. ഇവയെ 15 മാസം വരെ വളർത്തുവാൻ തീറ്റ സബ്സിഡി നിരക്കിൽ നൽകുവാൻ പദ്ധതി ആവിഷ്കരിക്കുക.

29. വെച്ചൂർ കാളകളുടെ സെമൻ വിതരണം ചെയ്യുക.

30. ചെറിയയിനം പശുക്കളെ (നാടൻ ഇനം) വളർത്തുന്നതിന് മാത്രമായി പദ്ധതി ആവിഷ്കരിക്കുക.

31. സ്വന്തം മാംസാവിശ്യത്തിനായി ബ്രോയിലർ മുയൽക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

32. സമ്മിശ്രക്കൃഷി ചെയ്യാൻ താൽപ്പര്യമുള്ള കർഷകരെ വാർഡൊന്നിന് കുറഞ്ഞത് ഒന്നോ രണ്ടോ വീതം തിരഞ്ഞെടുത്ത് 3 കറവമാടുകൾ 3 ആടുകൾ 2 മുതൽ 5 വരെ പന്നികൾ, 25 കോഴി/താറാവ്, തീറ്റപ്പുല്ല് കൃഷി, ഗോബർഗ്യാസ് പ്ലാന്റ്, പച്ചിലവളം എന്നിവ ഒരു യൂണിറ്റിൽ സംഘടിപ്പിക്കാൻ വേണ്ട സാങ്കേതിക സാമ്പത്തിക സഹായം നൽകുക.

33. പോപ്പട്ടിവിഷബാധ നിയന്ത്രണ പദ്ധതി ഫലപ്രദമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.



# 3 വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്തിൻെറ വിദ്യാഭ്യാസ ചരിത്രം പരിശോധിച്ചാൽ എടുത്തുപറയത്തക്ക സംഭാവനകൾ നൽകിയ പ്രസ്ഥാനമോ വ്യക്തികളോ ഇല്ല. പൊതുവേ വിദ്യാഭ്യാസപരമായും സാമൂഹ്യമായും പിന്നോക്കം നിന്നിരുന്ന ഒരു സമൂഹമാണ് നമ്മുടേത്. ആദ്യകാലത്ത് സ്കൂൾ സൗകര്യം തീരെ ഇല്ലായിരുന്നു. മാത്രമല്ല മറ്റുസ്ഥലങ്ങളിൽ ഉണ്ടായിരുന്ന സ്കൂളുകളിലേക്കു വളരെ ദൂരം പോകേണ്ടിയിരുന്നതിനാൽ വിദ്യാഭ്യാസത്തിനു പ്രാമുഖ്യം നൽകിയിരുന്നില്ല. അഴൂരിൽ ഒരു ലോവർ പ്രൈമറി സ്കൂളും പെരുങ്ങുഴിയിൽ മൂന്നാം ക്ലാസ്സുവരെ പഠിക്കാനുള്ള ഒരു സ്കൂളും വരുന്നതോടെ വിദ്യാഭ്യാസരംഗത്തെ ആദ്യചുവടുവയ്പുകളായി. തുടർന്ന് അഴൂർ ഗ്രാമോദ്ധാരണകേന്ദ്രം 1948-ൽ ആരംഭിച്ച നിശാപാഠശാലകളും ജയ്ഹിന്ദ് വായനശാലയും അനൗപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചതായി കാണാം. അഴൂർ ലോവർ പ്രൈമറി സ്ക്കൂളിനു 100 വർഷത്തിലേറെ പഴക്കമുണ്ട്.

ആദ്യകാല വിദ്യാഭ്യാസരീതിക്ക് ഗുരുകുല സമ്പ്രദായത്തിൻെറ എല്ലാ ഗുണങ്ങളും ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ അദ്ധ്യാപകൻ ആരാധ്യനും, ബഹുമാന്യനും ആയിരുന്നു. അദ്ധ്യാപകൻ സമൂഹത്തിനോടുള്ള കടമ അതിൻെറ പൂർണ്ണ അർത്ഥത്തിൽ നിറവേററിയിരുന്നതായും കാണാൻ കഴിയും. ഗുരുശിഷ്യബന്ധം വളരെ പാവനമായ ഒരു ബന്ധമായി ആ കാലഘട്ടത്തിൽ നിലനിന്നിരുന്നു. സമൂലമായ സാമൂഹ്യപരിവർത്തനം ആയിരുന്നു അന്നു വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിച്ചിരുന്നത്. ഒരു വ്യക്തിയുടെ സർവ്വതോന്മുഖമായ ഉന്നമനവും അതോടൊപ്പം സമൂഹത്തിൻെറ ഉന്നതിയുമായിരുന്നു ഔപചാരികവിദ്യാഭ്യാസത്തിൽ ഊന്നൽ നൽകിയിരുന്നത്.

പെരുങ്ങുഴിയിൽ ഒരു യു.പി.എസ്സും ഒരു എൽ.പി.എസ്സും, മാതശ്ശേരിക്കോണത്ത് ഒരു യു.പി.എസ്സും, വെയിലൂരിൽ ഒരു യു.പി.എസ്സും,മാടൻവിളയിൽ ഒരു യു.പി.എസ്സും, സ്ഥാപിക്കുകയും,അഴൂരിലെ എൽ.പി.എസ്സ്, യു.പി.എസ്സ് ആയി ഉയർത്തുകയും ചെയ്തതോടെ വ്യാപകമായി വിദ്യഭ്യാസം ചെയ്യുന്നതിന് സൗകര്യമായി.

അഴൂർ യു.പി.എസ്സ്, വെയിലൂർ യു.പി.എസ്സ് എന്നിവ ഹൈസ്കൂളായി ഉയർത്തിയതോടെ നമ്മുടെ പഞ്ചായത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസ സൗകര്യം പൂർണ്ണതോതിൽ ലഭിച്ചു.

സ്കൂളുകൾ സ്ഥാപിക്കുന്നതിലും ആവശ്യമായവ യു.പി.എസ്സ് ആയും, ഹൈസ്കൂളായും ഉയർത്തുന്നതിലും നമ്മൾ വിജയിച്ചു. എന്നാൽ നമ്മുടെ വിദ്യാഭ്യാസനിലവാരം പ്രതീക്ഷിച്ച നിലയിൽ ഉയർന്നില്ല. നമ്മുടെ സംസ്ഥാനം സമ്പൂർണ്ണസാക്ഷരത കൈവരിച്ചെങ്കിലും പഞ്ചായത്തുപ്രദേശത്തിലെ സാക്ഷരതാനിരക്ക് 81% മാത്രമായി നിൽക്കുന്നു. സാമൂഹ്യമായും, സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ ഔപചാരികവിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും ഇന്നും അകന്നു പോകുന്ന ശോചനീയമായ അവസ്ഥ നിലനിൽക്കുന്നു. ഓരോ ഘട്ടത്തിലും സ്കൂളിൽനിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ എണ്ണം താരതമ്യേന കൂടുതലാണ്. ഇത് ഒരു സാമൂഹ്യ ദുരന്തമായി കാണേണ്ടിയിരിക്കുന്നു.

ആദ്യകാലങ്ങളിൽ പരിമിതമായ സിലബസ്സിൽ ഒതുങ്ങിയ ഔപചാരിക വിദ്യാഭ്യാസത്തെ തൊഴിൽ നേടുന്നതിനുള്ള ഉപാധിയായി കണ്ടിരുന്നില്ല. ഈ പഞ്ചായത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം സ്കൂൾ വിദ്യാഭ്യാസത്തിനോ മറ്റ് ഉപരിപഠനത്തിനോ അത്ര പ്രാധാന്യം നൽകാതിരുന്നതിനു കാരണം സാമൂഹ്യമായ പിന്നോക്കാവസ്ഥമാത്രമല്ല, മറിച്ച് കയർമേഖലയിൽ പണിയെടുക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമായിരുന്നതിനാലാണ്. ഇതുമൂലം കുട്ടികളെ നേരെ കയർ മേഖലയിലേയ്ക്ക് പണിയെടുക്കുന്നതിനായി ഉപയോഗിച്ചു. ഇതൊരു വരുമാന മാർഗ്ഗമായി രക്ഷകർത്താക്കൾ കാണുകയും തങ്ങളുടെ നിവൃത്തി കേടിന് ആശ്വാസം കണ്ടെത്തുകയും ചെയ്തു. ഇത് ഒരു പരിധിവരെ സാക്ഷരത കൈവരിക്കുന്നതിൽ തടസ്സം നിന്ന ഘടകമാണ്.

സമൂഹത്തിൽ പൊതുവായി സംഭവിച്ച അപചയം വിദ്യാഭ്യാസ മേഖലയെയും ഗ്രസിച്ചു. തൊട്ടടുത്ത് സ്കൂൾ വിദ്യാഭ്യാസം ചെയ്യുന്നതിന് സൗകര്യം ഉണ്ടായിരിക്കവേ ജനങ്ങൾ അവയിൽ നിന്നും അകന്നു. ഈ സ്കൂളുകൾ ആരംഭിക്കുന്നതിൽ ഉണ്ടായിരുന്ന ഉത്സുകത അതിന്റെ മററു വികസനത്തിലോ, നിലവാരം ഉയർത്തുന്നതിലോ പ്രകടിപ്പിച്ചില്ല. അധ്യാപനം വെറും തൊഴിൽ മാത്രമായി അധഃപ്പതിച്ചു. അദ്ധ്യാപകൻ വെറുമൊരു തൊഴിലാളി എന്ന തലത്തിലേക്ക് ചുരുങ്ങി. സമൂഹത്തോടുള്ള പ്രതിബദ്ധത അവൻ മറന്നു. തുടർന്ന് സർക്കാർ സ്കൂളുകളുടെ ഗുണനിലവാരം താഴാൻ തുടങ്ങി. സാമൂഹ്യമായുള്ള പിന്നോക്കാവസ്ഥ, വിഷയവൈവപൂല്യം, ഗുണനിലവാരമില്ലാത്ത അദ്ധ്യാപനം, ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, ബോധനോപകരണങ്ങളുടെ അഭാവം, സർവ്വോപരി രക്ഷകർത്താക്കൾക്കോ, പ്രാദേശിക ജനപ്രതിനിധികൾക്കോ ഈ സംവിധാനത്തിൽ ഇടപെടാനുള്ള അധികാരം ഇല്ലായ്മ ഇവയെല്ലാം സർക്കാർ സ്കൂളുകളുടെ വിശ്വാസ്യതയും സാമൂഹിക പ്രാധാന്യവും നഷ്ടപ്പെടുത്തി. സർക്കാർ വരുമാനത്തിന്റെ 31% വിദ്യാഭ്യാസമേഖലയിൽ ചെലവഴിച്ചിട്ടും നമ്മുടെ വിദ്യാഭ്യാസഗുണനിലവാരം ഉയർന്നില്ല. മാത്രമല്ല ഈ തുകയുടെ ഭൂരിഭാഗവും അദ്ധ്യാപകരുടെ ശമ്പളം നൽകുന്നതിനുമാത്രമാണ് ചെലവഴിക്കപ്പെടുന്നത്. സർക്കാർ സ്കൂളുകളിൽ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വളരെ ചെറിയ തുകമാത്രമാണ് വകകൊള്ളിച്ചിരുന്നത്.

അനാവശ്യമായ കിടമത്സരങ്ങൾ ഈ മേഖലയിൽകുടുംബാസൂത്രണ രംഗത്തുണ്ടായ പുരോഗതിയും സാമ്പത്തിക ഉന്നമനവും വിദ്യാഭ്യാസരംഗത്ത്ശ്രദ്ധിക്കുവാൻ ജനങ്ങളെ പ്രേരിപ്പിച്ചു. സമൂഹത്തിലുണ്ടായ സങ്കീർണ്ണതയും വീണ്ടുവിചാരവും നല്ല രീതിയിൽ വിദ്യാഭ്യാസം നൽകണമെന്ന അവബോധം ഉണർത്തി. പക്ഷേ ഈ തിരിച്ചറിവ് വ്യാപകമായി ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആവിർഭാവത്തിനും അൺ എയിഡഡ് സ്കൂൾ സംസ്ക്കാരത്തിനും വഴിയൊരുക്കി. നിലവിലുള്ള സർക്കാർ സ്കൂളുകളുടെ സമൂലപരിവർത്തനത്തിന് പ്രേരകമാകേണ്ടിയിരുന്ന സാമൂഹ്യ ശക്തി ഈ രീതിയിൽ ഗതിമാറിപ്പോയി.വാസ്തവത്തിൽ ഔപചാരിക വിദ്യാഭ്യാസരംഗം പ്രതിസന്ധികളെ നേരിടുകയാണ്. ഈ ദുരന്തം മെല്ലെയാണെങ്കിലും സമൂഹം മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. സർക്കാർ വിദ്യാഭ്യാസത്തിനു വേണ്ടി ചെലവഴിക്കുന്ന തുകയ്ക്ക് പുറമേ ഓരോ കുടുംബവും വൻ തുകകൾ ഈ ഇനത്തിൽ ചെലവഴിക്കുന്നുണ്ട്. തൊഴിലില്ലായ്മയുടെ രൂക്ഷത വിദ്യാഭ്യാസ മേഖലയിൽ ആശങ്ക ഉണർത്തിയിരിക്കുന്നു. ഒരു വ്യക്തിയുടെ സമൂലമായ ഉന്നമനം എന്നിടത്തു നിന്ന് എന്തെങ്കിലും തൊഴിൽ നേടുന്നതിനാണ് വിദ്യാഭ്യാസം എന്ന അടിസ്ഥാന പ്രമാണത്തിലേയ്ക്കുള്ള മാററം നമ്മുടെ സാമൂഹ്യ അപചയത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു. പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന വിദ്യാർത്ഥി മിടുക്കനും മറ്റുള്ളവർ മോശക്കാരും എന്ന രീതി വിദ്യാർത്ഥികളെ മാനസികമായി തളർത്തിയിരിക്കുന്നു. അനാവശ്യമായ കിടമത്സരങ്ങൾ ഈ മേഖലയിൽ



ഗവൺമെന്റ് എൽ.പി.എസ്. അഴൂർ

# അടിയന്തിരമായി സ്കൂളുകളിൽ ഒരുക്കേണ്ട ഭൗതികസൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | പുതുതായി നിർമ്മിക്കേണ്ട ക്ലാസ് മുറികളുടെ എണ്ണം | ആവശ്യമുള്ള മൂത്രപ്പുരകളുടെ എണ്ണം | കക്കൂസുകളുടെ എണ്ണം | സ്റ്റാഫ് റൂം | പാചകപ്പുര | ഡസ്ക് | ബെഞ്ച് | മേശ | കസേര | ബ്ലാക്ക് ബോർഡ് | മാപ്പ്, ചാർട്ട് | ലാബ് | ലൈബ്രറി | റേഡിയോ | ടേപ്പ്റിക്കോർഡർ | വി.സി.പി. | സിനിമാ പ്രൊജക്ടർ | ആഡിറ്റോറിയം | റീഡിംഗ് റൂം | ചുറ്റുമതിൽ | വൈദ്യുതി | ഓഫീസ് ഫർണീച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വെയിലൂർ ഗവ:ഹൈസ്കൂൾ | 34 | 14 | 4 | 1 | ഇല്ല | ഉണ്ട് | 120 | 80 | 10 | 30 | 40 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | വേണം |
| അഴൂർ ഗവ:ഹൈസ്കൂൾ | 44 | 17 | 2 | 1 | ഉണ്ട് | ഉണ്ട് | 90 | 100 | 25 | 35 | 10 | വേണം | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | വേണം |
| പി.പി.യു.പി.എസ്. പെരുങ്ങുഴി | 13 | വേണ്ട | 1 | 1 | ഉണ്ട് | ഉണ്ട് | - | - | - | - | - | - | - | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | ഉണ്ട് | - |
| എൽ.പി.എസ്. പെരുങ്ങുഴി | 14 | 4 | 2 | 2 | ഇല്ല | ഉണ്ട് | - | 25 | 5 | 14 | 10 | - | - | ഉണ്ട് | ഉണ്ട് | - | - | - | - | ഇല്ല | - | - | - |
| എസ്.ഐ.യു.പി. എസ്. മാടൻവിള | 7 | - | 2 | 1 | ഇല്ല | ഇല്ല | 50 | 30 | 10 | 10 | 7 | വേണം | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | വേണം |
| മാതശ്ശേരിക്കോണം യു.പി.എസ്. | 14 | 6 | 3 | 1 | ഇല്ല | ഉണ്ട് | 15 | 15 | 5 | 5 | 7 | വേണം | വേണം | വേണം | വേണം | വേണം | വേണം | വേണം | വേണം | വേണം | വേണം | ഉണ്ട് | വേണം |

ഗുണനിലവാരം ഉയർത്താൻ സഹായിച്ചിട്ടില്ല എന്നത് എടുത്ത് പറയേണ്ടതാണ്. എഞ്ചിനീയറോ, ഡോക്ടറോ ആകാൻ പഠിച്ച് അവസാനം അദ്ധ്യാപനത്തിലേക്ക് എത്തിച്ചേർന്ന യുവതീയുവാക്കൾ "ജോബ് സാറ്റിസ്ഫാക്ഷൻ" ഇല്ലാതെ നമ്മുടെ സർക്കാർ സ്കൂളുകളിൽ അലയുന്നു. അധ്യാപനത്തിൽ വന്ന നിലവാരത്താഴ്ച, കൃത്യമായ പരിശോധനകളുടെ അഭാവം, അധ്യാപക-വിദ്യാർത്ഥിബന്ധത്തിനുണ്ടായ പാളിച്ചകൾ ഇവ ഇന്നും സർക്കാർ സ്കൂളുകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങളാണ്. ഇംഗ്ലീഷ് മാധ്യമവിദ്യാഭ്യാസം ഒറ്റമൂലിയാണെന്നു തെറ്റിദ്ധരിച്ചിരിക്കുന്ന രക്ഷകർത്താക്കളും സമൂഹത്തിനോട് യാതൊരു കടപ്പാടുമില്ലാത്ത സർക്കാർ സ്കൂളുകളിലെ ഭൂരിപക്ഷം അധ്യാപകരും നമ്മുടെ നാശത്തിന് ആക്കം കൂട്ടുന്നു. തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസത്തിൻെറ പ്രസക്തി നാൾചെല്ലുംന്തോറും ബോദ്ധ്യമായി വരുന്നു. ഇനി സമൂഹത്തിൻെറ ശ്രദ്ധചെല്ലേണ്ടത് ഈ മേഖലയിലേക്കാണ്. സ്വയം പര്യാപ്തമായതും സമൂഹത്തിൻെറ സമൂലമായ ഉന്നതിക്കും ജീവസന്ധാരണത്തിനും ഉതകുന്ന സമഗ്രമായ ഒരു വിദ്യാഭ്യാസമാണ് നാം കുഞ്ഞുങ്ങൾക്ക് കൊടുക്കേണ്ടത്. അല്ലാതെ പണം ധാരാളം ചെലവഴിച്ചതോ ഇംഗ്ലീഷ് മാധ്യമത്തിൽ പഠിപ്പിച്ചതോ അതിൻെറ മാനദണ്ഡമായിക്കൂടാ. ഈ രീതിയിലുള്ള അധികച്ചെലവ് തിരിച്ചറിയാനുള്ള ശേഷി

പഞ്ചായത്തിലെ സർക്കാർ-എയിഡഡ് സ്കൂളുകൾ

| ക്രം. നം. | സ്കൂളിന്റെ പേര് | സ്ഥലം |
|---|---|---|
| 1 | അഴൂർ ഗവ.ഹൈസ്കൂൾ, (എൽ.പി., യു.പി. ഹൈസ്കൂൾ) | അഴൂർ |
| 2 | പെരുങ്ങുഴി ഗവ.എൽ.പി.എസ് | പെരുങ്ങുഴി |
| 3 | വി.പി. യു.പി.എസ് (എയിഡഡ്) | പെരുങ്ങുഴി |
| 4 | വെയിലൂർ ഗവ.ഹൈസ്കൂൾ | വെയിലൂർ |
| 5 | മാതശ്ശേരിക്കോണം ഗവ.യു.പി.എസ്. | മാതശ്ശേരി-ക്കോണം |
| 6 | എസ്.ഐ.യു.പി.എസ് (എയിഡഡ്) | മാടൻവിള |

സമൂഹത്തിനുണ്ടാകേണ്ടിയിരിക്കുന്നു. ഇത് എത്രയും നേരത്തേ നാം തിരിച്ചറിയുന്നോ അത്രയും വേഗത്തിൽ നാശത്തിൽ നിന്നും രക്ഷപ്രാപിക്കാം.

നമ്മുടെ പഞ്ചായത്തിൽ മൂന്നു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും, 16 അങ്കണവാടികളും, 2 ബാലവാടികളും, ഒരു അൺ എയിഡഡ്സ്കൂളും (അഴൂർ ഭഗവതി ടെമ്പിൾ ട്രസ്റ്റ് ഇംഗ്ലീഷ്മീഡിയം സ്കൂൾ ആൻറ് നഴ്സറി) പ്രവർത്തിക്കുന്നു.

ഇത്രയും വിദ്യാലയ സൗകര്യങ്ങൾ ഉണ്ടായിട്ടുകൂടിയും മാതാപിതാക്കൾ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനുപോലും ഇംഗ്ലീഷ് മാധ്യമം നഴ്സറികളിൽ അയക്കുന്നു. നമ്മുടെ ഗ്രാമീണ സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സർക്കാർ നൽകിവരുന്ന പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ഉന്നതമായ വിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ക്കൂളുകളിലെ കുട്ടികളുടെ എണ്ണവും അധ്യാപകരുടെ എണ്ണവും പരിശോധിക്കുകയാണെങ്കിൽ കുട്ടികൾക്ക് ആനുപാതികമായി അധ്യാപകരുടെ എണ്ണം തുലോം കുറവാണ്. അഴൂർ ഗവൺമെൻറ് ഹൈസ്ക്കൂൾവിദ്യാഭ്യാസ നിലവാരത്തിൽ വളരെ മികവു പുലർത്തുന്നില്ലയെങ്കിലും 1995-96-ൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ ഷിജി. എസ്.ജി.നാഥ് എന്ന വിദ്യാർഥിനി സംസ്ഥാനതലത്തിൽ 7-ാം റാങ്ക് കരസ്ഥമാക്കി.

ഹൈസ്കൂളുകളിലെ **S.S.L.C** വിജയശതമാനം

| വർഷം | അഴൂർ ഗവ. H. S | വെയിലൂർ ഗവ. H. S |
|---|---|---|
| 1991-92 | 37% | 33% |
| 92-93 | 36% | 34% |
| 93-94 | 35% | 38% |
| 94-95 | 37% | 33% |
| 95-96 | 38% | 26% |

നമ്മുടെ പഞ്ചായത്തിലെ ഹൈസ്ക്കൂളുകളിലെ എസ്.എസ്.എൽ.സി. വിജയശതമാനം വളരെ കുറവാണ്. ഇതിൽ വെയിലൂർ ഹൈസ്കൂളിലെ അവസ്ഥ വളരെ ശോചനീയമാണ്. പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും ചില ക്ലാസുകൾ ഷിഫ്റ്റ്

സമ്പ്രദായത്തിൽ നടത്തിവരുന്നു. ഇതു കുട്ടികളുടെ പഠനനിലവാരത്തെ സാരമായി ബാധിക്കുന്നുണ്ട്. പെരുങ്ങുഴി എൽ.പി.എസ്സിൽ ഒന്നാം സ്റ്റാൻറാർഡിലും, രണ്ടാം സ്റ്റാൻറാർഡിലും ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്നതിനാൽ വിദ്യാർഥികളുടെ 'മിനിമം ലെവൽ ഓഫ് ലേണിംഗിനെ' ബാധിച്ചിരിക്കുന്നു. മാതാപിതാക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ വിദ്യാഭ്യാസനിലവാരം ഉയരാൻ തടസം നിൽക്കുന്നു.

എയിഡഡ് സ്ക്കൂളുകളിൽ വിദ്യാർത്ഥികളുടെ കുറവു നിമിത്തം ഡിവിഷൻ ഫാൾ ഉണ്ടാകുന്നുണ്ട്. ഇതിനു കാരണം നമ്മുടെ പഞ്ചായത്തു പ്രദേശത്തുനിന്നും ധാരാളം കുട്ടികളെ പഞ്ചായത്തിനു പുറത്തുള്ള മററ് അൺ-എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേയ്ക്ക് അയയ്ക്കുന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കൂടി (സ്ക്കൂളുകൾ മാത്രം) 42

## സ്കൂളുകളെ സംബന്ധിക്കുന്ന പൊതുവിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഉടമസ്ഥത | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | അഴൂർ ഗവ. എച്ച്. എസ് | സർക്കാർ | 794 | 790 | 1584 | 14 | 43 | 57 |
| 2 | വെയിലൂർ ഗവ. എച്ച്.എസ് | സർക്കാർ | 659 | 693 | 1352 | 14 | 28 | 42 |
| 3 | വി.പി.യു.പി.എസ്, പെരുങ്ങുഴി | എയിഡഡ് | 267 | 268 | 535 | 4 | 15 | 19 |
| 4 | ഗവ. എൽ.പി.എസ്, പെരുങ്ങുഴി | സർക്കാർ | 278 | 288 | 566 | 3 | 11 | 14 |
| 5 | ഗവ.യു.പി.എസ്, മാതശ്ശേരിക്കോണം | സർക്കാർ | 215 | 216 | 431 | 2 | 7 | 9 |
| 6 | എസ്.ഐ.യു.പി.എസ്, മാടൻവിള | എയിഡഡ് | 129 | 133 | 262 | 5 | 6 | 11 |
| | ആകെ | 6 | 2342 | 2388 | 4730 | 42 | 110 | 152 |

പ്രീ-പ്രൈമറി വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന അങ്കണവാടികളിൽ കുട്ടികളെ പാട്ടുകളിലൂടെയും കളികളിലൂടെയും മാതൃഭാഷ പഠിപ്പിക്കുന്നതിനുള്ള മാതൃകാവിദ്യാഭ്യാസ സമ്പ്രദായമാണ് നടന്നു കൊണ്ടിരിക്കുന്നത്. മറ്റു സ്വകാര്യ നഴ്സറികളുടെ വരവോടുകൂടി അങ്കണവാടി കളിൽ നിന്നും കുട്ടികളെ അവിടേയ്ക്ക് കൊണ്ടു പോവുകയും ഇംഗ്ലീഷ്, മലയാള ഭാഷകൾ പഠിപ്പിക്കുകയും ചെയ്യുന്നു. മാത്രമല്ല ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പ്രവേശനം നേടുന്നതിന് വേണ്ടിയുള്ള മത്സരപരീക്ഷയ്ക്ക് തയ്യാറെടുപ്പിക്കുകയുംചെയ്യുന്നു. തീരെ ചെറിയ കുട്ടികളെ ഈ വിധം പരിശീലിപ്പിക്കുന്നത് അവരെ മാനസികമായി തളർത്തുന്നു. രക്ഷകർത്താക്കളുടെ ഭാഗത്തുനിന്നുമുള്ളഅതിയായ നിർബന്ധമാണ് ഇതിനു കാരണം. ഇക്കഴിഞ്ഞ പത്തുകൊല്ലത്തിനുള്ളിൽ സർക്കാർ,

പുരുഷഅദ്ധ്യാപകരും 124 വനിതാ അദ്ധ്യാപകരും ഉണ്ട്. വനിതാ അദ്ധ്യാപകരുടെ എണ്ണം വളരെ കൂടിയിട്ടുണ്ട്. നമ്മുടെ സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്. ഉദാഹരണമായി വേണ്ടത്ര ക്ലാസുമുറികളുടെ അഭാവം, പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യമില്ലായ്മ, പഠനോപകരണങ്ങളുടെ ദൗർലഭ്യം വേണ്ടത്ര ബഞ്ചുകളുടെയും ഡസ്ക്കുകളുടെയും അഭാവം, ലൈബ്രറി, ലബോറട്ടറി തുടങ്ങിയവയുടെ ഫലപ്രാപ്തി ഇല്ലായ്മ, ഇങ്ങനെ നീണ്ടുപോവു കയാണ് ഈ പട്ടിക.

നമ്മുടെ സ്കൂളുകളിലെ അദ്ധ്യാപക രക്ഷാകർത്തൃ സമിതികളുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമല്ല. മിക്കസ്കൂളുകളിലും സമയബന്ധിതമായി ഈ സമിതികൾ കൂടാറില്ല. ഒട്ടേറെ കാര്യങ്ങൾ ഈ മേഖലയിൽ ചെയ്യാൻ കഴിയുമെന്നിരിക്കെ

## വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം ഏക്കർ | ഓഫീസ്മുറി | സ്റ്റാഫ്റൂം | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | അഴൂർ ഗവ. എച്ച്.എസ്. | 3.95 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | വെയിലൂർ ഗവ. എച്ച് | 1.40 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 3 | വി.പി.യു.പി.എസ്., പെരുങ്ങുഴി | | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 4 | ഗവ. എൽ.പി.എസ്., പെരുങ്ങുഴി | 0.56 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 5 | ഗവ. യു.പി.എസ്., മാതശ്ശേരിക്കോണം | 0.50 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 | എസ്.ഐ.യു.പി.എസ്., മാടൻവിള | 1.74 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |

**കൂട്ടായപ്രവർത്തനത്തിന്റെ അഭാവം നിമിത്തം നാമമാത്രമായ ചില കാര്യങ്ങളിൽ ഈ സമിതികളുടെ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു.**

**നമ്മുടെ സ്കൂളിലെ കുട്ടികളുടെ ഇടയിൽ നിരക്ഷരത നില നിൽക്കുന്നു. ഇത് സ്കൂളിൽ നിന്നുള്ളകൊഴിഞ്ഞുപോക്കിന് ഒരു കാരണമാണ്. മൂന്ന്, എട്ട് എന്നീ സ്റ്റാൻഡേർഡുകളിൽ നിന്നുള്ള കുട്ടികളാണ് കൂടുതൽ കൊഴിഞ്ഞു പോകുന്നത്. നമ്മുടെ പഞ്ചായത്തിലെ ഒരു സ്കൂളിലും എൻ.സി.സി, എൻ.എസ്സ്.എസ്സ്, സ്കൗട്ട്സ് ആന്റ് ഗൈഡ്സ് എന്നീ സംഘടനകളുടെ യൂണിറ്റുകളില്ല.**



വെയിലൂർ ഗവൺമെന്റ് ഹൈസ്കൂൾ



ഗവൺമെന്റ് ഹൈസ്കൂൾ അഴൂർ

കുട്ടികളെ സാമൂഹ്യബോധവും അച്ചടക്കവുമുള്ളവരായി വളർത്തി എടുക്കുന്നതിന് ഇത്തരം സംഘടനകളുടെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. ആറു ട്യൂട്ടോറിയൽ കോളജുകളും, നാലു സ്വകാര്യ ഇംഗ്ലീഷ് മീഡിയം നഴ്സറികളും, അഞ്ച് സ്വകാര്യ മലയാളം മീഡിയം നഴ്സറികളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. അനൗപചാരിക വിദ്യാഭ്യാസമേഖലയിൽ കാര്യമായ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല. പഞ്ചായത്തിൽ 6000 നിരക്ഷരർ ഉണ്ടെന്നു കണ്ടെത്തുകയും അതിൽ 15% പേരെ നവസാക്ഷരർ ആക്കുകയും ചെയ്തു. സംസ്ഥാന സാക്ഷരതാനിരക്കിനേക്കാൾ വളരെ പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്ത് അനൗപചാരിക വിദ്യാഭ്യാസത്തിന് വളരെ ഏറെ പ്രസക്തിയുണ്ട്.

## പ്രശ്നങ്ങൾ

1. ജനനനിരക്കിലെ കുറവും അൺ എയിഡഡ് സ്കൂളുകളുടെ പെരുപ്പവുംകാരണം നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിൽ കട്ടികളുടെ എണ്ണംകുറയുന്നു.
2. മിക്കസ്കൂളുകളിലും ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്നു
3. എല്ലാസ്കൂളുകളിലും പഠനോപകരണങ്ങളുടെ ലഭ്യതക്കുറവുണ്ട്.
4. എസ്.എസ്.എൽ.സി. വിജയശതമാനം വളരെ കുറവാണ്.
5. അദ്ധ്യാപക രക്ഷാകർത്തൃ സമിതികളുടെ പ്രവർത്തനം ഫലപ്രദമാകുന്നില്ല.
6. പഠനനിലവാരം ഉയർത്തുന്നതിനോ എസ്.എസ്.എൽ.സി വിജയശതമാനം വർദ്ധിപ്പിക്കുന്നതിനോ കൂട്ടായതും ആസൂത്രിതവുമായ യാതൊരുപ്രവർത്തനങ്ങളും അദ്ധ്യാപക സമൂഹത്തിൽ നിന്നും ഉണ്ടാകുന്നില്ല.
7. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനോ ഗുണദോഷവിചാരം നടത്തുന്നതിനോ അദ്ധ്യാപക-രക്ഷകർത്തൃസമിതിക്ക് അധികാരമില്ല.
8. അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം കാലാനുസൃതമായി നൽകുന്നില്ല.
9. അദ്ധ്യാപകർക്ക് കൈപുസ്തകം വിതരണം ചെയ്യുന്നില്ല.
10. അദ്ധ്യാപകരിൽ വായനാശീലം കുറഞ്ഞു വരുന്നു.
11. സ്കൂൾ വർഷം ആരംഭിക്കുന്നതുമുതൽ ടൈംടേബിൾ അനുസരിച്ച് ക്ലാസ്സുകൾ നടത്തുന്നതിൽ അലംഭാവം കാണിക്കുന്നു
12. ആദ്യ ടേം, രണ്ടാം ടേം, മൂന്നാം ടേം എന്നീപരീക്ഷകൾക്കുവേണ്ട പാഠ ഭാഗങ്ങൾ യഥാസമയം പഠിപ്പിച്ചു തീർക്കുന്നതിൽ അപ്പർ പ്രൈമറി വിഭാഗം വരെയുള്ള അദ്ധ്യാപകരിൽ അലംഭാവംകണ്ടുവരുന്നു.

13. ചില സ്കൂളുകളിലെ പ്രധാന അദ്ധ്യാപകൻ ഉത്തരവാദിത്വത്തോടെ കാര്യങ്ങൾ നിർവഹിക്കുന്നതിൽ ശുഷ്കാന്തി കാണിക്കുന്നില്ല.

14. പല അദ്ധ്യാപകരും കൃത്യാന്തരബാഹുല്യത്തിൽ ഉഴലുന്നു.

15. സ്കൂളിൽ അദ്ധ്യാപകരുടെ കൂട്ടായ്മയില്ല.

16. അദ്ധ്യായന വർഷാരംഭത്തിൽതന്നെ മുഴുവൻ അദ്ധ്യാപകരേയും നിയമിക്കുന്നില്ല.

17. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം നിലനിൽക്കുന്നു.

18. പാഠപുസ്തകങ്ങൾ സ്കൂൾ വർഷാരംഭത്തിൽ തന്നെ വിതരണം ചെയ്യുന്നില്ല.

19. പാഠ്യപദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്ക പ്പെടുന്നില്ല.

## സാധ്യതകൾ

1. അൺഎയിഡഡ് സ്കൂളുകളെ നിയന്ത്രിക്കുന്നതിനു വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതാണ്.

2. അഞ്ചുവയസ്സുവരെയുള്ള കുട്ടികളെ കർശനമായും മാതൃഭാഷയിൽ പഠിപ്പിക്കുക.

3. മൂന്നുവയസ്സുവരെയുള്ള കുട്ടികളെ ഔപചാരികവിദ്യാഭ്യാസത്തിലേക്ക് നയിക്കുന്നത് നിരോധിക്കണം.

4. ഷിഫ്ററ് സമ്പ്രദായം അവസാനിപ്പിക്കുന്നതിന് ആവശ്യമായ ക്ലാസ്സുമുറികളും ഫർണിച്ചറുകളും ഒരുക്കി കൊടുക്കേണ്ടതാണ്.

5. അധ്യാപക-രക്ഷകർത്തൃസമിതിയുടെ പ്രവർത്തനം സ്കൂളിന്റെ സമസ്ത മേഖലകളിലേക്കും വ്യാപിപ്പിക്കുക.

6. എസ്.എസ്.എൽ.സി വിജയശതമാനം ഉയർത്താനുള്ള നടപടികൾ ചിട്ടപ്പെടുത്തി നടപ്പാക്കുക. ഓരോ സ്കൂളിലും പത്താം സ്റ്റാൻഡേർഡിൽ 170 നും 200 നും ഇടയ്ക്ക് മാർക്കു വാങ്ങുന്ന കുട്ടികളെ കൂടുതൽ ശ്രദ്ധിച്ച് അവരെ വിജയത്തിലേക്ക് എത്തിക്കുന്നതിനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കുക.

7. അദ്ധ്യാപക-രക്ഷകർത്തൃസമിതികളുടെ എക്സിക്യൂട്ടീവ് കമ്മിററി മാസത്തിൽ ഒരിക്കലെങ്കിലും കൂടിയിരിക്കണം.

8. എല്ലാ സ്കൂളുകളിലും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

9. സ്കൂളിൻെറ പൊതുവായ ഉന്നമനത്തിനു വേണ്ടി രക്ഷകർത്താക്കളും, അദ്ധ്യാപകരും അഭ്യുദയകാംക്ഷികളും, ജനപ്രതിനിധികളും ഒരുമിച്ച് പ്രവർത്തിക്കുവാൻ വേണ്ട വേദികൾ ഒരുക്കുക.

10. അദ്ധ്യാപകർക്ക് വേണ്ട ഇൻ-സർവ്വീസ് കോഴ്സുകൾ നടത്തുക. ഒരു അദ്ധ്യായനവർഷത്തിലേക്ക് വേണ്ട മിനിമം കോഴ്സുകൾ നിശ്ചയിക്കുകയും അത് ഫലപ്രദമായി പൂർത്തിയാക്കാത്ത അദ്ധ്യാപകർക്ക് വാർഷിക ഇൻക്രിമെന്റ് തടയുകയും ചെയ്യുക.

11. ഇൻ-സർവ്വീസ് കോഴ്സുകൾ ഫലപ്രദമായി പൂർത്തിയാക്കുകയും ഒരു അദ്ധ്യായനവർഷത്തിലേക്കുവേണ്ട പരമാവധി കോഴ്സുകൾ പൂർത്തിയാക്കുന്ന അദ്ധ്യാപകർക്ക് അഡീഷനൽ ഇൻക്രിമെന്റ് അനുവദിക്കുകയും ചെയ്യുക.

12. അദ്ധ്യാപകർക്ക് ആവശ്യമായ കൈപുസ്തകം അച്ചടിച്ച് വില ഈടാക്കി വിതരണം ചെയ്യുക. വില ഈടാക്കുന്നതിനാൽ നല്ല ഗുണമേന്മയുള്ള പേപ്പറിൽ ആകർഷകമായി തയ്യാറാക്കി നൽകാവുന്നതാണ്.

13. അദ്ധ്യാപകരുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിന് പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട അസൈൻമെന്റുകൾ എഴുതി തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെടുക. അതിനുവേണ്ട റഫറൻസ് ബുക്കുകളുടെ വിവരം അതാതുവിഷയത്തിലുള്ള കൈപുസ്തകത്തിൽചേർക്കുക. അസൈൻമെന്റുകൾ ഗ്രേഡ് സമ്പ്രദായ ത്തിൽ മൂല്യനിർണ്ണയം ചെയ്യുക. ഓരോ അദ്ധ്യാപകർ ക്കും കിട്ടുന്ന ഗ്രേഡ് അവരവരുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുകയും നിശ്ചിത എണ്ണം 'എ' ഗ്രേഡ് ലഭിക്കുന്ന അദ്ധ്യാപകർക്ക് സാമ്പത്തി കാനുകൂല്യങ്ങൾ നൽകുകയും ചെയ്യാവുന്നതാണ്.

14. പഞ്ചായത്തിലെ ഓരോ സ്കൂളും മേയ്മാസം 20 നു മുൻപു തന്നെ അടുത്ത അദ്ധ്യയനവർഷത്തിലേയ്ക്കുള്ള കലണ്ടർ, ക്ലാസ് ടൈംടേബിൾ എന്നിവ തയ്യാറാക്കി പഞ്ചായത്ത് പ്രസിഡന്റിന് അയക്കുക. അതിൽ നിന്നുള്ള വ്യതിചലനം സൂക്ഷ്മമായി നിരീക്ഷിക്കുക.

15. ഓരോ ടേമിലും പാഠഭാഗങ്ങൾ ഫലപ്രദമായി പഠിപ്പിച്ചു തീർക്കുന്നുണ്ടെന്ന് അക്കാഡമിക് പരിശോധനകളിലൂടെ ഉറപ്പുവരുത്തുക. എ.ഇ.ഒ യുടെയും ഡി.ഇ.ഒ യുടെയും ടൂർപ്രോഗ്രാം ഒരുമാസം മുൻപേ തയ്യാറാക്കുകയും ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റിനും ജില്ലാ പഞ്ചായത്തു പ്രസിഡന്റിനുംഅതിൻെറ കോപ്പികൾ അയയ്ക്കേണ്ടതുമാണ്. പ്രസ്തുത പ്രോഗ്രാം അനുസരിച്ച് അക്കാഡമിക് ഇൻസ്പെക്ഷൻ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

16. പ്രധാന അദ്ധ്യാപകൻ തന്നിലർപ്പിച്ചിട്ടുള്ള

ഉത്തരവാദിത്വം മററദ്ധ്യാപകരുടെ സഹായത്താൽ പൂർണ്ണമാക്കാൻ ആത്മാർത്ഥമായി ശ്രമിക്കേണ്ടതാണ്.

17. അദ്ധ്യാപകരുടെ കർത്തവ്യം പഠിപ്പിക്കലാണ്. ആ കർമ്മത്തിൽ അവർ വ്യാപൃതരാകേണ്ടതാണ്. അല്ലാതുളള ഏതൊരു പ്രവർത്തനവും ഒഴിവുസമയങ്ങ ളിൽ ചെയ്യാൻ സന്മനസ്സ് കാണിക്കണം. സ്കൂളിലെ മററു കാര്യങ്ങളിൽ ക്ലാസു സമയത്ത് അദ്ധ്യാപകർ ഇടപെട്ട് കുട്ടികളെ പഠിപ്പിക്കാതെ പോകുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്.

18. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിൽ കൂട്ടായ ഒരു തീരുമാനം എടുത്ത് അത് ഫലപ്രാപ്തിയിലെത്തിക്കാൻ മിക്ക അദ്ധ്യാപികമാരും ശ്രദ്ധിക്കുന്നില്ല. പലപ്പോഴും ഇതെല്ലാം പ്രധാന അദ്ധ്യാപകൻെറ മാത്രം ചുമതലയാണെന്നുളള മട്ടിലാണ് ഇവർ പെരുമാറിക്കാണുന്നത്. ഇത് അപലപനീയമാണ്. ആയതിനാൽ രാഷ്ട്രീയ-മത-ജാതി- ലിംഗ ഭേദമന്യേഅദ്ധ്യാപകസമൂഹം ഒരുമിച്ചുനിന്ന് ഒരു സ്കൂളിൻെറ നാനാവിധത്തിലുളള ഉയർച്ചയ്ക്ക് പ്രവർത്തിഎടുക്കേണ്ടതാണ്.

19. പഞ്ചായത്തിലെ നിവാസികളും വിദ്യാഭ്യാസ വകുപ്പിൽ നിന്നും റിട്ടയർ ചെയ്തവരുമായ വ്യക്തികളെയും, വിദ്യാഭ്യാസത്തിൽ താല്പര്യമുളള വ്യക്തികളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി പഞ്ചായത്തു പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ ഒരു വിദ്യാഭ്യാസക്കമ്മിററി രൂപീകരിക്കാം. ഈ കമ്മിററിക്ക് പഞ്ചായത്തിലെ എല്ലാ സ്കൂളുകളുടെയും പഠന നിലവാരം വിലയിരുത്തുവാൻ അധികാരമുണ്ടാകണം. ഓരോ ടേമിലെയും പരീക്ഷ കഴിഞ്ഞ ഉടനെ കമ്മിററി കൂടി സ്ഥിതി വിശകലനം ചെയ്യേണ്ടതാണ്.

20. ഓരോ സ്കൂളും സ്ഥിതി ചെയ്യുന്ന വാർഡിലെ പഞ്ചായത്ത് മെമ്പർ അതാതു അദ്ധ്യാപക-രക്ഷകർത്തൃ സമിതിയിൽ അംഗമായിരിക്കേണ്ടതാണ്.

21. സ്കൂളുകളോടനുബന്ധിച്ചുളള സഹകരണ സംഘങ്ങളുടെ ചുമതല സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ ഏല്പിക്കുക. അതിന് നിർവ്വാഹമി ല്ലെങ്കിൽ പെയ്ഡ് സെക്രട്ടറിയെ വയ്ക്കുന്നതിനെ കുറിച്ച് ആലോചിക്കുക. അതിനും സാദ്ധ്യത കുറവാണെങ്കിൽ സംഘത്തിൻെറ പ്രവർത്തന സമയം പഠനത്തിന് ഭംഗം വരാതെ നിശ്ചയിക്കേണ്ടതാണ്.



# 4 കുടിവെള്ളവും പൊതുജനാരോഗ്യവും

വായു കഴിഞ്ഞാൽ ജീവൻ നിലനിർത്തുന്നതിന് ആവശ്യമായ ഘടകമാണ് ജലം. മനുഷ്യന്റെ ഭൗതികമായ വളർച്ചക്കും നേട്ടങ്ങൾക്കും അവൻ ജലത്തോടു കടപ്പെട്ടിരിക്കുന്നു. കൃഷി, കന്നുകാലി വളർത്തൽ, ഭക്ഷണം പാകം ചെയ്യൽ, വസ്ത്രങ്ങൾ ശുചിയാക്കൽ, യന്ത്രങ്ങൾ പ്രവർത്തിപ്പിക്കൽ, വൈദ്യുതി ഉൽപ്പാദനം ഗതാഗതം തുടങ്ങി ജീവിതത്തിന്റെ എല്ലാ മേഖലയിലും ജലത്തെ നാം ആശ്രയിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പ്രാചീന സംസ്കാരത്തിന്റെ ഉദയം തന്നെ നദീതടങ്ങളിലായിരുന്നു.

മനുഷ്യ ശരീരത്തിന്റെ പ്രവർത്തനങ്ങൾക്കും വളർച്ചക്കും ജീവന്റെ നിലനിൽപ്പിനും ശുദ്ധജലം അനിവാര്യമാണ്. അതുകൊണ്ട് ശുദ്ധമായ കുടിവെള്ളം ആരോഗ്യത്തിന് ആവശ്യമാണ്. ശുദ്ധമായ കുടിവെള്ളം ലഭ്യമാകാതിരുന്നാൽ ജലജന്യങ്ങളായ മാരകമായ രോഗങ്ങൾക്ക് വഴിവയ്ക്കും. കൊതുകുകൾ വഴി പലരോഗങ്ങളും പരക്കുകയും ചെയ്യും.

ഈ സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിലെ കുടിവെള്ളത്തെയും പൊതുജനാരോഗ്യത്തെയും കുറിച്ച് പരിശോധിക്കാം. മുൻകാലങ്ങളിലെ ചികിത്സാരീതികൾ പ്രകൃതിജന്യമായ സാഹചര്യങ്ങൾക്ക് അനുസൃതമായിരിന്നു. പഞ്ചായത്തിൽ പ്രകൃതിദത്തമായ ജലസ്രോതസുകളാണ്. കുടിവെള്ളത്തിനായി ഉപയോഗിച്ചിരുന്നത്. കുളം, കിണർ, തോടുകൾ എന്നിവ ഇതിനായി ഉപയോഗിച്ചിരുന്നു. അക്കാലത്ത് മലിനീകരണപ്രക്രിയ തീരെ ഇല്ലായിരുന്നു എന്നുപറയാം. ഭൂരിപക്ഷം വീടുകളിലും കിണറുകൾ ഉണ്ടായിരുന്നില്ലെങ്കിലും കുളങ്ങളെയും മറ്റു വീടുകളിലെ കിണറുകളെയും ജനങ്ങൾ ആശ്രയിച്ചിരുന്നു.

പൊതുജനാരോഗ്യത്തിനായി മുൻകാലങ്ങളിൽ നമ്മുടെ നാട്ടിൽ ആധുനിക ചികിത്സാരീതികൾ നിലവിലിരുന്നതായി പറയപ്പെടുന്നില്ല. പ്രാചീന നാട്ടുചികിത്സാരീതികൾ, ആയുർവ്വേദ നാട്ടുവൈദ്യന്മാർ, വീടുകളിലെ ചികിത്സാരീതികൾ എന്നിവയാണ് നിലവിലിരുന്നത്. കാലാനുസൃതമായി ആധുനിക ചികിത്സാരീതികളും നമ്മുടെ ഗ്രാമത്തിലേക്ക് കടന്നുവന്നു. തൈക്കാട് ആശുപത്രി, മെഡിക്കൽകോളേജ്, ജനറൽ ആശുപത്രി തുടങ്ങിയ ആരോഗ്യകേന്ദ്രങ്ങളെയാണ് നാട്ടുകാർ ആശ്രയിച്ചിരുന്നത്. പ്രസവത്തിനും അനന്തര ചികിത്സകൾക്കുമായിട്ടാണ് പ്രധാനമായും ഇവയെ ആശ്രയിച്ചിരുന്നത്. വീടുകളിലാണ് ഭൂരിപക്ഷം പ്രസവങ്ങളും നടന്നിരുന്നത്. 'വയറ്റാട്ടി'യുടെ സേവനം മാത്രം ഇവക്കായി ഉപയോഗിച്ചിരുന്നു. ആധുനിക ചികിത്സാരീതിയുടെ അഭാവത്തിൽ അത്യാഹിതങ്ങൾ ഉണ്ടാകുമായിരുന്നെങ്കിലും ഇന്നത്തേതിനേക്കാൾ പ്രശ്നരഹിതമായിരുന്നുവത്രെ അന്നത്തെ ചികിത്സാരീതികൾ. പ്രകൃതിദത്തമായ ചികിത്സാരീതികളും പരിരക്ഷകളും വ്യക്തികളുടെ ആരോഗ്യത്തിന് പരിരക്ഷ ലഭിച്ചിരുന്നുവത്രെ.

**കുടിവെള്ളം**

അഴൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളത്തിനായി നാം ആശ്രയിക്കുന്നത് പ്രധാനമായും കിണറുകൾ, കുളങ്ങൾ എന്നിവയെയാണ്. വളരെ ന്യൂനപക്ഷം ജനങ്ങൾക്ക് മാത്രം പൊതുജലവിതരണപദ്ധതി ഉപകരിക്കുന്നു. ഭൂരിപക്ഷം വീടുകളിലും കിണറുകൾ ഉണ്ട്. ചെറിയ ശതമാനം കുടുംബങ്ങൾക്ക് സ്വന്തം കിണറുകളില്ല. അവർ പൊതുകിണറുകളെയും മററു വീടുകളിലെ കിണറുകളെയും പൊതുടാപ്പുകളെയും ആശ്രയിക്കുന്നു. കുഴൽക്കിണറുകൾ നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല.

36 പൊതുകിണറുകളും 7 കുളങ്ങളും 12 കുളിക്കടവുകളും നിലവിലുണ്ട്. പൊതുകിണറുകളിൽ ഭൂരിപക്ഷവും ഉപയോഗയോഗ്യമാണ്. ചില കിണറുകൾ അററകുററപണികൾ നടത്തി കുടിവെള്ളം ലഭ്യമാക്കാവുന്നതാണ്. പൊതു കുളങ്ങളും കുളികടവുകളും കാർഷികവൃത്തിക്കായും കുളിക്കാനും വസ്ത്രങ്ങൾ ശുചിയാക്കാനുമായി ഉപയോഗിക്കുന്നു. ഇവയിൽ ചിലതിനെ കുടിവെള്ള

ലഭ്യതയ്ക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. 1, 2, 3, 5, 9, 10 വാർഡുകളിൽ ഭാഗികമായി ഓരുകയററമുണ്ട്. 3, 5, 6 വാർഡുകളിലാണ് കുടിവെള്ളക്ഷാമം രൂക്ഷം.

മൂന്നു ജലവിതരണപദ്ധതികൾ പഞ്ചായ ത്തിൽ നിലവിലുണ്ട്. വക്കം-അഞ്ചുതെങ്ങ് പദ്ധതി ഒന്നാം വാർഡിൽ മാത്രം ജലവിതരണം നടത്തുന്നു. അഴൂർ പഞ്ചായത്ത് റൂറൽ വാട്ടർ സപ്ലൈസ്കീമാണ് മററു വാർഡുകളിൽ ജലം എത്തിക്കാനുള്ളത്. കോളിച്ചിറ - ശാർക്കര ജലവിതരണപദ്ധതി നമ്മുടെ പഞ്ചായത്തിൽ ജലവിതരണം നടത്തുന്നില്ല.

അഴൂർ കടവിൽ കായലിൽ കൂടി താഴ്ത്തിയിട്ടുള്ള പൈപ്പിൽ കൂടിയാണ് ഒന്നാം വാർഡിൽ ശുദ്ധജലമെത്തിക്കുന്നത്. ഈ പൈപ്പിന് കേടുപാട് പററിയിട്ടുണ്ട്. അനധികൃത മണലൂററ് കാരണമാണിത്. അതുകൊണ്ട് അഴൂർ കടവ് മുതൽ മുതലപ്പൊഴി വരെയുള്ള അനധികൃത മണലൂററ് തടഞ്ഞ് കായലിൽക്കൂടി താഴ്ത്തിയിട്ടുള്ള പൈപ്പ് സംരക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം പൈപ്പിന് കേടുപാട് സംഭവിച്ച് ജലവിതരണം തടസ്സപ്പെടും.

അഴൂർ പഞ്ചായത്ത് റൂറൽ വാട്ടർ സപ്ലൈസ്ക്കീമാണ് മററു വാർഡുകളിൽ ജലവിതരണം നടത്തുന്നത്. ഈ പദ്ധതി കാര്യമാത്രപ്രസക്തമായ ഉപയോഗം മാത്രമേ ചെയ്യുന്നുള്ളൂ. ദിനംപ്രതി രണ്ട് മണിക്കൂറുകൾ മാത്രമേ ഗാന്ധിസ്മാരകത്തിലെ ജലസ്രോതസ്സിൽ നിന്നും ജലം പമ്പുചെയ്യാൻ കഴിയുന്നുള്ളൂ. 60 പൊതുടാപ്പുകളാണ് നിലവിലുള്ളത്. 25 ഓളം വീടുകണക്ഷനുകൾ നിലവിലുണ്ട്.

കോളിച്ചിറയിൽ നിന്നും ജലം പമ്പ് ചെയ്ത് ചിറയിൻകീഴ് പഞ്ചായത്തിൽ എത്തിക്കുന്ന പദ്ധതി നിലവിലുണ്ട്. അഴൂർ പഞ്ചായത്തിലെ മണ്ണാംകുളത്തിൽ നിന്നുമാണ് ജലം പമ്പു ചെയ്യുന്നതെങ്കിലും അതിന്റെ പ്രയോജനം പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നില്ല. ചില പൊതുടാപ്പുകൾ ഉണ്ടെന്നുമാത്രം. ഈ പദ്ധതിയെ ഗ്രാമപഞ്ചായത്തിന് പ്രയോജനപ്പെടുത്തണം.

മൂന്നു ജലവിതരണപദ്ധതികൾ നിലവിലു ണ്ടെങ്കിലും കുടിവെള്ളമെത്തിക്കാൻ ഇവ അപര്യാപ്തമാണ്. വേനൽക്കാലത്ത് ജലവിതരണം നാമമാത്രമാണ്. കേടുപാടുകൾ യഥാസമയം തീർക്കാത്തതുമൂലം ജലം പാഴായി പോകുന്നുണ്ട്. പൈപ്പുജലം പാഴാക്കി കളയുന്ന ശീലവും ജനങ്ങൾക്കുണ്ട്. ഇതിനായി ബോധവൽക്കരണം നടത്തേണ്ടത് ആവശ്യമാണ്. ശുദ്ധജലവിതരണ പദ്ധതിയും പൊതുകിണറുകളും സംരക്ഷി ക്കുന്നതിനായി പൊതുജനപങ്കാളിത്തത്തോടെ ജനകീയസമിതികൾ രൂപീകരിക്കണം.

### സാനിട്ടേഷൻ

പഞ്ചായത്തിൽ ഭൂരിപക്ഷം വീടുകളിലും കക്കൂസുകളുണ്ട്. ദുർബലജനവിഭാഗങ്ങളുടെ ഭവനങ്ങളിലാണ് കക്കൂസ് നിലവിലില്ലാത്തത്. ജനകീയപങ്കാളിത്തത്തോടെ ഡച്ച് - ഡാനിഷ് സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന സാനിട്ടേഷൻ പ്രോഗ്രാം നിലവിലുണ്ട്. സോഷ്യോഎക്കണോമിക് യൂണിററും (വാട്ടർ അതോറിററി) ഗ്രാമപഞ്ചായത്തും സംയുക്തമായി നടപ്പിലാക്കുന്ന സാനിട്ടേഷൻ സ്കീം ഗ്രാമപഞ്ചായത്തിൽ കക്കൂസ് നിർമ്മാണരംഗത്ത് വമ്പിച്ച മുന്നേററം ഉണ്ടാക്കിയിട്ടുണ്ട്. 94- ലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അന്നു നടത്തിയ സർവ്വേയിൽ 1942 വീടുകളിൽ കക്കൂസ് ഇല്ലാത്തതായി കണ്ടു. ഇതിൽ 673 പേർക്ക് S E U കക്കൂസ് നിർമ്മിച്ചു നൽകി. 200 വീടുകളിൽ കപ്പാർട്ടിന്റെ സഹായത്തോടെയും മററ് ഏജൻസി കൾ മുഖാന്തിരം 100 കക്കൂസുകളും നിർമ്മിച്ചു നൽകി. ശേഷിക്കുന്ന കുടുംബങ്ങൾക്കായി 15 ലക്ഷം രൂപ ചെലവിൽ S E U വിന്റെ ആഭിമുഖ്യത്തിൽ 500 കക്കൂസുകൾ നിർമ്മിച്ചു നൽകുന്നതിനായി അനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണത്തിന്റെ 40% S E U വും 40% പഞ്ചായത്തും 20% ഗുണ ഭോക്താവും വഹിക്കണം. ഈ പദ്ധതി നടപ്പിലാ കുമ്പോൾ അഴൂർ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ സാനിട്ടേഷൻ സൗകര്യമുള്ള പഞ്ചായത്തായി മാറും.

## പൊതുജനാരോഗ്യം

ഗാന്ധിസ്മാരകം പ്രൈമറി ഹെൽത്ത് സെന്റർ, മൂന്നുമുക്ക് ആയുർവേദഡിസ്പൻസറി, മാടൻവിള ഹോമിയോ ഡിസ്പൻസറി, അഴൂർ, മാടൻവിള സബ്സെന്ററുകൾ എന്നിവയടങ്ങുന്നതാണ് പഞ്ചായത്തിലെ ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനം. 4 സ്വകാര്യ ആശുപത്രികളും നിലവിലുണ്ട്. 1972 ലാണ് PHC പ്രവർത്തനം ആരംഭിച്ചത്. 79- ൽ ആയുർവേദ, ഹോമിയോ ഡിസ്പൻസറികൾ നിലവിൽ വന്നു. PHC യ്ക്കും സബ്സെന്ററുകൾക്കും മാത്രമേ സ്വന്തം കെട്ടിടമുള്ളൂ.

ആയുർവേദ, ഹോമിയോ ഡിസ്പൻസറികൾ വാടകകെട്ടിട ത്തിലാണ് പ്രവർത്തിക്കുന്നത്.
ഇവയ്ക്ക് സ്വന്തം കെട്ടിടം നിർമ്മിക്കണം. ഹോമിയോ ആശുപത്രിക്കായി സ്ഥലം വാങ്ങിയിട്ടുണ്ട്. പക്ഷേ ചുററുമതിൽ പോലും നിർമ്മിച്ചിട്ടില്ല. PHC യിൽ കെട്ടിടങ്ങൾ - ക്വാർട്ടേഴ്സ് ഉൾപ്പെടെ - നിലവിലുണ്ടെങ്കിലും രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് പുതിയകെട്ടിടവും ചുററുമതിലും നിർമ്മിക്കണം.

| വർഷം | P.H.C | ആയുർവേദം |
|---|---|---|
| | ഔട്ട്പേഷ്യന്റ് എണ്ണം | ഔട്ട്പേഷ്യന്റ് എണ്ണം |
| 1992-93 | 17135 | 26765 |
| 93-94 | 14720 | 22437 |
| 94-95 | 14812 | 20139 |
| 95-96 | 14456 | 19650 |

ചികിത്സക്കായി എത്തുന്ന രോഗികളുടെ എണ്ണം പരിശോധിച്ചാൽ സർക്കാർ ആശുപത്രിയിൽ വരുന്ന രോഗികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാം. (പട്ടിക പരിശോധിക്കുക) ചികിത്സാ സൗകര്യങ്ങളുടെ കുറവും PHC ൽ ഡോക്ടർ ഇല്ലാതിരിക്കുകയും ചെയ്യുന്നു എന്നതാണ് ഇതിനു കാരണമായി കാണുന്നത്.

കുടുംബക്ഷേമ പദ്ധതിയിൽ വരുന്ന ദമ്പതികൾ സ്ഥിരമായ സന്താനനിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നവരാണ്. കുട്ടികളുടെ ജനനനിരക്കും മരണനിരക്കും സംസ്ഥാനശരാശരിയോടൊപ്പമാണ്. ജലജന്യരോഗങ്ങൾ, വായുജന്യരോഗങ്ങൾ, പ്രാണിജന്യരോഗങ്ങൾ തുടങ്ങിയ പകർച്ചവ്യാധികൾ നിലനിൽക്കുന്നുണ്ട്.

കയർ തൊഴിലാളികൾക്ക് ത്വക്രോഗവും ആസ്മാരോഗവും വ്യാപകമായി കണ്ടുവരുന്നതായി കാണുന്നു. ഇതു സംബന്ധിച്ച് വിശദമായ സർവ്വേ നടത്തണം.

### പ്രശ്നങ്ങൾ

1. PHC യിൽ നിന്നും ആവശ്യത്തിന് മരുന്നു ലഭിക്കുന്നില്ല.
2. ആരോഗ്യസംബന്ധമായ ക്ലാസുകൾ നടക്കുന്നില്ല.
3. PHC യിൽ യഥാസമയം ഡോക്ടർ ഉണ്ടാകാറില്ല.
4. പോഷകാഹാരം അങ്കണവാടികൾ വഴി ലഭ്യമായിട്ടും അതിന്റെ രൂക്ഷത നിലനിൽക്കുന്നു.
5. PHC യിൽ രോഗികളെ കിടത്തി ചികിത്സി ക്കാനുള്ള സൗകര്യങ്ങൾ ഇല്ല.
6. ഒന്നാം വാർഡിലെ PHC സബ്സെന്ററിലെ പുതിയ കെട്ടിടത്തിൽ വൈദ്യുതി കിട്ടാത്തതിനാൽ ഉപയോഗിക്കുന്നില്ല.
7. നിലവിലുള്ള പൊതുകിണറുകൾ പൂർണ്ണമായും ഉപയോഗക്ഷമമല്ല.
8. ഭൂരിപക്ഷം പ്രദേശത്തും കുടിവെള്ളക്ഷാമം രൂക്ഷമാണ്.
9. പൊഴിമൂടുന്ന സന്ദർഭങ്ങളിൽ കൊതുകുശല്യം രൂക്ഷമാണ്.
10. അനധികൃത മണലൂററ് തുടരുന്നു.
11. പൊതുശ്മശാനം ഇല്ല.
12. വൃത്തിഹീനമായ സാഹചര്യങ്ങളിൽ മൃഗങ്ങളെ കൊല്ലുകയും മാംസവിതരണം നടത്തുകയും ചെയ്യുന്നു.

### സാദ്ധ്യതകൾ

1. ഗ്രാമപഞ്ചായത്തിനുമാത്രമായി ഒരു ജലവിതരണ പദ്ധതി സാദ്ധ്യമല്ല. അതിനാൽ വക്കം - അഞ്ചുതെങ്ങ് പദ്ധതി വിപുലീകരിക്കണം. റൂറൽ വാട്ടർസപ്ലൈസ്കീമും, കോളിച്ചിറ സ്കീമും കാര്യക്ഷമമാക്കണം. അഴൂർ പഞ്ചായത്തിലേയ്ക്ക് വ്യാപിപ്പിക്കണം.
2. പൊതുകിണറുകൾക്കും പൊതുടാപ്പുകൾക്കും ജനകീയപങ്കാളിത്തത്തോടെ സംരക്ഷണസമിതികൾ രൂപീകരിക്കുക.
3. നിലവിലുള്ള (മാർത്താണ്ഡംകോണം, വേലന്റെ കോണം etc.) ജലസ്രോതസ്സുകൾ ഉപയോഗിച്ച് പൊതുകിണറുകൾ നിർമ്മിക്കുക.
4. ഗ്രാമപഞ്ചായത്തിൽ പൈപ്പുലൈനുകൾ എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിലേക്ക് പൈപ്പുലൈൻ നീട്ടുക.
5. PHC ന്റെ ജനകീയസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

6. മാടൻവിള PHC സബ്സെൻററിൽ വൈദ്യുതി ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കണം.

7. PHC ൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുവേണ്ട സൗകര്യം ഒരുക്കുക.

8. ഹോമിയോ - ആയുർവേദ ആശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കുക.

9. ആരോഗ്യക്ലാസുകൾ നടത്തുകയും ക്ലാസുകൾ നടക്കുന്നതായി ഉറപ്പുവരുത്തുകയും ചെയ്യുക.

10. മൂന്നുമാസത്തിലൊരിക്കൽ ഗൃഹസന്ദർശനം നടത്തുകയും ഇവയെ സംബന്ധിച്ച് ഉറപ്പുവരുത്താൻ വിലയിരുത്തൽ നടത്തുകയും ചെയ്യുക.

11. അടിയന്തിരസന്ദർഭങ്ങളിൽ ഡോക്ടറുടെ സേവനം ലഭിക്കുന്നതിനായി PHC ക്വാർട്ടേഴ്സിൽ ഡോക്ടർ താമസിക്കുന്നതിനായി നടപടി സ്വീകരിക്കുക.

12. PHC, ഹോമിയോ ആശുപത്രി, ചുററുമതിൽ നിർമ്മിക്കുക.

13. പകർച്ചവ്യാധികൾ തടയുന്നതിനായി മഴ പെയ്തു കഴിഞ്ഞാൽ (ഇടവപ്പാതി - തുലാവർഷം) പഞ്ചായത്തിലെ കിണറുകളിൽ ക്ലോറിനേഷൻ നടത്തുക. ഇതിനായി സ്ഥിരം പദ്ധതി തയ്യാറാക്കണം.

14. 1000 ൽ താഴെ വീടുകളിൽ മാത്രമാണ് കക്കൂസില്ലാത്തത്. അവശേഷിക്കുന്ന വീടുകളിൽ കൂടി കക്കൂസ് നിർമ്മിച്ച് അഴൂർ ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ സാനിട്ടേഷൻ സൗകര്യം ലഭ്യമാക്കണം.

15. ചിറയിൻകീഴ് താലൂക്ക് ആശുപത്രിയാണ് നമുക്ക് ആധുനിക ചികിത്സാ സൗകര്യം ലഭ്യമാക്കുന്നത്. അതിനാൽ താലൂക്ക് ആശുപത്രിയിൽ അതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

16. പൊതുശ്മശാനം സ്ഥാപിക്കണം.

17. സ്ലാട്ടർ ഹൗസ് സ്ഥാപിക്കണം.

18. ജനകീയ പങ്കാളിത്തത്തോടെ ആയുർവേദ ഔഷധത്തോട്ടം വച്ചു പിടിപ്പിക്കുക. അതിൻെറ ആവശ്യകതയെക്കുറിച്ചും, ഗുണങ്ങളെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുക.

19. ആയുർവേദഡിസ്പൻസറി ആശുപത്രിയായി ഉയർത്തുക.

20. സ്ത്രീ - ബാലരോഗചികിത്സ, പഞ്ചകർമ്മ ചികിത്സ, മർമ്മം, നേത്രം, വിഷം, സിദ്ധം, പ്രകൃതി ചികിത്സ, യൂനാനി എന്നീ പ്രത്യേകവിഭാഗങ്ങളിൽ പ്രത്യേക ചികിത്സാവിഭാഗം ഏർപ്പെടുത്തണം.





# 5 വ്യവസായം

വ്യവസായ സംരംഭങ്ങൾക്ക് ഏറെ സാധ്യതയുള്ള ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. എന്നാൽ ഈ പ്രദേശത്ത് വൻകിട വ്യവസായങ്ങളോ ആധുനിക വ്യവസായങ്ങളോ നിലവിലില്ല. പരമ്പരാഗതമായ കയർ വ്യവസായം മാത്രമാണ് വ്യാപകമായുള്ളത്. കൈത്തറിവ്യവസായം നാമമാത്രമായിട്ടുണ്ട്. ഈ വ്യവസായങ്ങളൊന്നും ഫാക്ടറി അടിസ്ഥാനത്തിലല്ല നടത്തപ്പെടുന്നത്. ചെറുകിടവ്യവസായങ്ങളായും സഹകരണ അടിസ്ഥാനത്തിലുമാണ് ഇവ നടത്തപ്പെടുന്നത്. പഞ്ചായത്ത് പ്രദേശത്ത് മൊത്തം 7 കയർ വ്യവസായസഹകരണ സംഘങ്ങളും സ്വകാര്യമേഖലയിലുള്ള നിരവധി ചെറുകിട ഉൽപാദന കേന്ദ്രങ്ങളുമുണ്ട്. പഞ്ചായത്തിന് വിശാലമായ കായൽത്തീരമുണ്ട്. കയർ വ്യവസായത്തിന് ആവശ്യമായ അസംസ്കൃത സാധനം പച്ചത്തൊണ്ട് ആണ്. ഇത് പ്രാദേശികമായും ജില്ലയുടെ ഇതരഭാഗങ്ങളിൽ നിന്നുമാണ് ശേഖരിച്ചുവരുന്നത്. വിശാലമായ കായൽത്തീരവും കായൽത്തീരത്തേക്ക് റോഡ് സൗകര്യവും ഉള്ളതിനാൽ മറ്റ്പ്രദേശങ്ങളിൽനിന്നും തൊണ്ട് കൊണ്ടുവന്ന് സംസ്കരിക്കുന്നതിന് വലിയ പ്രയാസം അനുഭവപ്പെടുന്നില്ല. നിലവിൽ അസംസ്കൃതസാധനം ലഭ്യമാകുന്നതിന് വലിയ ബുദ്ധിമുട്ടുമില്ല. വനിതാവ്യവസായ സ്ഥാപനങ്ങൾ ഒന്നും പഞ്ചായത്ത് പ്രദേശത്ത് ഇല്ല. ചെറുകിടമേഖലയിലുള്ള 6 കളിമൺ ഖനന വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിന്റെ VI -ാം വാർഡ് കേന്ദ്രീകരിച്ച് സ്ഥിതിചെയ്യുന്നു. സ്റ്റാൻഡേർഡ് ക്ലേമൈൻസ്, ഗായത്രി മിനറൽസ്, ഭാരതി ക്ലേമൈൻസ്, ആൻസി ക്ലേമൈൻസ്, ഗ്രാന്റ് ക്ലേമൈൻസ്, കേരളാ ഇൻഡസ്ട്രിയൽ പോളിമേഴ്സ് എന്നിവയാണ് അവ. ഇവയെല്ലാം തന്നെ സ്വകാര്യ ഉടമസ്ഥതയിലുള്ളവയാണ്. കളിമണ്ണ് ഖനനം ചെയ്ത് അതുമായി ബന്ധപെട്ട വിദൂരസ്ഥലങ്ങളിലെ കളിമൺ ഉൽപ്പന്നവ്യവസായശാലകളിലേക്ക് കയറ്റി അയക്കുന്ന പ്രവൃത്തി മാത്രമാണ് ഇവിടെ ചെയ്തുവരുന്നത്. ശക്തമായിരുന്ന കൈത്തറി മേഖല ഇന്ന് തകർച്ചയെ നേരിടുന്നു. താഴ്ന്ന കൂലിനിരക്കും ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള ബുദ്ധിമുട്ടും ഉൽപാദനച്ചെലവിലുള്ള വർദ്ധനവുമാണ് ഇതിന് കാരണം.

ഈ പഞ്ചായത്തിൽ വ്യവസായവൽക്കരണം നേരിടുന്ന പ്രധാനപ്രശ്നങ്ങൾ താഴെ പറയും പ്രകാരം പട്ടികപ്പെടുത്താം.

(1) തൊഴിൽ സംരംഭകർക്ക് ആവശ്യമായ പരിശീലനത്തിന്റെഅഭാവം.

(2) വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ സമ്പത്തില്ലായ്മ.

(3) വ്യവസായ സംരംഭങ്ങൾക്ക് വായ്പ നൽകുന്ന ഏജൻസികളെ സംബന്ധിച്ച് അറിവില്ലായ്മ.

(4) വ്യവസായ ലൈസൻസുകൾ ലഭിക്കാൻ കാലതാമസം ഉണ്ടാക്കുന്ന നടപടിക്രമങ്ങൾ.

(5) രൂക്ഷമായ വൈദ്യുതി ക്ഷാമവും വ്യവസായ സംരംഭങ്ങൾക്ക് വൈദ്യുതി യഥാസമയം ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്ന അനാവശ്യമായ നടപടിക്രമങ്ങൾ.

(6) സബ്സിഡി ഉൾപ്പെടെയുള്ള സർക്കാർ ധനസഹായങ്ങൾ യഥാസമയം കിട്ടായ്ക.

(7) ഉൽപ്പാദിപ്പിക്കപ്പെടുന്ന വ്യാവസായികോൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം ഇല്ലായ്മ.

(8) വൻ വ്യവസായങ്ങൾക്ക് സ്ഥലസൗകര്യം ഇല്ലായ്മ.

(9) വ്യവസായസംരംഭകർക്ക് വ്യവസായം നടത്തിക്കൊണ്ട് പോകാൻ പ്രാപ്തിയില്ലായ്മ.

(10) വിദഗ്ധതൊഴിലാളികളുടെ ലഭ്യതക്കുറവ്.

## പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.

1) പുതിയ വ്യവസായ സംരംഭകർക്ക് ഗ്രാമപഞ്ചായത്ത് തലത്തിലോ ബ്ലോക്ക്പഞ്ചായത്ത് തലത്തിലോ പരിശീലനക്ലാസ് സംഘടിപ്പിക്കുക.

2) സഹകരണസ്ഥാപനങ്ങളിൽ നിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വ്യവസായസംരംഭകർക്ക് ലഘുവായവ്യവസ്ഥയിൽ സാമ്പത്തികസഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

3) ഈ മേഖലയിൽ സാമ്പത്തിക സഹായം നൽകുന്ന ഏജൻസികളേയും സ്ഥാപനങ്ങളേയും സംബന്ധിച്ച് വ്യാപകമായ ബോധവൽക്കരണം സംഘടിപ്പിക്കുക.

4) വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പരമാവധി ലഘൂകരിക്കുക.

5) വ്യവസായ ലൈസൻസുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

6) വൈദ്യുതിക്ഷാമവും പവർക്കട്ടും പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് വിഘാതമായ പ്രധാന പ്രശ്നങ്ങളാണ്. വൈദ്യുതി മാനേജ്മെന്റിനെ സംബന്ധിച്ച് ബോധവൽക്കരണം, അനാവശ്യമായ വൈദ്യുതി ദുരുപയോഗം കുറക്കുന്നതിന് പ്രചരണ ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കണം. വ്യവസായ സംരംഭകർക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള സങ്കീർണ്ണമായ നടപടിക്രമങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

7) സർക്കാർ തലത്തിലുള്ള സബ്സിഡി മുതലായവ യഥാസമയം അനുവദിക്കുക.

8) പ്രാദേശികമായി വിപണനസാദ്ധ്യതയുള്ള വ്യവസായ

ങ്ങൾക്ക് മുൻഗണന നൽകുകയും പഞ്ചായത്ത് തലത്തിൽ ഷോറൂമുകളും വിപണനകേന്ദ്രങ്ങളും ആരംഭിക്കുക.

9) സ്ഥലപരിമിതി കൂടി കണക്കിലെടുത്ത് അനുയോജ്യമായ വ്യവസായസംരംഭങ്ങൾ തുടങ്ങുക.

10) ഓരോ വ്യവസായത്തിലുമുള്ള തൊഴിലാളികൾക്കും തൊഴിലുടമകൾക്കും ആവശ്യമായ പരിശീലനങ്ങൾ കാലാകാലങ്ങളിൽ സംഘടിപ്പിക്കുക.

പഞ്ചായത്തിൽ കയർ വ്യവസായത്തിന് ഒരു നൂറ്റാണ്ടിലധികം പഴക്കമുണ്ട്. കയർ വ്യവസായ രംഗത്ത് കയർ വിപണനം നടത്തുന്നതിന് നിലവിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അതാണ് ഈ വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളി. നിരവധി കയർ ഉൽപ്പാദന കേന്ദ്രങ്ങളിൽ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയാണ്. തൻമൂലം ഈ വ്യവസായ രംഗം പ്രതിസന്ധിയിലാണ്. രണ്ട് വർഷങ്ങൾക്ക് മുൻപ് കയറിന് വൻ ഡിമാന്റ് ഉണ്ടായിരുന്ന അവസ്ഥ നിലനിന്നിരുന്നു. ഈ സമയം നിരവധി കയർ വ്യവസായ സംരംഭങ്ങൾ പുതുതായി ഉടലെടുക്കുകയുണ്ടായി. ഒരു വർഷത്തിലേറെയായി കയർ വിപണന സാദ്ധ്യത തീരെ കുറഞ്ഞിരിക്കുന്നു. കയറിന്റെ ഗുണമേൻമ കുറയുകയും വിദേശമാർക്കറ്റുകളിൽ മറ്റുരാജ്യങ്ങളിലെ കയർ ഉൽപ്പന്നങ്ങൾ സ്ഥാനം പിടിക്കുകയും ചെയ്തതാണ് ഇതിനുകാരണമായത്.

ഈ മേഖലയിൽ പണിയെടുക്കുന്നവർ കൂടുതലും സ്ത്രീകളാണ്. ഇവർക്ക് ലഭിക്കുന്ന ഒരു ദിവസത്തെ വേതനം തൊണ്ടുതല്ലുന്നതിന് 25 രൂപയും കയർ പിരിക്കുന്നതിന് 31 രൂപയുമാണ്. ഇത് ഒരു തൊഴിലാളിയെ സംബന്ധിച്ചിടത്തോളം വളരെ അപര്യാപ്തമാണ്.

## കയറുൽപ്പന്ന നിർമ്മാണകേന്ദ്രം

കയർവ്യവസായരംഗത്തെ വിപണന സാദ്ധ്യത കുറഞ്ഞത് പരിഗണിച്ച് ഈ വ്യവസായത്തെ സംരക്ഷിച്ച് നിർത്തുന്നതിന്വേണ്ടി കയർഫെഡിന്റെ സഹകരണത്തോടെ സർക്കാർ തലത്തിൽ സംഭരണകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്നിരുന്നാലും സ്ഥായിയായ പരിഹാരമാർഗ്ഗമെന്ന നിലയിൽ കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു വ്യവസായസ്ഥാപനം പഞ്ചായത്ത് തലത്തിൽ ആരംഭിക്കേണ്ടതാണ്. ചവിട്ടുമെത്ത, കയർപായ്, കയർമാറ്റ് തുടങ്ങിയവ നിർമ്മിക്കുന്ന ഒരു ചെറുകിടവ്യവസായ സ്ഥാപനമാകാം. സഹകരണാടിസ്ഥാനത്തിലോ കയർഫെഡിന്റെ സഹായത്താലോ ആകാവുന്നതാണ്.

## കയർപിരി ഉപകരണങ്ങളുടെ ആധുനികവൽക്കരണം

തൊണ്ട് തല്ലുന്നതിന് ഇന്ന് തൊഴിലാളികളെ സുലഭമായി കിട്ടുന്നില്ല. ഈ മേഖലയിലെ കൂലിക്കുറവും തൊഴിലാളികൾക്ക് ഈ മേഖല അനാകർഷകമാക്കിയിട്ടുണ്ട്. കൂലിക്കുറവ് പരിഹരിക്കുന്നതിന് നിലവിലുള്ള കയർപിരിറാട്ടുകളുടെയും മറ്റും ആധുനികവൽക്കരണം കൊണ്ട് പ്രതിദിന ഉൽപ്പാദന വർദ്ധനവ് വരുത്താവുന്നതാണ്. യന്ത്രവൽകൃത റാട്ടുകൾ സ്ഥാപിച്ച് പ്രതിദിനമുള്ള ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിലൂടെ തൊഴിലാളികളുടെ വേതനത്തിൽ വർദ്ധനവുണ്ടാകുന്നു.



## കയർ അനുബന്ധവ്യവസായം

ഈ വ്യവസായത്തിൽ നിന്നുള്ള അവശിഷ്ടമായ ചകിരിച്ചോറ്(ചേറ്) പരിസരമലിനീകരണവും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. ചകിരിച്ചോറ് വൻതോതിൽ കൂട്ടിയിടുന്നത് കാരണം മണ്ണിന്റെ ഘടനയിൽ മാറ്റം വരുകയും കാർഷികമേഖലയിൽ ഉൽപ്പാദനക്ഷമത കുറയുന്നതായും അനുഭവമുണ്ട്. പഞ്ചായത്തിലെ 1,2,7,9,10 വാർഡുകളിൽ ചകിരിച്ചോറ് കായൽത്തീരത്ത് കൂട്ടിയിടുകയും കായലിന്റെ വിസ്തൃതി കുറഞ്ഞുവരികയും ചെയ്യുന്നു. ഇത് നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നതിലുപരി കായലിന്റെ ആവാസവ്യവസ്ഥയ്ക്ക് തന്നെ തടസം സൃഷ്ടിക്കുന്നുണ്ട്.

കയർവ്യവസായത്തെ സംബന്ധിച്ച് ചകിരിച്ചോറ് വ്യാവസായികാവശിഷ്ടമാണെങ്കിലും ഇത് അസംസ്കൃത വസ്തുവാകുന്ന മറ്റു വ്യവസായമേഖലകളുണ്ട്. ചകിരിച്ചോറും ചിരട്ടയും ചേർത്ത് പൊടിച്ചുണ്ടാക്കുന്ന മിശ്രിതം മൈക്കനിർമ്മാണത്തിനായി ഉപയോഗിക്കുന്നുണ്ട്. വളരെ കുറഞ്ഞ മൂലധനമുടക്കിൽ ഈ മിശ്രിതമുണ്ടാക്കി കയറ്റി അയക്കുന്ന വ്യവസായം ആരംഭിക്കാവുന്നതാണ്.

ചകിരിച്ചോറ് രാസപ്രക്രിയയിലൂടെ ജൈവവളമാക്കി മാറ്റുന്ന ടെക്നോളജി ഇന്ന് ലഭ്യമാണ്. അത്തരം ജൈവവളത്തിന് പ്രാദേശികമായി തന്നെ വൻവിപണന സാദ്ധ്യതയുണ്ട്. അപ്രകാരം ചകിരിച്ചോറുപയോഗിച്ച് ജൈവവളനിർമ്മാണ വ്യവസായം ആരംഭിക്കാവുന്നതാണ്.



ചേറ് കുന്നുകൂട്ടിയിട്ടിരിക്കുന്നു

## കൈത്തറിയുടെ ആധുനികവൽക്കരണം

കാൽനൂറ്റാണ്ടു മുമ്പ്വരെ വളരെ വ്യാപകമായിരുന്ന കൈത്തറി വ്യവസായം പാടെ തകർന്നിരിക്കുന്നു. മുട്ടപ്പലം പ്രദേശത്ത് (വാർഡ് 5) പലവീടുകളിലായി ഉദ്ദേശം മുപ്പതോളം തറികളിൽ നാടൻകൈത്തറി ഉൽപ്പാദനം നടന്നുവരുന്നു. ഇവയെല്ലാം ഉടമസ്ഥർ സ്വന്തമായി അദ്ധ്വാനിച്ചാണ് നടത്തിപ്പോരുന്നത്. നാടൻ കൈത്തറി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരക്കുറവും വിദേശനിർമ്മിത തുണികളുടെ വൻതോതിലുള്ള വരവും തൊഴിലാളികളുടെ വേതന ക്കുറവുമാണ് പ്രധാനമായും ഈ വ്യവസായത്തിന്റെ തകർച്ചക്ക് കാരണമായിട്ടുള്ളത്. ഈ വ്യവസായം അഭിവൃദ്ധി പ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരി ക്കേണ്ടതാണ്.

1. ഗുണനിലവാരമുള്ള തുണിത്തരങ്ങൾ ഉൽപ്പാദിപ്പിക്കുക
2. ഉൽപ്പാദനച്ചെലവ് കുറയ്ക്കുക
3. ദിനംപ്രതിയുള്ള ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക

മേൽപ്പറഞ്ഞ ഗുണഫലങ്ങൾ ലഭിക്കുമാറ് നില വിലുള്ള നാടൻകൈത്തറികളുടെ ആധുനികവൽക്കരണം നടത്തേണ്ടതാണ്.

## കൈത്തറി തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

കൈത്തറി തൊഴിലാളികൾക്ക് നിരവധി ആനു കൂല്യങ്ങൾ നൽകുന്ന കേന്ദ്ര- സംസ്ഥാന സർക്കാർ പദ്ധതി കൾ നിലവിലുണ്ട്. ഇത്തരം ആനുകൂല്യങ്ങൾ തൊഴിലാളി



നാടൻ കൈത്തറി

കൾക്ക് യഥാസമയം ലഭിക്കുന്നില്ല. ഈ പഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലാളിക്ക്പോലും ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിച്ചതായി അറിവില്ല. ഇത്തരം ആനുകൂല്യങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

## കളിമൺ വ്യവസായം

പഞ്ചായത്ത് പ്രദേശത്ത് നിലവിൽ 6 കളിമൺ ഖനനകേന്ദ്രങ്ങൾ ഉണ്ട് എന്ന് പ്രസ്താവിച്ചുവല്ലോ. സർക്കാർവക ഭൂമി ഒരു നിശ്ചിതകാലയളവിലേയ്ക്ക് പാട്ടത്തിനെടുത്താണ് സ്റ്റാൻന്റേർഡ് ക്ലേമൈൻസ് കളിമണ്ണ് ഖനനം ചെയ്ത് കയറ്റി അയക്കുന്നത്. മറ്റുള്ളവയെല്ലാം സ്വകാര്യ ഉടമസ്ഥതയിലുള്ളവയാണ്. നിലവിലുള്ള ക്ലേമൈൻസുകളിൽ ചിലവയെങ്കിലും പരിസ്ഥിതി പ്രശ്നം ഉണ്ടാക്കുന്നുണ്ട്. സ്റ്റാൻന്റേർഡ് ക്ലേമൈൻസ് നിയന്ത്രണമില്ലാതെ വളരെയധികം താഴ്ചയിൽ ഖനനം ചെയ്യുന്നതുമൂലം പരിസരപ്രദേശത്തുള്ള കെട്ടിടങ്ങളുടെയും സർക്കാർവക സ്കൂളിന്റെയും നിലനിൽപ്പിനുതന്നെ ഭീഷണിയായിട്ടുണ്ട്. കളിമണ്ണ് ഖനനം ചെയ്യുമ്പോഴുള്ള പാഴ്മണ്ണ് അവിടെത്തന്നെ നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ അതിനു പകരം അതും വിറ്റു കാശാക്കുകയാണ്. വളരെ താഴ്ചയിൽ ഖനനം ചെയ്യുന്നതുമൂലം പരിസരപ്രദേശത്തുള്ള കിണറുകളിലെ ജലലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്. ഖനനം ചെയ്യുമ്പോൾ ലഭിക്കുന്ന താണതരം കളിമണ്ണും, പാഴ്മണ്ണും സമീപപ്രദേശത്തെ നിലങ്ങളിൽ നിക്ഷേപിക്കുന്നതുകാരണം അവിടം കൃഷിയോഗ്യമല്ലാതായിട്ടുണ്ട്. മഴക്കാലത്ത് ഈ മണ്ണ് മറ്റുസ്ഥലങ്ങളിലേയ്ക്ക്കൂടി ഒലിച്ചിറങ്ങി ആ പ്രദേശമാകെത്തന്നെ കൃഷിയോഗ്യമല്ലാതായിട്ടുണ്ട്. കളിമണ്ണ് ഖനനവുമായി ബന്ധപ്പെട്ട ഇത്തരത്തിലുള്ള പരിസ്ഥിതിപ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.

## കളിമൺ ഉൽപ്പന്നനിർമ്മാണശൃംഖല

മേൽപ്പറഞ്ഞ 6 സ്ഥലങ്ങളെകൂടാതെ പഞ്ചായത്ത് പ്രദേശത്ത് മറ്റു പലസ്ഥലങ്ങളിലും കളിമണ്ണ് ലഭിക്കാൻ ഇടയുള്ളതായി മനസിലാക്കുന്നു. കൂടാതെ സമീപ പഞ്ചായത്തുകളിൽ പല സ്ഥലങ്ങളിലും കളിമണ്ണ് ലഭ്യതയുണ്ട്. ഇക്കാര്യത്തിൽ ജിയോളജിക്കൽ സർവ്വേ വകുപ്പ് പര്യവേഷണം നടത്തിവരുന്നുണ്ട്. ഈ പ്രദേശത്തെ കളിമണ്ണിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് കളിമൺ ഉൽപ്പന്നങ്ങളുടെ വൻകിട വ്യവസായ ശൃംഖല സർക്കാർ തലത്തിൽ ആരംഭിക്കുവാൻ സാദ്ധ്യതയുണ്ട്.

## ഭക്ഷ്യോൽപ്പന്ന നിർമാണം, വിപണനം

വിവിധയിനം കറി പൗഡറുകൾ, അച്ചാറുകൾ, വറ്റലുകൾ, പലഹാരങ്ങൾ തുടങ്ങിയ ഭക്ഷ്യപദാർത്ഥങ്ങൾക്ക് പഞ്ചായത്തിൽ വിപണന സാദ്ധ്യത വളരെയുണ്ട്. ഇത്തരം സാധനങ്ങൾക്ക് ഇന്ന് ജനപ്രീതി ഏറിവരുകയുമാണ്. മേൽ പറഞ്ഞ ഭക്ഷ്യസാധനങ്ങളിൽ ഗാർഹികമായി തയ്യാറുക്കുന്നതിന് വലിയ ഡിമാന്റുണ്ട്. പഞ്ചായത്തിലെ തൊഴിലില്ലാത്ത വനിതകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് കറി പൗഡറുകൾ, അച്ചാറുകൾ, വിവിധയിനം വറ്റലുകൾ, വിനാഗിരി, പലഹാരങ്ങൾ, ജാം തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ തയ്യാറാക്കി വിപണനം ചെയ്യുന്നതിന് പ്രത്യേകപരിശീലനം നൽകണം. പരിശീലനം ലഭിച്ച വനിതകൾ സ്വന്തം വീടുകളിൽ തയ്യാറാക്കുന്ന ഭക്ഷ്യസാധനങ്ങൾ പഞ്ചായത്തുതലത്തിൽ ഒരു കേന്ദ്രത്തിൽ സംഭരിച്ച് വിപണനം നടത്തുന്ന പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. ഇതേ പദ്ധതി പ്രകാരംതന്നെ വീടുകളിൽ ഫീനൈയിൽ, തേങ്ങാവെള്ളം ഉപയോഗിച്ച് ശീതളപാനീയങ്ങൾ, സ്ക്വാഷ് തുടങ്ങിയവ നിർമ്മിച്ച് വിതരണം ചെയ്യാവുന്നതാണ്.



കളിമണ്ണ് വളരെ ആഴത്തിൽ കുഴിച്ച് പാഴ്മണ്ണ് സമീപപ്രദേശത്തെ കൃഷിയിടങ്ങളിൽ നിക്ഷേപിക്കുന്നു.

## ഔട്ട്‌വർക്കർ പ്രൊഡക്ഷൻ സ്കീം (O.P.S)

കേരളത്തിലെ ചിതറിക്കിടക്കുന്ന മനുഷ്യവാസഘടന, വർദ്ധിച്ച ജനസാന്ദ്രത, സ്ഥലസൗകര്യമില്ലായ്മ എന്നിവ കണക്കിലെടുക്കുമ്പോൾ വികേന്ദ്രീകൃത ഉൽപ്പാദന സംമ്പ്രദായം യോജിച്ചതാണ്. ഒരു മാതൃ സ്ഥാപനവും അതിനെ ചുറ്റിപ്പറ്റിയുള്ള ഗാർഹിക ഉൽപ്പാദനകേന്ദ്രങ്ങളുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ ഉൽപ്പാദനം നടത്തുന്ന ഒരു മാതൃകയെ ഔട്ട് വർക്കർ ഉൽപ്പാദനം എന്നുപറയുന്നു.




ഔട്ട്‌വർക്കർ ഉല്പാദന സമ്പ്രദായം

ഈ സമ്പ്രദായപ്രകാരം പ്രാദേശികമായി സംഭരിക്കാവുന്ന അസംസ്കൃതസാധനങ്ങൾ കൂടി ഉപയോഗിച്ച് ഗാർഹികയായി ഉൽപ്പന്നഭാഗങ്ങൾ നിർമ്മിക്കുന്നു. ഗാർഹികമായി നിർമ്മിക്കുന്ന ഉൽപ്പന്നഭാഗങ്ങൾ മറ്റ് അസംസ്കൃതസാധനങ്ങൾ കൂടി സംയോജിപ്പിച്ച് അന്തിമ ഉൽപ്പന്നമാക്കി രൂപപ്പെടുത്തി മാതൃസ്ഥാപനത്തിലൂടെ വിപണനം ചെയ്യുന്നു. മാതൃസ്ഥാപനത്തിൽ ഉൽപ്പന്നത്തിന്റെ ഡിസൈൻ, നവീകരണം, ഫൈനൽ അസംബ്ലിംഗ്, അസംസ്കൃത സാധനങ്ങൾ തെരഞ്ഞെടുക്കൽ, ഗാർഹിക ഉൽപ്പാദകർക്ക് പരിശീലനം, ഉൽപ്പന്നങ്ങളുടെ വിപണനം എന്നീ ചുമതലകൾ നിർവ്വഹിക്കപ്പെടുന്നു. ഈ ഉൽപ്പാദന സമ്പ്രദായത്തിന് നിരവധി പ്രത്യേകതകൾ ഉണ്ട്.

1. സാങ്കേതികവും ഗുണമേന്മയും സംബന്ധിച്ച് മാതൃസ്ഥാപനത്തിന് പൂർണ്ണശ്രദ്ധ കേന്ദ്രീകരിക്കാം.
2. കെട്ടിടം തുടങ്ങിയ അനാവശ്യമായ സ്ഥാവരവസ്തുക്കൾ ഒഴിവാക്കാം.
3. കൂട്ടായ പ്രവർത്തന ശൈലിയ്ക്ക് സാധാരണഗതിയിൽ വിഘാതമാവുന്ന മനുഷ്യാവാസഘടനയുടെ ഗുണപരമായ ഉപയോഗം.
4. ഉൽപ്പാദന പ്രക്രിയയിൽ ഒരു വ്യക്തിയുടേതിനുപകരം ഒരു കുടുംബത്തിന്റെ മൊത്തമായ പങ്കുചേരൽ.

## റെഡിമെയ്ഡ് വസ്ത്രനിർമ്മാണകേന്ദ്രം

റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് വലിയ ഡിമാന്റുള്ള കാലമാണിത്. അതുകാരണം സാധാരണ നാട്ടിൻപുറത്തുള്ള തയ്യൽ തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നു. പലരും ആ തൊഴിൽ മേഖല ഉപേക്ഷിച്ച് മറ്റുമേഖലകൾ തേടിപ്പോകുന്ന അവസ്ഥയാണ്. പഞ്ചായത്തുതലത്തിൽ തയ്യൽതൊഴിലാളികളെ ഏകോപിപ്പിച്ച് വിപണിയിലെ മാറ്റങ്ങൾക്ക് അനുസൃതമായി വിദഗ്ദ്ധപരിശീലനം നൽകി റെഡിമെയ്ഡ് ഗാർമെന്റ്സ് ഉൽപ്പാദനത്തിനും വിപണനത്തിനുമായി പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. നിരവധിപേർക്ക് തൊഴിൽ നൽകുവാനും വരുമാന വർദ്ധനവ് ഉണ്ടാക്കുവാനും ഈ പദ്ധതി ഉപകരിക്കുന്നു.

## തെങ്ങിൻതടി ഉപയോഗിച്ച് ഫർണിച്ചറുകളും കരകൗശലവസ്തുക്കളുടേയും നിർമ്മാണം

പഞ്ചായത്തുപ്രദേശത്ത് തെങ്ങിൻതടിയും മറ്റ് തെങ്ങുൽപ്പന്നങ്ങളും സുലഭമായി ലഭിക്കും। തെങ്ങിൻതടി ഉപയോഗപ്പെടുത്തി ഫർണിച്ചറുകളും മറ്റുതെങ്ങുൽപ്പന്നങ്ങൾ ഉപയോഗിച്ച് കൗതുകവസ്തുക്കളും നിർമ്മിക്കുന്ന യൂണിറ്റുകളാരംഭിക്കാം. ഈ മേഖലകളിൽ പ്രവർത്തിയെടുക്കുന്നതിന് പ്രാപ്തരായ തൊഴിലാളികൾ പഞ്ചായത്തുപ്രദേശത്തുണ്ട്. അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകി ഈ രംഗത്ത് ഉപയോഗപ്പെടുത്താവുന്നതാണ്.

## കെട്ടിടനിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദന യൂണിറ്റുകൾ

പഞ്ചായത്തിൽ ഓരോവർഷവും പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം നിലവിലുള്ളകെട്ടിടങ്ങളുടെ ശരാശരി 5% വരും. ഇത് ഉദ്ദേശം 200ൽ അധികമാണ്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് കെട്ടിടനിർമ്മാണ സാധനങ്ങളുടെ ലഭ്യത ഇല്ലയെന്നുതന്നെ പറയാം. പാറതല്ലി കെട്ടിട നിർമ്മാണത്തിനാവശ്യമായ ചല്ലിയാക്കൽ പഞ്ചായത്തിലെ ചില കേന്ദ്രങ്ങളിൽ കുടിൽ വ്യവസായമായി നടന്നുവരുന്നു. ആ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്കാവശ്യമായ സഹായപദ്ധതികൾ ആവിഷ്കരിക്കണം. കൂടാതെ സിമന്റ്കട്ടകൾ **(Hollow Briks)** നിർമ്മിക്കുന്ന ചെറുകിടവ്യവസായ സംരംഭങ്ങൾക്ക് പ്രോൽസാഹനം നൽകുന്ന സ്കീമുകൾ ആവിഷ്കരിക്കണം.

## ചന്ദനത്തിരി, സോപ്പ്, കുട നിർമ്മാണയൂണിറ്റുകൾ

വളരെ കുറഞ്ഞ മൂലധന മുതൽമുടക്കിൽ ആരംഭിക്കാവുന്ന ചെറുകിട കുടിൽ വ്യവസായമേഖലകളാണ് ചന്ദനത്തിരി, സോപ്പ്, കുട എന്നിവയുടെ നിർമ്മാണം. തൊഴിൽ രഹിതരായ യുവതിയുവാക്കൾക്ക് പരിശീലനം നൽകി ചന്ദനത്തിരി, സോപ്പ്, കുട എന്നിവയുടെ നിർമ്മാണത്തിന് ചെറുകിടയൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രോൽസാഹനം നൽകുന്ന പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

## സഹകരണാടിസ്ഥാനത്തിൽ ഈറ, ചൂരൽ വ്യവസായ യൂണിറ്റുകൾ

ഈറ, ചൂരൽ വ്യവസായ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള നിരവധി തൊഴിലാളികൾ പഞ്ചായത്തുപ്രദേശത്തുണ്ട്. ആവശ്യത്തിന് ഈറയും ചൂരലും ലഭ്യമാകാത്തതുകാരണം ഇവർ തൊഴിൽ രഹിതരാണ്. ഈറ, ചൂരൽ എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന വീട്ടുപകരണങ്ങൾ നിത്യോപയോഗ സാധനങ്ങളാണ്. ഇവയ്ക്ക് പ്രാദേശികമായി ദൗർലഭ്യമുണ്ട്. ഈ വിഭാഗം തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഈറ, ചൂരൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് രൂപം നൽകാവുന്നതാണ്. അപ്രകാരം സഹകരണാടിസ്ഥാനത്തിൽ തൊഴിലാളികളെ സംഘടിപ്പിച്ച് നിർമ്മാണം ആരംഭിക്കുന്നപക്ഷം ഈറയും മറ്റും സബ്സിഡി നിരക്കിൽ ബാംബൂ കോർപ്പറേഷനിൽ നിന്നും മറ്റും ലഭ്യമാക്കാൻ കഴിയും.

## ഇലക്ട്രോണിക് ചോക്ക്, ഫാൻ, റെഗുലേറ്റർ തുടങ്ങിയവയുടെ നിർമ്മാണം

വലിയ മുതൽ മുടക്കില്ലാതെതന്നെ ഇലക്ട്രോണിക് ചോക്ക്, ഫാൻ, റെഗുലേറ്റർ, എമർജെൻസി ലാംബ്, ഇലക്ട്രോണിക് ഓവർലോഡ് കട്ട് ഓഫ് എന്നീ ചെറുതരം ഇലക്ട്രോണിക് സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ചെറുകിട വ്യവാസായയൂണിറ്റുകൾ ആരംഭിക്കാം. ഇവയ്ക്ക് അനർട്ട്, **I.R.E.P**, തുടങ്ങിയ ഏജൻസികളുടെ സഹായം ലഭ്യമാകുന്നതാണ്.

### സ്റ്റീൽ ഫർണീച്ചർ യൂണിറ്റ്

നാഗത്തകിട്, പൈപ്പ് എന്നിവ ഉപയോഗിച്ച് അലമാര, കസേര, തുടങ്ങിയ സ്റ്റീൽ ഫർണീച്ചറുകൾ പ്രാദേശികമായി നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് പ്രോൽസാഹന പദ്ധതികൾ ആവിഷ്കരിക്കാം.

### കാലിത്തീറ്റ മിക്സിംഗ് ആന്റ് പാക്കിംഗ് യൂണിറ്റ്

പഞ്ചായത്ത് പ്രദേശത്ത് കന്നുകാലി പരിപാലനത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു പ്രധാന പ്രശ്നം കാലിത്തീറ്റയുടെ ദൗർലഭ്യവും വില വർദ്ധനവുമാണ്. കാലിത്തീറ്റയുടെ ചേരുവകൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാവുന്നതാണ്. ചേരുവകളിൽ ചിലവ പ്രാദേശികമായും സംഭരിക്കാവുന്നതുമാണ്. അപ്രകാരം കാലിത്തീറ്റയുടെ ചേരുവകൾ പ്രത്യേകം പ്രത്യേകം വാങ്ങി കാലിത്തീറ്റ നിർമ്മിക്കുന്ന സംരംഭങ്ങളെക്കുറിച്ച് പരിശോധിക്കാവുന്നതാണ്. അങ്ങനെ തയ്യാറാക്കുന്ന കാലിത്തീറ്റ ഇന്നുള്ള വിലയെക്കാൾ 40% വിലകുറച്ച് കർഷകർക്ക് നൽകാൻ കഴിയും.

### റബർതടി സംസ്കരണ യൂണിറ്റ്.

പ്ലാന്റേഷൻ കോർപ്പറേഷനുമായി സഹകരിച്ച് റബർതടി സംസ്ക്കരണശാല സ്ഥാപിക്കാവുന്നതാണ്. സംസ്കരിച്ച റബർതടി, ഈട്ടി, തേക്ക്, പ്ലാവ്, എന്നീ ഈടുറ്റ തടികൾപോലെ ദീർഘകാലം നിലനിൽക്കുന്നു. സഹകരണാടിസ്ഥാനത്തിൽ ഒരു ഫാക്ടറി VI -ാം വാർഡിൽ സ്ഥാപിക്കാനുള്ള സാധ്യതയുണ്ട്.

### കിഴങ്ങുവർഗ്ഗ ഉല്പന്ന യൂണിറ്റ്.

കിഴങ്ങുഗവേഷണകേന്ദ്രവുമായി ബന്ധപ്പെട്ട് മരച്ചീനിയിൽ നിന്ന് കാലിത്തീറ്റ, മറ്റ് ഉപോൽപ്പന്നങ്ങൾ എന്നിവയുണ്ടാക്കുന്ന പ്രോജക്ടുകൾ ലഭ്യമാകും. അവയിൽ അനുയോജ്യമായവ നടപ്പിലാക്കാൻ ശ്രമിക്കാവുന്നതാണ്.

### വ്യവസായ വികസന സമിതി.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സമഗ്ര വ്യവസായവികസനം നടപ്പിലാക്കുന്നതിനുവേണ്ടി പഞ്ചായത്ത്തലത്തിൽ വ്യവസായവികസനസമിതി രൂപീകരിക്കണം. ഈ സമിതിയിൽ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, വ്യവസായ സംരംഭകർ, സാങ്കേതികവിദഗ്ദ്ധർ, തൊഴിലാളിപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തണം.

## അഴൂർ ടൂറിസ്റ്റ് വില്ലേജ്.

ചേതോഹരമായ ഭൂപ്രകൃതികൊണ്ട് അനുഗൃഹീതമാണ്



പെരുങ്ങുഴി മാടൻവിള കടത്ത്

കേരളം. വിദേശ - തദ്ദേശീയ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന പ്രകൃതിദൃശ്യങ്ങൾകൊണ്ട് സമ്പന്നമായ ഈ പഞ്ചായത്ത് പ്രദേശത്തെ ടൂറിസംവ്യവസായ സാദ്ധ്യത അവഗണിക്കാവുന്നതല്ല. കഠിനംകുളം കായലിന്റെ വലിയൊരു ഭാഗം നമ്മുടെ പഞ്ചായത്ത് പ്രദേശത്താണ്. I -ാംവാർഡും ഇതരഭാഗങ്ങളും തമ്മിൽ വേർതിരിക്കുന്ന ഈ കായൽഭാഗങ്ങൾ ദൃശ്യസുന്ദരമാണ്. ഇരുവശങ്ങളിലുമായി ഇടതൂർന്ന് നിൽക്കുന്ന പുഷ്ടിയേറിയ തെങ്ങുകളുടെ ദൃശ്യം വിനോദസഞ്ചാരികളിൽ കൗതുകമുണർത്തുമെന്നതിൽ സംശയമില്ല. വർഷങ്ങൾക്കുമുൻപ് നിലവിലുണ്ടായിരുന്ന ആലപ്പുഴ - തിരുവനന്തപുരം ജലപാത ഇതുവഴി കടന്നുപോകുന്നു. കടലിന്റെ സാമീപ്യവും മുതലപ്പൊഴിയും ഈ പ്രദേശത്തെ വിനോദസഞ്ചാര സാദ്ധ്യതയ്ക്ക് ബലമേകുന്നു.

അഴൂർക്കടവ് പാലം നിർമ്മിക്കുന്നതിനുള്ള ശുപാർശ ഇപ്പോൾതന്നെ നിലവിലുണ്ട്. കയർ വ്യവസായവുമായി ബന്ധപ്പെട്ട തൊണ്ട്തല്ലൽ, കയർപിരിവ് എന്നിവയുടെ ദൃശ്യങ്ങൾ വിനോദസഞ്ചാരികളെ ആകർഷിക്കും. പെരുങ്ങുഴി രാജരാജേശ്വരി ക്ഷേത്രത്തോടനുബന്ധിച്ചുള്ള അഗ്നിക്കാവടി ചരിത്രപ്രസിദ്ധമാണ്. ഇത് വിദേശസഞ്ചാരികൾക്ക് അത്യന്തം കൗതുകകരമായിരിക്കും. കെട്ടുവള്ളം, ബോട്ട് എന്നിവയിലൂടെയുള്ള യാത്രകൾക്കും ജലകേളികൾക്കും സൗകര്യപ്രദമായ ഭൂപ്രകൃതിയാണ് പെരുങ്ങുഴി, മാടൻവിള, അഴൂർ ഭാഗങ്ങളിലുള്ളത്. മേൽക്കാര്യങ്ങളെല്ലാം പരിശോധിക്കുമ്പോൾ പെരുങ്ങുഴി, മാടൻവിള, അഴൂർ പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ടൂറിസ്റ്റ് ഗ്രാമം നിർമ്മിക്കുന്നതിനുള്ള സാധ്യത ഉണ്ട്.



# 6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ആദ്യകാലങ്ങളിൽ ജനങ്ങൾ റോഡ്നിർമ്മാണത്തെ എതിർത്തിരുന്നു. റോഡുകൾ യക്ഷി സഞ്ചരിക്കുന്ന പാത എന്നായിരുന്നു അന്നത്തെ വിശ്വാസം. മനുഷ്യന്റെ ആവശ്യങ്ങൾ ഏറിയപ്പോൾ അവന് റോഡ് ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമായിത്തീർന്നു. ഈ നൂറ്റാണ്ടിന്റെ ആദ്യം മനുഷ്യൻ സഞ്ചരിച്ചിരുന്നത് കാൽനടയായിട്ടായിരുന്നു. അക്കാലത്ത് ഗതാഗതമാർഗ്ഗങ്ങളെകുറിച്ച് അവൻ അജ്ഞനായിരുന്നു. കാലത്തിന്റെ ഗതി അവനെ അറിവുള്ളവനാക്കിത്തീർത്തു. അവൻ സഞ്ചാരത്തിന് മറ്റുമാർഗ്ഗങ്ങൾ ചിന്തിച്ചുതുടങ്ങി. ആദ്യമായി കുതിരസവാരി ചെയ്യുവാൻ പഠിച്ചു. ആവശ്യങ്ങളേറിവന്നപ്പോൾ അവന്റെ ചരക്കുകൾകൂടി കൊണ്ടുപോകേണ്ടതായി വന്നു. അങ്ങനെ ഗതാഗതത്തിനുമാത്രമല്ല ചരക്കുഗതാഗതത്തിനും മാർഗ്ഗങ്ങൾ അന്വേഷിച്ചുതുടങ്ങി. ചരക്കുകൾ ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് കൊണ്ടുപോകുവാൻ ജലഗതാഗതമാർഗ്ഗമാണ് ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. ജലഗതാഗതമാർഗ്ഗം, വാണിജ്യ-വ്യാവസായിക മേഖലകളിലേക്ക് ചിന്തിക്കുവാൻ സഹായിച്ചു. അതോടുകൂടി വാണിജ്യ-വ്യാവസായിക രംഗങ്ങളിൽ അഭിവൃദ്ധി പ്രാപിച്ചു. ഇന്നും കേരളത്തിന്റെ മിക്ക പ്രദേശങ്ങളിലും ജലഗതാഗതമാർഗ്ഗം ഉപയോഗപ്പെടുത്തിവരുന്നു. ആവശ്യങ്ങൾ വീണ്ടും വർദ്ധിച്ചതോടെ യാത്രയ്ക്കും ചരക്കു ഗതാഗതത്തിനും മറ്റുമാർഗ്ഗങ്ങൾ ചിന്തിക്കുവാൻ തുടങ്ങി. അങ്ങനെ വില്ലുവണ്ടിയും കാളവണ്ടിയും ഉണ്ടായി. ഇതിന്റെ വരവോടെ റോഡുകൾ അത്യാവശ്യമായി തീർന്നു. ഈ കാലഘട്ടത്തിൽ ചെറിയ റോഡുകൾ ആവിർഭവിച്ചു. റെയിൽവെയുടെ വരവ് യാത്രയും ചരക്കുഗതാഗതവും കൂടുതൽ സുഗമമാക്കി. നഗരങ്ങളുടെ ആവിർഭാവത്തോടുകൂടി റോഡുകളുടെ നിർമ്മാണത്തിന് ആക്കം കൂടി. വൻ നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ദേശീയപാതകൾ, മറ്റു ചെറുപട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ജില്ലാറോഡുകൾ, പഞ്ചായത്തിന്റെ വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പഞ്ചായത്തുറോഡുകൾ തുടങ്ങിയവ നിലവിൽവന്നു.

ഇന്ന് ഗതാഗതം മനുഷ്യന്റെ അത്യാവശ്യങ്ങളിൽ ഒന്നുതന്നെയാണ്. അതുകൊണ്ട് ഇന്ന് റോഡിനെ എതിർക്കുന്നവരില്ല. റോഡുകൾ മനുഷ്യന്റെ പുരോഗതിയുടെ മാർഗ്ഗമായി നിലനിൽക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട മൂന്നുഗതാഗതമാർഗ്ഗങ്ങൾ റോഡ്, റെയിൽവേ, ജലമാർഗ്ഗം എന്നിവയാണ്. റോഡുഗതാഗതത്തെയാണ് ജനങ്ങൾ ഏറ്റവുംകൂടുതൽ ആശ്രയിക്കുന്നത്. അഴൂർ പഞ്ചായത്തിൽ താമസിക്കുന്ന 27000ത്തോളം പേർക്ക് സഞ്ചരിക്കുവാൻ ടാറിട്ടതായ P.W.D. റോഡ് വെറും 7 കി.മീ. മാത്രമാണ്. ഇത് 1000 പേർക്ക് ശരാശരി 0.25 കി.മീ. എന്നതോതിലാണെന്നുകാണാം. അതുപോലെ സഞ്ചാരയോഗ്യമല്ലാത്ത പഞ്ചായത്ത് റോഡിന്റെ നീളം 12 കി.മീ. ആയിരിക്കെ അതിൽ മെറ്റൽ ചെയ്ത റോഡ് 7.45 കി.മീ. മാത്രമാണ്. മെറ്റൽ ചെയ്യാത്തതും വെറും മണ്ണുമാത്രം നിരത്തിയ റോഡിന്റെ നീളം 42.500 കി.മീ. ആണ്. പഞ്ചായത്തിലെ റോഡുകളുടെ മൊത്തം നീളം 62 കി.മീ. ആണ്. ദേശീയപാതകൾ ഒന്നുംതന്നെ ഈ പഞ്ചായത്ത് അതിർത്തിയിലൂടെ കടന്നുപോകുന്നില്ല. ഇപ്പോഴത്തെ സ്ഥിതിവിവരക്കണക്കനുസരിച്ച് ഏകദേശം 17.500 കി.മീ. റോഡ് ടാറിട്ട് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. താലൂക്കാശുപത്രി, സബ്റജിസ്ട്രാഫീസ്, കയർ പ്രോജക്ട് ആഫീസ് തുടങ്ങിയവ ചിറയിൻകീഴ് ആസ്ഥാനമാക്കിയാണ് സ്ഥിതിചെയ്യുന്നത്. ഈ പറഞ്ഞ ആഫീസുകളിൽ പോകുന്നതിന് കണിയാപുരത്തുനിന്നും ആരംഭിച്ച് ചിറയിൻകീഴ് അവസാനിക്കുന്ന P.W.D. റോഡിനെയാണ് ആശ്രയിക്കുന്നത്. ഈ റോഡിന്റെ മൊത്തം നീളം ഏകദേശം 15 കി.മീ. ആണ്. ഇതിൽ പഞ്ചായത്തതിർത്തിയിലുള്ള റോഡിന്റെ സ്ഥിതി ആകെ ശോചനീയമാണ്. 10 വർഷത്തിന് മുൻപുണ്ടായിരുന്ന വാഹനത്തിന്റെ എണ്ണത്തെക്കാൾ അഞ്ചിരട്ടി വാഹനങ്ങളുടെ വർദ്ധനവ് ഇപ്പോഴുണ്ടായിട്ടുണ്ട്. വാഹനത്തിന്റെ വർദ്ധനവിനനുസരിച്ചുള്ള റോഡിന്റെ വികസനം ഇതുവരെ നടന്നിട്ടില്ല. 8 മീറ്റർ വീതിയുള്ള P.W.D റോഡിന്റെ ഇരുവശങ്ങളും പൊട്ടിത്തകർന്ന് കഷ്ടിച്ച് ഒരു വാഹനത്തിന് കടന്നുപോകുന്നതിനുള്ള ടാറേ നിലവിലുള്ളൂ. എതിരെ വരുന്ന വാഹനങ്ങൾ കടന്നുപോകുന്നതിന് റോഡിന്റെ ഇരുവശത്തേക്കും വാഹനത്തെ ഇറക്കേണ്ടി വരുന്നു. ഈ സമയം കാൽനടക്കാരേയും സൈക്കിൾ യാത്രക്കാരേയും അപകടപ്പെടുത്തുന്ന തരത്തിലുള്ള അനേകം സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. വാഹനങ്ങളുടെ തിക്കിത്തിരക്കിയുള്ള മൽസരയോട്ടം കാരണം അപകടമരണംവരെ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇത്രയും

തിക്കും തിരക്കും അനുഭവപ്പെടുന്ന ഈ റോഡിലൂടെ യാത്രാസൗകര്യത്തിന് വേണ്ടത്ര ട്രാൻസ്പോർട്ട് സർവ്വീസുകൾ ഇല്ലാത്തതുകാരണം വിദ്യാർത്ഥികളും മറ്റുയാത്രക്കാരും വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നു. ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സ്കൂളുകളിലും മറ്റു ആഫീസുകളിലും അദ്ധ്യാപകർക്കും ഉദ്യോഗസ്ഥർക്കും കൃത്യമായി എത്തിച്ചേരുന്നതിന് വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നു. ഗാന്ധിസ്മാരകത്തിൽ നിന്നും ആരംഭിച്ച് അഴൂർ മാവിന്റെമൂട്ടിൽ അവസാനിക്കുന്ന **P.W.D.** റോഡ് ഗതാഗതയോഗ്യമല്ലാതായി തീർന്നിട്ടുണ്ട്.

ഈ പഞ്ചായത്തിൽക്കൂടി സർവ്വീസ് നടത്തുന്നതിന് റൂട്ട്പെർമിറ്റ് വാങ്ങിയിട്ടുള്ള സ്വകാര്യ ബസുകൾ യഥാസമയങ്ങളിൽ സർവ്വീസ് നടത്തുന്നില്ല. പെരുങ്ങുഴി വഴി സർവ്വീസ് നടത്തേണ്ട **K.M.S., MANKA, HILAL** തുടങ്ങിയ സ്വകാര്യബസുകൾ പെരുങ്ങുഴിയിൽ വരാതിരിക്കുകയോ, എല്ലാ സർവ്വീസുകളും നടത്താതിരിക്കുകയോ ചെയ്യുന്നു. റോഡുകൾ കടന്നുചെല്ലാത്ത നിരവധി പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇത്തരം പ്രദേശങ്ങളിൽ പുതിയ റോഡുകൾ നിർമ്മിക്കേണ്ടതുണ്ട്. പല റോഡുകൾക്കും ചട്ടങ്ങൾ അനുശാസിക്കുന്ന വീതി കിട്ടാത്തതിനാൽ പുനരുദ്ധാരണം നടത്താൻ കഴിയാത്ത സ്ഥിതിയുണ്ട്. മതിലുകളു മറ്റും നിർമ്മിക്കുമ്പോൾ അതിനോട് ചേർന്ന റോഡുകൾക്ക് ആവശ്യമായ സ്ഥലം വിടുന്നതിന് ഉടമകൾ താൽപ്പര്യപ്പെടുന്നില്ല.

ഈ നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ ജനങ്ങൾ യാത്രയ്ക്കും ചരക്കു ഗതാഗതത്തിനുമായി ജലമാർഗ്ഗമാണ് ഉപയോഗിച്ചിരുന്നതെന്ന് സൂചിപ്പിച്ചുവല്ലോ. തെക്ക് തിരുവനന്തപുരം ചാക്കയിൽനിന്നും വടക്ക് ആലപ്പുഴവരെ നീണ്ടുകിടക്കുന്ന ജലമാർഗ്ഗമാണ് പരമ്പരാഗതമായി നിലനിന്നുപോന്നിരുന്നത്. അതുകൊണ്ടുതന്നെ ജലഗതാഗതത്തിന് വളരെയേറെ പ്രസക്തിയുണ്ടായിരുന്നു. വാണിജ്യവ്യാപാരകേന്ദ്രങ്ങളായ തിരുവനന്തപുരത്തേയും ആലപ്പുഴയേയും ബന്ധിപ്പിച്ചുകൊണ്ടുള്ള വ്യാപാരങ്ങൾ അക്കാലത്ത് നടന്നിരുന്നു. ഈ പ്രദേശങ്ങൾക്കിടയിലുള്ള മറ്റു ചെറു വ്യാപാരകേന്ദ്രങ്ങളുടെ വികാസത്തിനും ഈ മാർഗ്ഗം ഉപകരിച്ചിരുന്നു. എന്നാൽ പിൽക്കാലത്ത് റോഡുകളുടെ വികസനം വന്നതോടുകൂടി ജലഗതാഗതത്തിന്റെ ഉപയോഗം ഗണ്യമായി കുറഞ്ഞു. ജലഗതാഗതത്തിന്റെ ഉപയോഗം കുറഞ്ഞതോടുകൂടി കായലിന്റെ പലഭാഗങ്ങളും ചെളിയും മണ്ണും നിറഞ്ഞ് ആഴം കുറയുകയും ഗതാഗതത്തിന് ഉപയോഗമല്ലാത്ത സ്ഥിതിയുണ്ടാവുകയും ചെയ്തു. ആലപ്പുഴ-തിരുനന്തപുരം ജലപാത പുനരുദ്ധരിക്കുന്ന പക്ഷം ഏറ്റവും കുറഞ്ഞചിലവിൽ ചരക്കു ഗതാഗതവും വിനോദസഞ്ചാരവും സാദ്ധ്യമാകും. പ്രധാനമായി അഴൂർ പഞ്ചായത്ത് ജലഗതാഗതത്തിന് കടത്തുവള്ളങ്ങളേയെയാണ് ഉപയോഗിക്കുന്നത്.

കടത്തുകൾ

1) അഴൂർ-മാടൻവിള കടത്ത് (ഇതിന് ഏകദേശം 150 മീറ്റർ നീളമുണ്ട്)

2) പെരുങ്ങുഴിനേരുകടവ്-പെരുമാതുറ കടത്ത് (ഇതിന് ഏകദേശം 300 മീറ്റർ നീളമുണ്ട്)

3) പെരുങ്ങുഴി കടവ് (ഇതിന് ഏകദേശം 300 മീറ്റർ നീളമുണ്ട്)

ഈ മൂന്നുകടവിലും ഓരോ സർക്കാർ വള്ളമാണ് യാത്രക്കായി ഉപയോഗിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് നേരിട്ട് നടത്തുന്ന ഈ ഗതാഗതം കാര്യക്ഷമമല്ല. അതിനാൽ മറ്റുസ്വകാര്യ വള്ളങ്ങളിൽ യാത്രചെയ്യേണ്ട സ്ഥിതിയുണ്ട്. ഈ കടത്തുകളുടെ നടത്തിപ്പ് പഞ്ചായത്തിന് നൽകുകയും ജീവനക്കാരുടെ സേവനവേതനങ്ങൾ പഞ്ചായത്ത് നേരിട്ടുനൽകുകയും ചെയ്താൽ കാര്യക്ഷമതയില്ലായ്മ ഒരു പരിധിവരെയെങ്കിലും പരിഹരിക്കാൻ സാധിക്കും. കടത്തിന്റെ തീരത്ത് പ്ലേറ്റ്ഫോം ഇല്ലാത്തതിനാൽ യാത്രക്കാർക്ക് വള്ളങ്ങളിൽ കയറുവാൻ ബുദ്ധിമുട്ട് നേരിടുന്നു.

6 കി.മീ. ദൈർഘ്യമുള്ള റെയിൽപാതയാണ് നമുക്കുള്ളത്. രണ്ടു റോഡുകൾ റെയിൽവേ മുറിച്ചു കടക്കുന്നു. ഈ രണ്ടുഭാഗങ്ങളിലും റെയിൽവേ ഗേറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. റെയിൽവേയുടെ രണ്ട് ജീവനക്കാർ ഈ ഗേറ്റു സൂക്ഷിപ്പുകാരായി ജോലിനോക്കുന്നു. പഞ്ചായത്തിന്റെ പത്താം വാർഡിൽ പെരുങ്ങുഴി റെയിൽവേസ്റ്റേഷൻ സ്ഥിതിചെയ്യുന്നു. ഈ റെയിൽവേസ്റ്റേഷനെ ഒരു മൂന്നാംകിട റെയിൽവേസ്റ്റേഷൻ ആയിപോലും റെയിൽവേ വകുപ്പ് അംഗീകരിച്ചിട്ടില്ല. ഇത് സ്വകാര്യ ഉടമ്പടിയിൽ നടത്തുന്ന സ്റ്റേഷനാണ്. ആകയാൽ സ്റ്റേഷന്റെ പുരോഗതി ഇന്നും ഒരു ചോദ്യചിഹ്നമായി നിലനിൽക്കുന്നു. റെയിവേസ്റ്റേഷനുണ്ടെങ്കിലും യാത്രാസൗകര്യം അപര്യാപ്തമാണ്.

പാസഞ്ചർ ട്രെയിനുകൾ മാത്രമേ ഈ സ്റ്റേഷനിൽ നിർത്തുന്നുള്ളൂ. റെയിവേയിൽ ഉണ്ടായ പുരോഗതി ഈ പ്രദേശത്തുകാർക്ക് അനുഭവവേദ്യമല്ല. റെയിൽയാത്രയിലെ നമ്മുടെ പഞ്ചായത്തിലെ റെയിവേസ്റ്റേഷനിലെ മേൽപ്പറഞ്ഞ പരിമിതികൾകാരണം തീവണ്ടിയാത്രക്കാർ സൗകര്യാർത്ഥം അടുത്ത റെയിവേസ്റ്റേഷനുകളായ മുരുക്കുംപുഴയേയും ചിറയിൽകീഴിനേയും ആശ്രയിക്കുന്നു. ഈ കാരണത്താൽ റെയിവേസ്റ്റേഷന്റെ സ്ഥിതിയും മെച്ചപ്പെടുത്തുവാൻ കഴിയാത്ത സ്ഥിതി നിലവിലുണ്ട്. കൂടുതൽ ട്രെയിനുകൾക്ക് പെരുങ്ങുഴി റെയിവേസ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിച്ചാൽ സ്റ്റേഷന്റെ

സ്ഥിതി മെച്ചപ്പെടുത്തുവാൻ സാധിക്കും. ടിക്കറ്റുവിൽപ്പനയ്ക്ക് സ്വകാര്യവ്യക്തിക്ക് നൽകിയിട്ടുള്ള ഉടമ്പടി അവസാനിപ്പിച്ച് ഈ റെയിവേസ്റ്റേഷനെ ഒരു ഫ്ലാഗ്സ്റ്റേഷനായി ഉയർത്തേണ്ടതാണ്. 1978ൽ ഈ റെയിവേസ്റ്റേഷന്റെ പുതിയ മന്ദിരോത്ഘാടനം അന്നത്തെ കേന്ദ്രമന്ത്രി നിർവ്വഹിക്കുമ്പോൾ ഇത് ഒരു ഫ്ലാഗ്സ്റ്റേഷനായിരുന്നു.

പെരുങ്ങുഴി റെയിവേസ്റ്റേഷനിൽ യാത്രക്കാരുടെ സംഖ്യ വർദ്ധിച്ചിട്ടും റെയിൽവേയുടെ ആനാസ്ഥ തുടരുകയാണ്. പാസഞ്ചർ ട്രെയിനുകളിൽ ആവശ്യമായ കംബാർട്ടുമെന്റ് ഇല്ലാത്തതിനാലും, ഉപയോഗയോഗ്യമല്ലാത്ത കംബാർട്ടുമെന്റുകളുള്ളതിനാലും ട്രെയിൻയാത്ര വളരെ ദുഷ്കരമായിട്ടുണ്ട്. ട്രെയിനുള്ളിലെ തിരക്കുകാരണം യാത്രചെയ്യാനാകാതെ യാത്രക്കാർ മടങ്ങിപോകുന്നത് നിത്യസംഭവമാണ്. ചരക്കുഗതാഗതത്തിന് ഈ സ്റ്റഷനിൽ യാതൊരുവിധ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടില്ല.



**പെരുങ്ങുഴി റെയിൽവേസ്റ്റേഷനിൽനിന്നും യാത്രചെയ്യുന്ന ട്രെയിൻ യാത്രക്കാരുടെ എണ്ണം സംബന്ധിച്ച പട്ടിക**

| നിർത്തുന്ന തീവണ്ടികൾ | പ്രതിമാസം ശരാശരി യാത്രചെയ്യുന്നവരുടെ എണ്ണം | | | |
|---|---|---|---|---|
| | ഒന്നാം ക്ലാസ് | രണ്ടാം ക്ലാസ് | സീസൺ ടിക്കേറ്റ് | ആകെ |
| പാസഞ്ചർ ട്രെയിനുകൾ (തിരുവനന്തപുരം-കൊല്ലം, തിരുവനന്തപുരം-കോട്ടയം) | ഇല്ല | 2640 | 30 | 2670 |

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ അംഗീകൃത ബസ്സ്റ്റാന്റോ, ആട്ടോസ്റ്റാന്റോ, ടാക്സീസ്റ്റാന്റോ ഇല്ല. എന്നാൽ പ്രധാന കവലകൾ ആയ പെരുങ്ങുഴി ജംഗ്ഷൻ, അഴൂർ മാവിന്റെമൂട്, മുട്ടപ്പലം ജംഗ്ഷൻ, നാലുമുക്ക് ജംഗ്ഷൻ, ഗാന്ധീസമാരക ജംഗ്ഷൻ എന്നിവിടങ്ങളിൽ റോഡിന്റെ വശങ്ങളിലായി ടാക്സി, ഓട്ടോ എന്നിവ വാടകയോട്ടത്തിനായി പാർക്ക് ചെയ്യുന്നുണ്ട്. വാഹനങ്ങൾ ഈ പ്രധാന കവലകളിൽ പാർക്കുചെയ്യുന്നതിന് കാരണം ട്രാൻസ്പോർട്ട് ബസുകൾ, പ്രൈവറ്റ് ബസുകൾ എന്നിവ കൃത്യമായി വെയിറ്റിംഗ് ഷെട്ടുകളിലും ബസ്റ്റോപ്പുകളിലും നിർത്താറില്ല. അതുകൊണ്ടുതന്നെ മഴക്കാലമായാൽ യാത്രക്കാർ നനഞ്ഞുകൊണ്ടാണ് ബസുകളിൽ കയറിപറ്റുന്നത്. ടാക്സി, ഓട്ടോ മുതലായവ വാടകയ്ക്ക് ഉപയോഗിക്കുമ്പോൾ അമിതമായ തുകയാണ് പലപ്പോഴും യാത്രക്കാരിൽനിന്നും ഈടാക്കുന്നത്. ഇത് പലപ്പോഴും സംഘട്ടനങ്ങളിൽ എത്താറുണ്ട്. ഈ പഞ്ചായത്തിലെ പ്രധാന കവലകളായ പെരുങ്ങുഴി, മുട്ടപ്പലം, മാവിന്റെമൂട്, ഗാന്ധിസ്മാരകം, നാലുമുക്ക് എന്നിവിടങ്ങളിൽ ഏകദേശം 75 ടാക്സികളും 20 ലോറികളും 10 ഓട്ടോറിക്ഷകളും പാർക്ക് ചെയ്യുന്നു. ഇത്രയും വാഹനങ്ങൾ പാർക്കുചെയ്യുന്നതിന് സ്ഥലം പഞ്ചായത്തിൽനിന്നും ലഭ്യമാക്കുകയും ഒരു നിശ്ചിതതുക ഫീസ് ഇനത്തിൽ ഈടാക്കാവുന്നതുമാണ്. പൊതുസ്ഥലം കണ്ടുപിടിച്ച് ലഭ്യമാക്കുന്നതിന് വേണ്ടി വാഹന ഉടമകളുടേയും, പൊതുജനങ്ങളുടേയും ഒരു സമിതി രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം നടത്തുകയും വേണം.

ബസ്റ്റോപ്പുകളിലെ പ്രധാന കേന്ദ്രങ്ങളിലെങ്കിലും വെയിറ്റിംഗ് ഷെട്ടുകൾ നിർമ്മിക്കേണ്ടതാണ്. നിലവിലുള്ള വെയിറ്റിംഗ് ഷെട്ടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കപ്പെടേണ്ടതാണ്. ഈ ഷെട്ടുകൾ പഞ്ചായത്ത് അറ്റകുറ്റപ്പണി ചെയ്യാത്തതുകാരണം വൃത്തിഹീനമായി കിടക്കുന്നു. ഹ്രസ്വദൂരയാത്രകൾക്ക് ടാക്സികളെമാത്രം ആശ്രയിക്കേണ്ട സ്ഥിതിയിൽ മാറ്റം വരുത്തുന്നതിനായി പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ഓട്ടോറിക്ഷകൾക്ക് പെർമിറ്റുകൾ നൽകണം.

1989-90 മുതലാണ് J.R.Y. പദ്ധതി പഞ്ചായത്തുമുഖേന നടപ്പിലാക്കി തുടങ്ങിയത്. ഈ സ്കീമിന്റെ പ്രവർത്തനം പഞ്ചായത്തുതലത്തിൽ കൊണ്ടുവന്നതിനുശേഷമാണ് റോഡുകളുടെ ശോച്യാവസ്ഥയ്ക്ക് ഒരു മാറ്റമുണ്ടായത്.



## അഴൂർ ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള റോഡ്

അവലംബം: ഗ്രാമപഞ്ചായത്ത് റോഡ് രജി:

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം (മീറ്റർ) | വീതി (മീറ്റർ) | റോഡിന്റെ സ്വഭാവം |
|---|---|---|---|---|---|
| I | 1 | കൊട്ടാരംതുരുത്ത് റോഡ് | 470 | 6.0 | മെറ്റൽ |
| | 2. | മാടൻവിള സ്റ്റേഡിയം റോഡ് | 65 | 5.0 | മൺറോഡ് |
| | 3. | മാടൻവിള കുറുവാമൂട് പണയിൽക്കടവ് നിരത്ത് | 575 | 4.0 | മൺറോഡ് |
| | 4 | മാടൻവിള റേഡിയോകിയോസ്ക്-പടിഞ്ഞാറെകടവ് റോഡ് | 400 | 6.0 | മൺറോഡ് |
| | 5 | മാടൻവിള യു.പി. സ്കൂൾ ഇടവഴി | 205 | 3.5 | മൺറോഡ് |
| | 6 | കൊട്ടാരംതുരുത്ത്-പണിമുക്ക്-ചേരമാൻതുരുത്ത് ഇടവഴി | 430 | 2.0 | മൺറോഡ് |
| II | 1 | അഴൂർമിനിസ്റ്റേഡിയം-ഹൈസ്കൂൾ-210 മീറ്റർ ടാർ ചെയ്തു | 345 | 6.0 | ടാർ |
| | 2 | അഴൂർ എൽ.പി.എസ്-കണ്ണങ്കര റോഡ് | 230 | 6.0 | മൺറോഡ് |
| | 3 | അഴൂർക്ഷേത്രം-മേലെവിളാകം ഇടവഴി | 150 | 3.0 | മൺറോഡ് |
| | 4 | അഴൂർ ഏറത്ത് മാടൻനട നിരത്ത് | 320 | 5.0 | മൺറോഡ് |
| | 5 | അഴൂർക്ഷേത്രം-മൂലയിൽനിരത്ത് | 550 | 4.5 | മൺറോഡ് |
| | 6 | അഴൂർ കടവ്-അരിയോട്ടുവിളാകം റോഡ് | 580 | 4.5 | മൺറോഡ് |
| | 7 | അഴൂർ മിച്ചഭൂമി-അരിയോട്ടുവിളാകം റോഡ് | 300 | 4.5 | മൺറോഡ് |
| | 8 | അഴൂർ റെയിൽഗേറ്റ്-മിച്ചഭൂമി നിരത്ത് | 250 | 4.5 | മൺറോഡ് |
| | 9 | അഴൂർ മാർക്കറ്റ്-ചെക്കിട്ടവിള നിരത്ത് | 145 | 4.0 | മൺറോഡ് |
| | 10 | മിച്ചഭൂമി-മൂന്നാറ്റുമുക്ക് കടവ് ഇടവഴി | 290 | 2.0 | മൺറോഡ് |
| | 11 | കാറ്റാടിമുക്ക്-കാട്ടിൽ ചരുവിള ഇടവഴി | 570 | 2.0 | മൺറോഡ് |
| | 12 | ഏറത്ത് മാടൻനട-ഞണ്ണലഴികം ഇടവഴി | 120 | 2.0 | മൺറോഡ് |

## അഴൂർ ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള റോഡ്

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം (മീറ്റർ) | വീതി (മീറ്റർ) | റോഡിന്റെ സ്വഭാവം |
|---|---|---|---|---|---|
| II | 13 | കുളത്തിൻകര-റെയിൽവേ ലൈൻ ഇടവഴി | 150 | 2.0 | മൺറോഡ് |
| | 14 | അഴൂർ കടവ്-കുളത്തിൻകര ഇടവഴി | 500 | 2.0 | മൺറോഡ് |
| | 15 | കാട്ടിൽ ചരുവിള-കുളത്തിൻകര ഇടവഴി | 150 | 2.0 | മൺറോഡ് |
| | 16 | സാമൂഹ്യക്ഷേമകേന്ദ്രം-കുഴിയം ഏലാനിരത്ത് | 200 | 2.0 | മൺറോഡ് |
| | 17 | അഴൂർ മേലെക്കട ഇടവഴി | 130 | 3.5 | മൺറോഡ് |
| | 18 | അഴൂർ കിഴങ്ങുവിളാകം ഇടവഴി | 140 | 2.0 | മൺറോഡ് |
| | 19 | കരിയ്ക്കകം-കുഴിയം ഇടവഴി | 400 | 2.0 | മൺറോഡ് |
| | 20 | അഴൂർ കടവ്- മൂന്നാറ്റുമുക്ക് നിരത്ത് | 550 | 2.0 | മൺറോഡ് |
| | 21 | അഴൂർ-വാറിൽ ഇടവഴി | 200 | 2.0 | മൺറോഡ് |
| | 22 | മല്ലൻവിള ഇടവഴി | 120 | 2.0 | മൺറോഡ് |
| | 23 | കുഴിയം റോഡ് | 220 | 2.0 | മൺറോഡ് |
| III | 1 | കോളിച്ചിറ കാവിന്റെമൂല റോഡ് | 490 | 4.5 | മൺറോഡ് |
| | 2 | കാവിന്റെമൂല ക്ഷേത്രം റോഡ് | 300 | 4.5 | മൺറോഡ് |
| | 3 | ചരുവിള മാടൻവിള-ലക്ഷംവീട് റോഡ് | 810 | 4.5 | മെറ്റൽ |
| | 4 | ചരുവിള കോളനി റോഡ് | 250 | 4.0 | മൺറോഡ് |
| | 5 | തലാപ്പിൽമുക്ക്-കോളിച്ചിറ നിരത്ത് | 420 | 4.0 | മൺറോഡ് |
| | 6 | കോളിച്ചിറ-മുടപുരം റോഡ് | 580 | 6.0 | ടാർ |
| | 7 | ഗണപതിയാംകോവിൽ-തെങ്ങുവിള ഇടവഴി | 310 | 3.0 | മൺറോഡ് |

# അഴൂർ ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള റോഡ്

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം (മീറ്റർ) | വീതി (മീറ്റർ) | റോഡിന്റെ സ്വഭാവം |
|---|---|---|---|---|---|
| | 8 | തെങ്ങറത്തുവിള-പാലവിള ഇടവഴി | 150 | 2.0 | മൺറോഡ് |
| | 9 | പാലവിള-തെങ്ങുവിള റോഡ് | 450 | 2.0 | മൺറോഡ് |
| | 10 | കോളിച്ചിറ-ലക്ഷംവീട് റോഡ് | 100 | 2.5 | മൺറോഡ് |
| | 11 | കാട്ടുവിള ഇടവഴി | 200 | 2.0 | മൺറോഡ് |
| | 12 | വിളയിൽഭാഗം ഇടവഴി | 950 | 6.0 | മൺറോഡ് |
| IV | 1 | പണ്ടാരവിള-ചേമ്പുംമൂല റോഡ് | 780 | 6.0 | 100 മെറ്റൽ 680 മൺറോഡ് |
| | 2 | പെറയ്കയിൽ-ചേമ്പുംമൂല നിരത്ത് | 210 | 4.0 | മൺറോഡ് |
| | 3 | പണ്ടാരവിളലക്ഷംവീട്-പോയ്കവിള നിരത്ത് | 680 | 4.0 | മൺറോഡ് |
| | 4 | കല്ലുവിള-പൊയ്കവിള നിരത്ത് | 200 | 3.0 | മൺറോഡ് |
| | 5 | അഴൂർ ആലുവിളാകം ഇടവഴി | 200 | 2.5 | മൺറോഡ് |
| | 6 | പണ്ടാരവിള-തെങ്ങുവിള ഇടവഴി | 200 | 2.0 | മൺറോഡ് |
| | 7 | പണ്ടാരവിള-ഒറ്റത്തെങ്ങുവിള ഇടവഴി | 150 | 2.0 | മൺറോഡ് |
| | 8 | അഴൂർ മാർക്കറ്റ്-കോളിച്ചിറ റോഡ് | 950 | 6.0 | മൺറോഡ് |
| V | 1 | M.F.A.C - ചേമ്പുംമൂല റോഡ് | 660 | 5.0 | മൺറോഡ് |
| | 2 | മുട്ടപ്പലം-ചേമ്പുംമൂല റോഡ് | 625 | 4.5 | മൺറോഡ് |
| | 3 | മുട്ടപ്പലം-പാനയം റോഡ് | 90 | 3.0 | മൺറോഡ് |
| | 4 | മുട്ടപ്പലം-മൂലയിൽ റോഡ് | 720 | 4.0 | മൺറോഡ് |
| | 5 | മുട്ടപ്പലം മാർക്കറ്റ്-ചിറ്റാരിക്കോണം റോഡ് | 660 | 6.0 | മൺറോഡ് |

## അഴൂർ ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള റോഡ്

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം (മീറ്റർ) | വീതി (മീറ്റർ) | റോഡിന്റെ സ്വഭാവം |
|---|---|---|---|---|---|
| IV | 6 | ചിറ്റാരിക്കോണം-മഠത്തിൽ റോഡ് | 260 | 5.0 | മൺറോഡ് |
| | 7 | മുട്ടപ്പലം-പാറയിൽ റോഡ് | 450 | 6.0 | മൺറോഡ് |
| | 8 | മുട്ടപ്പലം-കുളത്തിനകം റോഡ് | 210 | 3.5 | മൺറോഡ് |
| | 9 | മുട്ടപ്പലം-ശ്രീനാരായണ റോഡ് | 330 | 4.5 | മൺറോഡ് |
| | 10 | മുട്ടപ്പലം-ആൽത്തറമൂട് റോഡ് | 420 | 6.0 | ടാർ |
| | 11 | മുട്ടപ്പലം-ഗണപതിക്ഷേത്രം റോഡ് | 500 | 4.0 | മൺറോഡ് |
| | 12 | മുട്ടപ്പലം-കാഞ്ഞിരവിള നിരത്ത് | 200 | 4.0 | മൺറോഡ് |
| | 13 | മുട്ടപ്പലം കൊച്ചുവീട്ടിൽ റോഡ് | 400 | 3.0 | മൺറോഡ് |
| | 14 | കോളിച്ചിറ-മുട്ടപ്പലം റോഡ് | 570 | 6.0 | ടാർ |
| | 15 | മുട്ടപ്പലം മാർക്കറ്റ്-തെക്കേക്കോണം റോഡ് | 800 | 6.0 | ടാർ |
| | 16 | ഊളൻകുഴി റോഡ് | 470 | 5.0 | മൺറോഡ് |
| | 17. | ഉഗ്രൻകുന്ന് ഇടവഴി | 200 | 3.0 | മൺറോഡ് |
| VI | 1 | ചിലമ്പ്-പറകോണം റോഡ് | 670 | 6.5 | മൺറോഡ് |
| | 2 | പറകോണം-ചരുവിള റോഡ് | 235 | 3.5 | മൺറോഡ് |
| | 3 | ക്ലേ-കന്നുകാലിവനം റോഡ് | 1100 | 6.0 | മെറ്റൽ |
| | 4 | കല്ലുകാട് റോഡ് | 410 | 7.0 | മൺറോഡ് |
| | 5 | കുറക്കട റോഡ്-ലിങ്ക് റോഡ് | 190 | 4.0 | മൺറോഡ് |
| | 6 | കുറക്കട-മരങ്ങാട്ട്കോണം റോഡ് | 960 | 5.5 | മൺറോഡ് |

## അഴൂർ ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള റോഡ്

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം (മീറ്റർ) | വീതി (മീറ്റർ) | റോഡിന്റെ സ്വഭാവം |
|---|---|---|---|---|---|
| | 7 | കുറക്കട-കോർട്ടർത്തല ലിങ്ക്റോഡ് | 330 | 6.0 | മൺറോഡ് |
| | 8 | അങ്കണവാടി-തെറ്റിച്ചിറ ലിങ്ക്റോഡ് | 465 | 5.0 | മൺറോഡ് |
| | 9 | മരങ്ങാട്ടുകോണം-വട്ടപ്പാറ റോഡ് | 900 | 8.5 | മൺറോഡ് |
| | 10 | മാങ്കോട്ടുകോണം നിരത്ത് | 90 | 5.0 | മൺറോഡ് |
| | 11 | മാങ്കോട്ടുകോണം ഇടവഴി | 140 | 4.0 | മൺറോഡ് |
| | 12 | മുട്ടപ്പലം ചന്ത-മാങ്കോട്ട് വട്ടപ്പാറ ലിങ്ക്റോഡ് | 130 | 5.5 | മൺറോഡ് |
| | 13 | കുറക്കട-ഗാന്ധിസ്മാരകം മരങ്ങാട്ടുകോണം റോഡ് | 1000 | 6.0 | ടാർ |
| | 14 | ചിറ്റാരിക്കോണം-കുന്നുംപുറത്ത് റോഡ് | 950 | 5.5 | മൺറോഡ് |
| | 15 | മാതശ്ശേരിക്കോണം-കന്നുകാലിവനം റോഡ് | 2000 | 8.0 | ടാർ |
| | 16 | പൊയ്കവിള-അങ്കണവാടി റോഡ് | 300 | 3.0 | മൺറോഡ് |
| VII | 1 | ചിലമ്പിൽ-ശാസ്താവട്ടം റോഡ് | 450 | 6.0 | മൺറോഡ് |
| | 2 | ചെറുമുട്ടം റോഡ് | 505 | 5.5 | ടാർ |
| | 3 | പാലയ്ക്കൽ റോഡ് | 555 | 3.5 | മൺറോഡ് |
| | 4 | കുന്നുപുറം റോഡ് | 240 | 3.5 | മൺറോഡ് |
| VIII | 1 | പടിഞ്ഞാറ്റതിൽ റോഡ് | 400 | 5.0 | മൺറോഡ് |
| | 2 | ന്യൂവില്ലേജ് റോഡ് | 1010 | 6.5 | മെറ്റൽ |
| | 3 | അക്കരവിള റോഡ് | 735 | 6.0 | മെറ്റൽ |
| | 4 | ചുടുകാട് റോഡ് | 840 | 4.0 | മൺറോഡ് |

## അഴൂർ ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള റോഡ്

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം (മീറ്റർ) | വീതി (മീറ്റർ) | റോഡിന്റെ സ്വഭാവം |
|---|---|---|---|---|---|
| | 5 | തോട്ടുകുഴി നിരത്ത് | 450 | 5.0 | മൺറോഡ് |
| | 6 | പെരുങ്ങുഴി-മാതശ്ശേരിക്കോണം റോഡ് | 1210 | 6.5 | ടാർ |
| | 7 | മുട്ടപ്പലം-പുതുവൽവിള കോളനി റോഡ് | 895 | 3.5 | മൺറോഡ് |
| | 8 | നാലുമുക്ക്-ഗാന്ധിസ്മാരകം റോഡ് | 1326 | 7.0 | ടാർ |
| | 9 | കൊഴിത്തിൽവിള റോഡ് | 480 | 3.5 | മൺറോഡ് |
| | 10 | പടിഞ്ഞാറ്റതിൽ ചെറുകോണം റോഡ് | 480 | 3.5 | മൺറോഡ് |
| | 11 | കാട്ടുവിള റോഡ് | 400 | 3.5 | മൺറോഡ് |
| | 12 | ചരുവിള ഇടവഴി | 700 | 2.0 | മൺറോഡ് |
| IX | 1 | ശ്രീ രാജരാജേശ്വരി റോഡ് | 272 | 5.5 | ഗ്രാവൽ<br>32 മീ. ടാർ |
| | 2 | നേരുകടവ് റോഡ് | 540 | 5.5 | ഗ്രാവൽ |
| | 3 | മണ്ണീർവിളാകം റോഡ് | 160 | 5.5 | ഗ്രാവൽ |
| | 4 | കാക്കർവിളാകം റോഡ് | 530 | 5.5 | ഗ്രാവൽ |
| | 5 | തോപ്പിൽ റോഡ് | 450 | 4.0 | ഗ്രാവൽ |
| | 6 | കോളത്ത് ബണ്ട്റോഡ് | 450 | 4.0 | ഗ്രാവൽ |
| | 7 | തണ്ണീർക്കോണം റോഡ് | 860 | 5.5 | ഗ്രാവൽ |
| | 8 | നാലുമുക്ക് ഇടഞ്ഞുംമൂല റോഡ് | 119 | 6.0 | ടാർ |
| | 9 | പെരുങ്ങുഴി പ്ലാങ്കാല റോഡ് | 535 | 4.0 | മൺറോഡ് |
| | 10 | ബാബുതീയേറ്റർ റോഡ് | 90 | 4.0 | മെറ്റൽ |